“ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ”

Kshatra Sandesam
Quarterly News Magazine of
Kshatriya Kshema Sabha
Oct - Dec 2008
Me 1183 Kanni - Vrichikam
Volume 8 Issue 3

ക്ഷാത്രസന്ദേശം
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ഒക്ടോബർ – ഡിസംബർ 2008
1183 കന്നി –വൃശ്ചികം
വാല്യം 8, ലക്കം 3

# ക്ഷാത്രസന്ദേശം

## വിഷയവിവരം

പത്രാധിപക്കുറിപ്പ് ..... 1
വായനക്കാരുടെ കത്തുകൾ ..... 2
മഹിളാരത്നങ്ങൾ
**കെ. സി. ശ്രീദേവിവർമ്മ** ..... 3
Kaṇāda - Ancient Atomist Philosoper Scientist 4
**Dr. K.P. Rajappan**
പ്രഭാകരവർമ്മയുടെ പ്രഭ ചൊരിയുന്ന സംഗീതം
എന്റെ അനുഭവത്തിലൂടെ ..... 5
**പ്രൊഫ. പി.ആർ. കുമാരകേരളവർമ്മ**
എന്റെ പ്രിയസഖീ ..... 7
**രഞ്ജിനി വർമ്മ**
അമ്മയ്ക്കൊരു അക്ഷരമാല ..... 8
**പ്രൊഫ. ചന്ദ്രാവലി തമ്പുരാൻ**
ഡോക്ടർ മല്ലിനാഥൻ
കാലം മായ്ക്കാത്ത ഓർമ്മകൾ ..... 9
**കെ.എൻ.എസ്. വർമ്മ**
ശരണം തവ ചരണം ..... 11
**കെ.സി. നളിനി**
അനുഭൂതി അനുഭവപ്പെട്ട അനർഘനിമിഷങ്ങൾ ..... 12
**പി. കുഞ്ഞൻരാജ**
Grandma's Wait ..... 13
**രാജശ്രീ വർമ്മ**
സമസ്യാപൂരണം ..... 13
കൊടുങ്ങല്ലൂർ രാജവംശം (രണ്ടാംഭാഗം) ..... 14
**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**
ചിരം പൂർണ്ണം ..... 16
**ആർ. ശ്രീലതാവർമ്മ**
കടമയെന്ന കടമ്പ ..... 16
**ഗായത്രീവർമ്മ**
പരീക്ഷിത്സാക്ഷി ..... 17
**കെ. രവിവർമ്മ, കിളിമാനൂർ**
വടക്കെ മലബാറിലെ ക്ഷത്രിയകുടുംബങ്ങൾ ..... 18
**ടി.എം. ശ്രീകുമാർ**
വേണാട് (തിരുവിതാംകൂർ രാജവംശം) ..... 19
**ഡോ. ആർ.പി. രാജാ**
പി.കെ. രാജരാജവർമയുടെ കൃതികൾ -
ഒരു പഠനം ..... 21
**ഡോ. റ്റി.ജി. ശരച്ചന്ദ്രൻ**
ലഘുപാചകം ..... 24
**ശാരദാവർമ്മ**
എന്റെ ഗ്രാമം ..... 25
**കെ. ഹരികൃഷ്ണവർമ്മ**
എന്റെ പരദേവത ..... 27
**ഹൈമവതിവർമ്മ**
വേട്ടക്കരസ്തവം ..... 28
**പി.കെ. കുഞ്ഞിയനുജത്തി തമ്പുരാട്ടി**
പുസ്തകജാലകം ..... 29
**കെ.എൽ. ശ്രീകൃഷ്ണദാസ്**
ബാലവേദി ..... 30
വാർത്തകൾ - വിശേഷങ്ങൾ ..... 31
വൈവാഹികം ..... 36

പത്രാധിപക്കുറിപ്പ്

# മുള്ളിനെ മുള്ളുകൊണ്ട് എടുക്കണം

സംഭവബഹുലമായ ഒരു വർഷം കൂടി പിന്നിട്ടിരിക്കുന്നു. ഭീകരതാണ്ഡവങ്ങൾ കൊടികുത്തിവാണ ഒരു കാലഘട്ടമാണ് കടന്നുപോയത്. മുംബൈയിൽ നടന്ന ഭീകരാക്രമണത്തിൽ നിരപരാധികളായ ഇരുനൂറോളം പേർക്ക് ജീവഹാനി സംഭവിച്ചു. വിദേശികളും സൈനികോദ്യോഗസ്ഥരും സുരക്ഷാഭടന്മാരുമെല്ലാം ഇതിൽപ്പെടുന്നു. കോടിക്കണക്കിനു രൂപയുടെ നാശനഷ്ടങ്ങൾക്കും അതിലെല്ലാമുപരി വിലപ്പെട്ട അനേകം മനുഷ്യരുടെ ജീവഹാനിയ്ക്കും ഇടവരുത്തിയ മുംബൈ ഭീകരാക്രമണം അക്ഷരാർത്ഥത്തിൽ നമ്മുടെ ദേശീയതയ്ക്ക് നേരിട്ട ഒരു കനത്ത പ്രഹരമായിരുന്നു. മാറിമാറി വരുന്ന ഭരണകൂടങ്ങൾക്കൊന്നും ഭീകരതയെ ഫലപ്രദമായി നേരിടുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ കഴിയുന്നില്ല എന്നതാണ് വാസ്തവം. തന്റേടവും നിശ്ചയദാർഢ്യവുമുള്ളവർ ഭരണരംഗത്തുണ്ടായാലേ അത് സാദ്ധ്യമാകൂ. മുള്ളിനെ മുള്ളുകൊണ്ട് തന്നെ എടുക്കണം എന്ന പഴമൊഴി ഇവിടെ ഓർമ്മിച്ചു പോകുന്നു.

മുംബൈ ആക്രമണത്തെ സമർത്ഥമായി നേരിടുന്നതിൽ വിജയം വരിച്ച സൈനികോദ്യോഗസ്ഥന്മാരുടെ സേവനത്തെ അഭിനന്ദിക്കുന്നു. അതോടൊപ്പം പോരാട്ടത്തിൽ ജീവൻ ബലിയർപ്പിച്ചവരുടെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

*എല്ലാ ബന്ധുജനങ്ങൾക്കും ക്ഷാത്രസന്ദേശം വായനക്കാർക്കും സന്തോഷവും സമാധാനവും സംതൃപ്തിയും നിറഞ്ഞ നവവത്സരം ആശംസിക്കുന്നു.*



പത്രാധിപ സമിതി

എം. രവിവർമ്മ രാജാ
*മുഖ്യപത്രാധിപർ*

ഡോ. എഴുമറ്റൂർ രാജരാജവർമ്മ

പി. രവിവർമ്മ (ദിനേശ്)
ജി രാമവർമ്മ

ടി.എൻ. ആദിത്യവർമ്മ തമ്പാൻ

ആർ. കിഷോർ കുമാർ വർമ്മ

ഓഫീസ് നിർവഹണം : എ. ഉദയവർമ്മ, ആർ. രാജരാജവർമ്മ, വത്സലാരവിവർമ്മ

# വായനക്കാരുടെ കത്തുകൾ




## ഓണസദ്യ കെങ്കേമം

"വഞ്ചിപ്പാട്ടിൻ സന്ദേശമാം ചിത്രവും നൽ
പഞ്ചസാരപ്പായസത്തിൻ രുചിയുമാർന്ന
വഞ്ചിനാട്ടിൽ നിന്നയച്ച ഓണസ്സദ്യ കെങ്കേമായ്
ക്ഷാത്രവൃത്തിമാസികയ്ക്കു നമസ്ക്കരിയ്ക്കാം."
ഇരയിമ്മൻതമ്പി നൽകി പൂപ്പൂഞ്ചിരി തൂകിക്കൊണ്ട്
പൂമുഖത്തായ് നിന്നങ്ങിനെ സ്വാഗമോതി.
വ്യവസായപ്രമുഖനാ, 'മാർവിതമ്പാൻ' സ്മരണയിൽ
പത്രാധിപ,രിലയിട്ടു സദ്യ വിളമ്പാൻ.
സാമൂതിരികോവിലകം റാണിയായ തമ്പുരാട്ടി
സദ്യയുണ്ണാനിരുന്നല്ലോ കവിത ചൊല്ലി.
ഓണത്തിന്റെ മാഹാത്മ്യങ്ങളോതി നിന്നു
തമ്പുരാട്ടിയന്തരാർത്ഥമായതിനും കെങ്കേമമായി.
സൗമ്യവതിതമ്പുരാട്ടി സൗമ്യമായി പാടി
ഓണാചാരമാ, മത്തം തൊട്ട് സദ്യ വിളമ്പി.
കൊച്ചുകുഞ്ഞിതമ്പുരാട്ടി കൈക്കൊണ്ടുള്ളോരാചാരങ്ങൾ
വിപ്ലവമായ് അക്കാലത്ത് നടപ്പിലായി എന്നുള്ള
വർത്തമാനം മാലിനിരവിവർമ്മ ചൊല്ലി, നെയ്യുകൂട്ടി
പരിപ്പുമായ് ചോറുവിളമ്പി.
നാഗാർജ്ജുന "നാൽക്കെമിസ്റ്റു" തന്നെയോർത്ത രാജപ്പനും
പപ്പടവുമുപ്പേരിയും കൂട്ടുകറിയും, നൽക്കാളൻ
നല്ല പുളിയിഞ്ചിയുമിഞ്ചിത്തൈരും, ആർ.പി.രാജാ ,ഗോദവർമ്മ,
ചന്ദ്രവർമ്മയും ശശിധരവർമ്മയോതി ഹിരണ്യമാംഗർഭദാന
മെങ്ങിനെയീ നാട്ടിൽപ്പണ്ടു നടന്നെന്നുള്ളത്.
'ഭൂർഭുവസ്വ'ഗായത്രിയുമോതിക്കൊണ്ട് നടത്തിയ അന്വേ
ഷണക്കവിതയും കെങ്കേമമായി.
രാജരാജവർമ്മയോതി"യൊന്നിക്കുക നമ്മളൊന്ന്" കവിതയാം
കടുമാങ്ങ വിളമ്പിക്കൊണ്ടും കൊടുങ്ങല്ലൂർ ചരിത്രങ്ങൾ രാജാ
വോതിക്കുഞ്ഞുണ്ണിയും ഭംഗിയായതല്ലാമെന്നു ചൊല്ലട്ടെ.
കെ.കെ.രാജ പാരതന്ത്ര്യത്തിൻ പരിഹാരം ചൊല്ലിയപ്പോൾ ബി.ആർ.ആർ.വർമ്മ പാഞ്ഞിങ്ങെത്തി പഴവുമായ്. നേപ്പാളിലെ 'ലുംബിനി'യിലെത്തി കഥാകാരൻ ഓർമ്മിക്കുന്ന, കഥകളോ ശോകത്തിലാഴ്ത്തി. അല്പമതു മതിയെന്നതോതി ചൊല്ലിടട്ടെ മധുമഞ്ജുളാലയത്തെ പുണ്യകരമായ്. മറ്റു പലവിഭവവും ശേഷിക്കുന്നുണ്ടിലയിലെല്ലാം നന്ന്, നന്ന് എന്നുള്ളതു മോതട്ടെ ഞാൻ നന്ദിപൂർവ്വമേ.

- കുട്ടി അനിയൻ രാജ

## പടയോട്ടക്കാലത്ത് അഭയം

ഡോ. ആർ.പി.രാജയുടെ 'വേണാട്' എന്ന ലേഖനത്തിൽ (വാല്യം 8, ലക്കം 3) പടയോട്ടക്കാലത്ത് സാമൂതിരിപ്പാടിന്റെ കുടുംബത്തെ എണ്ണക്കാട്ട് കൊട്ടാരത്തിലാണ് താമസിപ്പിച്ചിരുന്നത് എന്നെഴുതിയിരിക്കുന്നത് ഭാഗികമായി മാത്രം ശരിയായ സംഗതിയാണ്. സാമൂതിരി വംശത്തിന്റെ കിഴക്കേകോവിലകം ശാഖയെ മാത്രമാണ് എണ്ണക്കാട്ട് കൊട്ടാരത്തിൽ താമസിപ്പിച്ചിരുന്നത്. പ്രശസ്ത വിദുഷി മനോരമ തമ്പുരാട്ടിയും സഹോദരന്മാരും മക്കളും പേരക്കുട്ടികളുമടക്കം ആകെ പതിനൊന്നു പേരാണ് അവിടെ താമസിച്ചിരുന്നത് എന്ന വസ്തുത സാമൂതിരികോവിലകത്തെ വംശപട്ടികയുടെ സഹായത്തോടെ കൃത്യമായി മനസ്സിലാക്കിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്.

സാമൂതിരിപ്പാടും അദ്ദേഹത്തിന്റെ ശാഖയായ പുതിയ കോവിലകത്തെ അംഗങ്ങളും മറ്റൊരു ശാഖയായ പടിഞ്ഞാറെ കോവിലകത്തെ അംഗങ്ങളും കുന്നത്തൂർ താലൂക്കിലെ കല്ലടയാറിന് സമീപം കരിമ്പിൻപുഴ എന്ന സ്ഥലത്താണ് താമസിച്ചിരുന്നത്. ആറിന് ഇരുവശത്തുമായി. ധർമ്മരാജാവ് ഏർപ്പാടാക്കിക്കൊടുത്ത താഴത്തെ കോയിക്കൽകൊട്ടാരത്തിലാണ് സാമൂതിരിപ്പാടും കുടുംബാംഗങ്ങളും താമസിച്ചിരുന്നത്. കുന്നത്തൂർ കോവിലകത്ത് ഇരുന്നരുളെ ഏകദേശം 25 വർഷത്തോളം തളിക്ഷേത്രക്കാര്യങ്ങളും മറ്റും നടത്തിയതായി രേഖയുണ്ട്. കുന്നത്തൂർ കോവിലകം ഗ്രന്ഥവരി എന്ന പേരിൽ ഒരു പ്രത്യേക ഗ്രന്ഥവരി തന്നെ ഈ കാലഘട്ടത്തിൽ എഴുതി വെക്കപ്പെട്ടിട്ടുണ്ട്.

കൊട്ടാരക്കര കേന്ദ്രമാക്കി ഭരിച്ചിരുന്ന ഇളയിടത്തു സ്വരൂപത്തിന്റേതായിരുന്ന കല്ലടയിലെ കൊട്ടാരം മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഭരണകാലത്ത് വേണാടിന്റെ ഭാഗമായി തീരുകയായിരുന്നു. കിഴക്കേമഠം പോറ്റിമാരായിരുന്നു ആ കാലത്തെ സാമൂതിരി കുടുംബത്തിന്റെ വൈദികവൃത്തി ചെയ്തിരുന്നത് എന്നതിനു രേഖയുണ്ട്.

കൃഷ്ണൻരാജയുടെ നേതൃത്വത്തിൽ പടിഞ്ഞാറെ കോവിലകം രവിവർമ്മയുടെയും മറ്റും സഹായത്തോടെ മൈസൂർപ്പടയെ തോല്പിച്ച ബ്രിട്ടീഷുകാർ മുൻധാരണയനുസരിച്ച് മലബാറിലെ രാജാക്കന്മാർക്ക് രാജ്യം തിരിച്ചുകൊടുക്കുവാതിരിക്കാൻ ഒട്ടനവധി കുതന്ത്രങ്ങൾ ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി തിരുവിതാംകൂർ ദിവാൻ കേശവപിള്ളയെ അയച്ച് സാമൂതിരിപ്പാടിന്റെ സർവാധികാര്യക്കാരനായ ചാത്തപുരം സ്വാമിനാഥപട്ടരെ നികുതി പിരിവിന്റെ നിശ്ചിതശതമാനം കമ്മീഷനായി വാഗ്ദാനം നല്കി സ്വാധീനിക്കുകയും തദ്വാരാ ബ്രിട്ടീഷുകാരുടെ എല്ലാ നിബന്ധനകൾക്കും സാമൂതിരിപ്പാടിനെക്കൊണ്ട് സമ്മതിപ്പിക്കുകയും ചെയ്തു. തൽഫലമായി സ്വാമിനാഥന് കോവിലകാംഗങ്ങളിൽ നിന്നുതന്നെ വെട്ടേറ്റു എന്നത് പിന്നത്തെ ചരിത്രം.

പടയോട്ടക്കാലത്ത് അഭയം നല്കിയ ധർമ്മരാജാവിനോട് അന്നത്തെ മലബാർ രാജാക്കന്മാരുടെ പിൻമുറക്കാർക്കുള്ള കൃതജ്ഞത പ്രത്യേകമായി സ്മരിക്കട്ടെ.

പി.സി.വി.രാജാ, കൗസ്തുഭം, മങ്കാവ്, കോഴിക്കോട്

## ഒരു തിരുത്ത്

ക്ഷാത്രസന്ദേശം വാല്യം 8 ലക്കം 3 ൽ 'പൂർവ്വികരുടെ വിജ്ഞാന സമ്പത്ത്' എന്ന ശീർഷത്തിൽ ഞാനെഴുതിയ കുറിപ്പിൽ 'ലീലാതിലകം' എന്നത് 'ലീലാവതി' എന്നു തിരുത്തി വായിക്കുവാനഭ്യർത്ഥിക്കുന്നു.

'ലീലാതിലകം' ഭാഷാശാസ്ത്രത്തെ സംബന്ധിച്ച ഒരു ഗ്രന്ഥമാണ്. ഗണിതശാസ്ത്രം സംബന്ധിച്ച ഗ്രന്ഥം 'ലീലാവതി'യാണ് ധാരണാപിശകുകൊണ്ടുണ്ടായ ഈ തെറ്റു വന്നതിൽ ഖേദിക്കുന്നു.

കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ




# കോട്ടയ്ക്കൽ കോവിലകത്ത് മനോരമത്തമ്പുരാട്ടി

**കെ.സി. ശ്രീദേവി വർമ, കോട്ടയ്ക്കൽ**

*ഭൂവിൽ ഭൂരിഗുണങ്ങളാൽ പ്രഥിതയായ്*
*പ്രാചീപുരീജാതയായ്*
*കേൾവിപ്പെട്ട മനോരമാഖ്യമഹിളാ-*
*രത്നം മഹീനായിക*
*ആ വിദ്വൽക്കുലമൗലി മാലയിലണി-*
*ഞ്ഞീടുന്ന മാണിക്യമായ്*
*ജീവിച്ചോരിടമി സ്ഥലം ശുഭകലാ-*
*ലോകത്തിനേകാസ്പദം*

ഇത് മനോരമ തമ്പുരാട്ടിയെപ്പറ്റി കവികുല ഗുരു ശ്രീ. പി.വി. കൃഷ്ണവാരിയർ രചിച്ച ശ്ലോകമാണ്. തമ്പുരാട്ടിയുടെ സ്വഭാവഗുണവും പാണ്ഡിത്യവും പ്രഭുത്വവുമെല്ലാം ഇതിൽ പ്രകടമാകുന്നുണ്ട്. ഈ ശ്ലോകത്തിൽ നിന്നുമാകട്ടെ ഈ ലേഖനത്തിന്റെ തുടക്കം.

ലക്ഷ്മിയും സരസ്വതിയും പരസ്പരം വൈരികളാണെന്നാണ് സങ്കല്പം. ആ രണ്ടു ദേവിമാരും പരസ്പരം കൈകോർത്തുപിടിച്ച് നൃത്തം ചെയ്തിരുന്ന ഒരു സുവർണ്ണയുഗം കേരളത്തിലുണ്ടായിരുന്നു. ഭാഷാസംസ്കൃത സാഹിത്യങ്ങൾ ഒരുപോലെ പരിപുഷ്ടമാക്കപ്പെട്ട ആ കാലഘട്ടത്തിലെ ഒരു സുപ്രസിദ്ധ പണ്ഡിതയും കവയിത്രിയുമാണ് മനോരമതമ്പുരാട്ടി. മഹാകവി ഉള്ളൂർ കേരളസാഹിത്യചരിത്രം 3-ാം ഭാഗത്തിൽ മനോരമതമ്പുരാട്ടിയെപ്പറ്റി പരാമർശിക്കുന്നിടത്ത് കേരളത്തിലെ സ്ത്രീജനങ്ങളിൽ കോഴിക്കോട് കിഴക്കെ കോവിലകത്തേ മനോരമ തമ്പുരാട്ടിയെപ്പോലെ വൈദുഷ്യം സമ്പാദിച്ചവരായി ആരെയും നാം അറിയുന്നില്ല എന്നാണ് പറയുന്നത്.

935-ൽ തൃശ്ശിവപേരൂർ വെച്ച് തീപ്പെട്ട സാമൂതിരിക്ക് ഒരു സഹോദരനും സഹോദരിയും ഉണ്ടായിരുന്നു. ആ സഹോദരിയുടെ പൗത്രിയാണ് മനോരമതമ്പുരാട്ടി. മംഗളം എന്ന പരൽപ്പേരിൽ കൊ.വ. 953-ാമാണ്ട് മകര മാസത്തിൽ ചോതി നക്ഷത്രത്തിലാണ് ജനനം. യഥാർത്ഥ നാമധേയം എന്താണെന്നറിയില്ല. തമ്പാട്ടി എന്ന ഓമനപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. മനോരമ എന്നത് ബിരുദനാമമാണ്. 12 വയസ്സായപ്പോഴേയ്ക്കും ഭട്ടോജി ദീക്ഷിതർ രചിച്ച സിദ്ധാന്തകൗമുദിയുടെ പ്രൗഢ മനോരമ എന്ന വ്യാഖ്യാനത്തിൽ തമ്പുരാട്ടി അതിശയപരമായ അറിവ് നേടിക്കഴിഞ്ഞിരുന്നു. മാനവിക്രമീയം എന്ന കൃതിയിൽ ആ ബിരുദത്തെപറ്റി പറയുന്നുണ്ട്. മനോരമയിലുള്ള അത്ഭുതാവഹമായ അറിവും അനന്യസാധാരണമായ അംഗസൗഭഗവും കാരണമാണത്രേ തമ്പുരാട്ടിക്ക് മനോരമ എന്ന ബിരുദം കാട്ടിയത്.

മാനവേദചരിതം സാട്ടക, മാഘകാവ്യത്തിന് ബാലബോധിനി വ്യാഖ്യാനം, പ്രക്രിയാസർവസ്വത്തിന്റെ രണ്ടാമത്തെ വ്യാഖ്യാനം എന്നിവ രചിച്ച ദേശമംഗലത്ത് ഉഴത്തിറ വാരിയരായിരുന്നു തമ്പുരാട്ടിയുടെ ഗുരു. വ്യാകരണത്തിൽ അഗാധപണ്ഡിതനായിരുന്ന അദ്ദേഹത്തിന്റെ അസാമാന്യമായ ശിക്ഷണസാമർത്ഥ്യവും ശിഷ്യയുടെ അത്ഭുതാവഹമായ ഗ്രഹണപടുത്വവും ഒന്നിച്ചു ചേർന്നപ്പോൾ പ്രൗഢമനോരമ എന്ന വിജ്ഞാനശേഖരം ബാലയായ ശിഷ്യയുടെ കൈപ്പിടിയിൽ ക്ഷണത്തിൽ അമർന്നു. ആനന്ദവർദ്ധനന്റെ ലോചനംപഠിപ്പിക്കുന്നതിൽ സമർത്ഥനായ തോന്നക്കൽ കുഞ്ഞിട്ടി രാഘവൻ നമ്പ്യാർ, അർത്ഥപ്രകാശിക സദർത്ഥപ്രകാശിക എന്നിവയുടെ കർത്താവ് വടക്കേടത്ത് കൊച്ചുശങ്കരൻ മൂസ്സത്, കൊരട്ടിക്കര സ്വാമിയാർ എന്നിവർ തമ്പുരാട്ടിയുടെ സതീർത്ഥ്യന്മാരായിരുന്നു.

തമ്പുരാട്ടിയുടെ ആദ്യത്തെ ഭർത്താവ് ബേപ്പൂർ കോവിലകത്തെ രാമവർമ്മ തമ്പുരാനായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം പാക്കത്തു ഭട്ടതിരിയാണ് വിവാഹം കഴിച്ചത്. തമ്പുരാട്ടിക്ക് മൂന്നു പുത്രന്മാരും മൂന്ന് പുത്രിമാരുമാണ് ഉണ്ടായിരുന്നത്. ഇവരിൽ 968 മിഥുനം 9-ന് ജനിച്ച് 1031-ൽ തീപ്പെട്ട ചോതി തിരുനാൾ കുട്ടുണ്ണിതമ്പുരാനാണ് ശക്തൻ സാമൂതിരി എന്ന് പ്രസിദ്ധനായത്. ഇദ്ദേഹമാണ് ടിപ്പുവിന്റെ ആക്രമണത്തോടെ നാമാവശേഷമായ രേവതി പട്ടത്താനം പുനരാരംഭിച്ചത്. മനോരമ തമ്പുരാട്ടിയുടെ പെൺമക്കളിൽ മൂത്ത പുത്രിക്കും ഇളയപുത്രിക്കും മാത്രമേ കുട്ടികളുണ്ടായിട്ടുള്ളു. അവരുടെ സന്തതിപരമ്പരകളാണ് ഇന്ന് കിഴക്കെ കോവിലകത്തുള്ളവരെല്ലാം.

964ലാണ് ടിപ്പു മലബാർ ആക്രമിച്ചത്. കേരളത്തിലെ മറ്റു രാജകുടുംബാംഗങ്ങളെപ്പോലെ മനോരമ തമ്പുരാട്ടിയും ഭർത്താവിനോടും കുട്ടികളോടും കൂടി തിരുവിതാംകൂറിൽ അഭയം പ്രാപിച്ചു. തമ്പുരാട്ടി മദ്ധ്യതിരുവിതാംകൂറിലുള്ള എണ്ണയ്ക്കാട്ടാണ് താമസിച്ചിരുന്നത്. 12 കൊല്ലം എണ്ണയ്ക്കാട്ട് താമസിച്ച് 976-ാമാണ്ടിടയ്ക്കാണ് മടങ്ങിയത്. മടങ്ങിച്ചെന്നത് വെങ്കിട്ടകോട്ട എന്നറിയപ്പെടുന്ന കോട്ടയ്ക്കലേയ്ക്കാണ്. പിന്നീട് മരണം വരെ ഇവിടെത്തന്നെയായിരുന്നു. 'ലഗ്നം നഷ്ടം' എന്ന 1003 എടവം 11 മകം നാളിൽ അന്തരിച്ചു.

തമ്പുരാട്ടിക്ക് വിപുലമായ ഒരു ശിഷ്യസമ്പത്തുണ്ടായിരുന്നു. ഉത്തരനൈഷധം, സുഭദ്രാഹരണം കൈ

*ശേഷം 7-ാം പേജിൽ*

(ശാസ്ത്രലേഖന പരമ്പര- XI )

# Kaṇāda - Ancient Atomist Philosoper Scientist

**Dr. K.P. Rajappan**

The period of about eight centuries from 600 B.C. to 200 A.D., is remarkable for the growth and development of different thoughts and ideologies in India. The great thinkers of this period were looking for logical answers to the eternal question posed to mankind-what is the object and relationship of man with the universe around him and its creator? Different approaches to the question were made. In all the various approaches there was no demarcation between religion, philosophy or science.

In India, philosophy was born out of practical necessity as against speculative interest. Philosophers were probing into the very cause and purpose of human existence. Many of the secrets of life were found out and delibera tions were made on them. Very often the perspectives change and as a result many new systems come into existence.

Among the various approaches, Kaṇāda's was the most satisfactory, scientific and logical. Though not based upon regular experiments in the laboratory, they look astonishingly modern.

Kaṇāda lived in around 6th century B.C. as the son of sage Venka. It is said that he lived in Allahabad collecting alms from the public streets.

**Paramāṇus**

According to Kaṇāda everything in this Universe is made of Paramāṇus the real entities which are obtained when a thing is divided and subdivided until no further division is possible. The Paramāṇus are not visible by naked eyes nor can exist in a free state. Also they are eternal and indestructible. In modern Physics, Paramāṇu is known as Atom.

Kaṇāda is the founder of the Vaiśeṣika system. He brings all useful knowledge under six categories:-

1. Dravya (Substance)
2. Guṇa (Quality)
3. Karma (Activity)
4. Sāmānya (Generality)
5. Viśeṣa (Particularity)
6. Samavāya (Inherence)

The most important among the theories propounded by the Vaiśeṣika Theory is the theory of atoms. It is conceived as having no parts. It always remains independent. Even among the atoms of other substances, an atom has the special quality of maintaining its independent existence. Moreover an atom is empower- ed to combine itself with other atoms to produce things of larger magnitude.

Hundreds of years later, in the 19th century, an Englishman named John Dalton, a Chemist, came out with the same Atomic Theory. This was the first time that the West had come to know about Atom.

By the turn of the 20th century, Einstein in his paper on "Brownian Motion" confirmed the existence of Atom and later published his famous equation $E=mc^2$ leading to the splitting of the Atom during the early forties of the last century.

Since then the world could never be the same and it wasn't .

Since then the growth of Science and Technology has been so fast and phenomenal. ♦

# പ്രഭാകരവർമ്മയുടെ പ്രഭ ചൊരിയുന്ന സംഗീതം



## - എന്റെ അനുഭവത്തിലൂടെ



പ്രൊഫ. പി.ആർ. കുമാരകേരളവർമ്മ

**മാ**വേലിക്കര പ്രഭാകരവർമ്മ എന്റെ കുടുംബത്തിൽ എല്ലാവർക്കും ഒരു വാത്സല്യനിധിയായിരുന്നു. ഞങ്ങളുടെ കുടുംബത്തിൽ എല്ലാവരും അദ്ദേഹത്തെ 'പെപ്പെഅണ്ണൻ' എന്ന നാമധേയത്തിലാണ് വിളിച്ചിരുന്നത്. വലിപ്പച്ചെറുപ്പമില്ലാതെ, അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്തുക്കൾപോലും അദ്ദേഹത്തെ ആ ഓമനപ്പേരിൽ വിളിച്ചുകൊണ്ടിരുന്നു. കുടുംബബന്ധത്തിന്നപ്പുറം അദ്ദേഹം സംഗീതത്തിൽ എന്റെ ഗുരുനാഥനും, എല്ലാവിധത്തിലും എന്റെ അഭ്യുദയകാംക്ഷിയും ആയിരുന്നു.

സംഗീതലോകത്തേക്ക് അദ്ദേഹം കടന്നുവന്ന വഴികളെക്കുറിച്ച് ഒരിക്കൽ അദ്ദേഹത്തിൽ നിന്നും നേരിട്ട് മനസ്സിലാക്കിയ കാര്യങ്ങൾ ഇവിടെ കുറിക്കട്ടെ. പെപ്പെഅണ്ണന്റെ - വർമ്മസാറിന്റെ കുട്ടിക്കാലത്ത് ഗ്രാമഫോണിൽ നിന്നും പതിവായി അദ്ദേഹം സുപ്രസിദ്ധ നാദസ്വര വിദ്വാൻ ടി.എൻ. രാജരത്തിനംപിള്ളയുടെ നാദസ്വരകച്ചേരി കേൾക്കുമായിരുന്നു. കൂടാതെ സ്വന്തം ചെറിയമ്മയും, വലിയമ്മയും പതിവായി വായിച്ചിരുന്ന വീണ, വയലിൻ എന്നിവയും അവർ സന്ധ്യയ്ക്കു പാടിയിരുന്ന കീർത്തനങ്ങളും വളരെ ശ്രദ്ധയോടുകൂടി കേൾക്കുമായിരുന്നു. അദ്ദേഹത്തെ സംഗീതലോകത്തേക്ക് കടന്നുവരാൻ ഏറെ പ്രേരിപ്പിച്ചിരുന്നത് ഈ അനുഭവങ്ങളായിരുന്നു. ഒരിക്കൽ രാജരത്തിനംപിള്ള മാവേലിക്കര കൃഷ്ണസ്വാമിക്ഷേത്രത്തിൽ ഉത്സവത്തിന് നാദസ്വരകച്ചേരി നടത്തുവാൻ വന്നപ്പോൾ വർമ്മസാറിന്റെ ബന്ധുക്കൾ അദ്ദേഹത്തെ രാജരത്തിനംപിള്ളയുടെ മുൻപിൽ കൊണ്ടുചെന്ന് പാടിപ്പിച്ചു. രാജരത്തിനംപിള്ള ഗ്രാമഫോൺ റിക്കാർഡിൽ വായിച്ച രാഗവും, കീർത്തനവും തന്നെയാണ് അതേപോലെ തന്നെ വളരെ ഭംഗിയായി തിരിച്ച് പാടി കേൾപ്പിച്ചത്. രാജരത്തിനംപിള്ള ആശ്ചര്യത്തോടെ വർമ്മാസാറിനെ അടുത്ത് വിളിച്ച് ആശ്ലേഷിച്ചുകൊണ്ട്," നീ പ്രശസ്തനായ ഒരു സംഗീതജ്ഞനായിത്തീരും എന്ന് പറഞ്ഞ് അനുഗ്രഹിക്കുകയും ചെയ്തു. ആ പ്രസിദ്ധനാദസ്വര വിദ്വാന്റെ അനുഗ്രഹമാണ് പിൽക്കാലത്ത് ഒരു സംഗീതജ്ഞനാകാൻ കഴിഞ്ഞതെന്നാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്.

വർമ്മസാറിന്റെ അമ്മ സാക്ഷാൽ കേരളപാണിനി എ.ആർ. രാജരാജവർമ്മയുടെ നാലാമത്തെ പുത്രിയായ ചന്ദ്രപ്രഭ അമ്മതമ്പുരാട്ടിയും അച്ഛൻ അനശ്വരചിത്രകാരനായ രാജാരവിവർമ്മയുടെ അനന്തിരവൻ കിളിമാനൂർ കൊട്ടാരത്തിൽ കെ.രാമവർമ്മതമ്പുരാനും ആയിരുന്നു. സംഗീതം, സാഹിത്യം, ചിത്രമെഴുത്ത് എന്നിവയിൽ പ്രശസ്തരായിരുന്ന മാവേലിക്കരക്കൊട്ടാരത്തിലേയും കിളിമാനൂർ കൊട്ടാരത്തിലേയും പാരമ്പര്യം വഴിയാണ് വർമ്മസാറിന് സംഗീതരംഗത്തും സാഹിത്യരംഗത്തും ഏറെ പ്രാവീണ്യം സിദ്ധിക്കാൻ കഴിഞ്ഞത് എന്ന് അനുമാനിക്കാം. സംഗീത കലാനിധി ഡോ. ശെമ്മാൻഗുഡി ശ്രീനിവാസയ്യരുടേയും, പ്രഗത്ഭരായ ഇതര ഗുരുശ്രേഷ്ഠന്മാരുടേയും കീഴിൽ സ്വാതിതിരുനാൾ കലാശാലയിൽ അഭ്യസനം നടത്തി ഉന്നത നിലയിൽ സംഗീതലോകത്ത് വ്യക്തിമുദ്ര പതിപ്പിച്ച വർമ്മസാറിന്റെ ശിഷ്യത്വം സ്വീകരിക്കാൻ എനിക്ക് സാധിച്ചു എന്നുള്ളതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഏറെ ശിഷ്യസമ്പത്ത് ഉള്ള വർമ്മസാർ തന്റെ ജീവിതം സംഗീത ഉപാസനക്കു വേണ്ടിമാത്രം അർപ്പിച്ച ഒരു വ്യക്തി ആയിരുന്നു.

കർണ്ണാടക സംഗീതലോകത്ത് ഒരു പ്രത്യേക ശൈലിയുടെ ഉടമയായിരുന്നു മാവേലിക്കര പ്രഭാകരവർമ്മ എന്ന് അദ്ദേഹവുമായി അൻപത് വർഷത്തിൽ കുറയാതെയുള്ള അടുപ്പത്തിൽ നിന്നു എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഞാനൊരു സംഗീതവിദ്യാർത്ഥി ആയിരുന്ന കാലം തൊട്ട് പ്രഗത്ഭരായ അനേകം സംഗീതവിദ്വാന്മാരുടെ സംഗീതസദസ്സുകളിലദ്ദേഹത്തോടൊപ്പം പോയി അവരുടെ സംഗീതം നേരിട്ട് കേൾക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഡോക്ടർ ശെമ്മാൻഗുഡി ശ്രീനിവാസയ്യർ, മുസ്സൂരി സുബ്രഹ്മണ്യയ്യർ, അരിയക്കുടി രാമാനുജ അയ്യങ്കാർ, മധുരൈ മണിഅയ്യർ, ജി.എൻ. ബാലസുബ്രഹ്മണ്യം, ആലത്തൂർ സഹോദരന്മാർ, ടി.കെ. രങ്കാചാരി, രാമനാഥപുരം കൃഷ്ണൻ, ബൃന്ദ, മുക്താ സഹോദരിമാർ, എം.എസ്. സുബ്ബലക്ഷ്മി, ഡി.കെ. പട്ടമ്മാൾ, എം.എൽ. വസന്തകുമാരി, എം.ഡി. രാമനാഥൻ, ബാലമുരളീകൃഷ്ണ, കെ.വി. നാരായണസ്വാമി തുടങ്ങി നിരവധി സംഗീതജ്ഞരുടെ ശൈലികൾ കേൾക്കാനും, വിവിധ ശൈലികളുടെ പ്രത്യേകതകൾ മനസ്സിലാക്കാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതിൽനിന്നും ഒക്കെ വ്യത്യസ്തമായിട്ടാണ് വർമ്മാസാറിന്റെ ശൈലി എനിക്ക് അനുഭവപ്പെട്ടിട്ടുള്ളത്.

ഞാൻ സ്വാതിതിരുനാൾ സംഗീതകലാശാലയിൽ 1957-ൽ പഠിക്കാൻ ചേർന്നവർഷം തന്നെയാണ് അദ്ദേഹം ആ കലാശാലയിൽ അദ്ധ്യാപകനായി വന്നത്. ഞാൻ അവിടെ ചേർന്ന് പഠിക്കാൻ തുടങ്ങുന്നതിന് മുൻപുതന്നെ വർമ്മസാറിന്റെ കീഴിൽ സംഗീതം അഭ്യസിക്കുന്നുണ്ടായിരുന്നു. ആയതിനാൽ അദ്ദേഹത്തിന്റെ ശൈലിയുമായി കൂടുതൽ ഇടപഴകുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഞങ്ങൾ രണ്ടുപേരും ചേർന്ന് കേരളത്തിനകത്തും, പുറത്തും, ആകാശവാണിയിലും, നവരാത്രിമണ്ഡപത്തിലും മറ്റും കച്ചേരികൾ അവതരിപ്പിച്ചിട്ടുണ്ട്.



*പ്രഭാകരവർമ്മയുടെ കൂടെ പാടുന്നത് പി.ആർ. കുമാരകേരളവർമ്മയും വയലിൻ വായിക്കുന്നത് ചാലക്കുടി നാരായണസ്വാമിയും*

സംഗീതകച്ചേരികളുടെ തനിമ നഷ്ടപ്പെടുത്താതെ കച്ചേരികൾ എങ്ങിനെ അവതരിപ്പിക്കണം എന്ന് എന്നെ മനസ്സിലാക്കിയ ഗുരുക്കന്മാരിലൊരാളാണ് പ്രഭാകരവർമ്മ. അദ്ദേഹം പറയാറുള്ള ഒരു കാര്യം ഞാൻ എപ്പോഴും ഓർക്കാറുണ്ട്. വ്യത്യസ്ത ശൈലിയിലുള്ള പ്രഗത്ഭരായ സംഗീതവിദ്വാന്മാരുടെ സംഗീതകച്ചേരികൾ കേൾക്കുമ്പോൾ, അവയിൽ നല്ലതെന്നു തോന്നുന്ന അംശങ്ങൾ സ്വീകരിക്കുകയും അവയെ എല്ലാംകൂടി യോജിപ്പിച്ച് നമ്മുടെ തനതായ ഒരു ശൈലി രൂപപ്പെടുത്തി എടുക്കുകയും ചെയ്യുകയാണ് വേണ്ടതെന്ന അദ്ദേഹത്തിന്റെ ഉപദേശം ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വാസ്തവത്തിൽ വിദ്വത് സംഗീതസദസ്സുകൾ ശ്രദ്ധയോടെ ശ്രവിക്കുമ്പോൾ മാത്രമേ അവരുടെ രാഗാലാപനകൃതികൾ, മനോധർമ്മസ്വരം, നിരവൽ എന്നിവ നമുക്ക് ഉൾക്കൊള്ളാൻ കഴിയുകയുള്ളു. അതിൽനിന്നും ധാരാളം കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയും ചെയ്യും.

രാഗാലാപനകൃതികളുടെ അവതരണം, നിരവൽ, മനോധർമ്മ സ്വരം ഇവയാണ് വാസ്തവത്തിൽ കർണ്ണാടക സംഗീതത്തിന്റെ കാതലായ ആണിക്കല്ലുകൾ. ഇവയുടെ അവതരണത്തിലാണ് ഒരു സംഗീതത്തിന്റെ ശരിയായ പാടവം മനസ്സിലാക്കാൻ സാധിക്കുന്നത്. സ്വതസിദ്ധമായ ജ്ഞാനവും, കഴിവും, അറിവും ഇല്ലാത്ത ഒരാൾക്ക് ഇത് ശരിയായി അവതരിപ്പിക്കാൻ കഴിയുകയില്ല. ഇവിടെയാണ് നമുക്ക് വർമ്മാസാറിന്റെ ശൈലിയുടെ പ്രത്യേകത മനസ്സിലാക്കാൻ സാധിക്കുന്നത്. അദ്ദേഹത്തിന്റെ രാഗാലാപനയുടെ ശൈലി, കൃതികളിൽ സാഹിത്യത്തിനും, സംഗീതത്തിനും ഒരേപോലെ മുൻഗണന കൊടുത്തുകൊണ്ടുള്ള ആലാപനരീതി, മനോധർമ്മസ്വരം, ശ്രുതിലയചേർച്ച, തന്റെ ശരീരത്തിന്റെ രീതിക്കനുസരിച്ചുള്ള സംഗതികളുടെ പ്രയോഗരീതി ഇവയൊക്കെ അദ്ദേഹത്തെ മറ്റ് സംഗീതവിദ്വാന്മാരുടെ ശൈലിയിൽ നിന്നും വേറിട്ട് നിർത്തുന്നു. കേൾക്കുമ്പോൾ വളരെ ലളിതമായിട്ട് ആലപിക്കാമെന്ന് തോന്നുമെങ്കിലും, പാടുമ്പോൾ അത് അദ്ദേഹം പാടുന്ന ഭാവത്തോടെ അനുകരിക്കുവാൻ കഴിയുകയില്ല. അതാണ് പ്രഭാകരവർമ്മയെന്ന അനശ്വരഗായകന്റെ ശൈലി. ഏത് രാഗം പാടുമ്പോഴും അതിൽ അദ്ദേഹത്തിന്റേതായ ഒരു പ്രത്യേകത ഉണ്ടായിരിക്കും. എന്റെ അനുഭവത്തിൽ അദ്ദേഹത്തിന് പ്രിയങ്കരമായിരുന്ന രാഗങ്ങൾ- ശങ്കരാഭരണം, തോഡി, ഭൈരവി, ശഹാന, മുഖാരി, ആനന്ദഭൈരവി, കല്യാണി, പൂർവ്വി കല്യാണി തുടങ്ങിയവയായിരുന്നു. അതിൽത്തന്നെ കച്ചേരികളിൽ പ്രത്യേകിച്ച് ശങ്കരാഭരണരാഗം പാടുമ്പോൾ ആ രാഗത്തിന്റെ അവതരണത്തിൽ പുതിയ പുതിയ കല്പനകൾ പാടി അവതരിപ്പിക്കുന്നത് ഓരോ കച്ചേരികളിലും ധാരാളം കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്.

എന്റെ അഭിപ്രായത്തിൽ പ്രഭാകരവർമ്മസാറിന്റെ നിര്യാണം കേരളത്തിലെ സംഗീതജ്ഞർക്ക് മാത്രമല്ല, കർണ്ണാടക സംഗീതശാഖയ്ക്ക് തന്നെ ഒരു തീരാനഷ്ടമായി കരുതാം. ശുദ്ധസംഗീതത്തിന്റെ ഒരു കണ്ണി, സംഗീതോപാസനയിലൂടെ മാത്രം ധന്യത നേടിയ ഒരു ഗുരുശ്രേഷ്ഠൻ, എന്നീ നിലകളിൽ കേരളത്തിന് മാത്രമല്ല സംഗീതലോകത്തിന് തന്നെ നഷ്ടപ്പെട്ട ഒരു നാദയോഗിയായിരുന്നു ശ്രീ മാവേലിക്കര പ്രഭാകരവർമ്മ. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ഈ ഓർമ്മക്കുറിപ്പ് ഉപസംഹരിക്കട്ടെ. ●

*തുടർചിത്രം 26-ാം പേജിൽ*

*മനോരമ തമ്പുരാട്ടി തുടർച്ച.....*

കൊട്ടിക്കളിപ്പാട്ട് എന്നിവയുടെ കർത്താവായ അരൂർ മാധവനടിതിരിയാണ് പ്രധാന ശിഷ്യൻ. പ്രക്രിയാ സർവസ്വത്തിന്റെ കാരികകൾക്കു ടീക രചിച്ച ദേശമംഗലത്ത് കൃഷ്ണ വാരിയർ, അമരപദാർത്ഥ പ്രകാശികയുടെ കർത്താവായ തൃക്കണ്ടിയൂർ ഗോവിന്ദപിഷാരടി ചുനക്കര കൊച്ചുകൃഷ്ണവാരിയർ ഇവരെല്ലാം മനോരമതമ്പുരാട്ടിയുടെ ശിഷ്യഗണങ്ങളിൽ പ്രധാനികളാണ്. അന്നത്തെ പല പണ്ഡിതന്മാരുടേയും വ്യാഖ്യാനങ്ങളിൽ നിന്ന് വ്യത്യസ്തമായി അവരുടേതിനേക്കാൾ എത്രയോ രസപുഷ്ക്കലമായി രഘുവംശത്തെ വ്യാഖ്യാനിക്കുവാനും കാളിദാസകവിതയുടെ സർഗ്ഗസൗന്ദര്യലോകത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാനും തമ്പുരാട്ടിക്ക് കഴിഞ്ഞിരുന്നുവത്രേ.

തമ്പുരാട്ടിയുടെ ജീവിതം പ്രായേണ സംഭവബഹുലമായതുകൊണ്ടാവാം തന്റെ സതീർത്ഥ്യന്മാരെപ്പോലെയോ ശിഷ്യന്മാരെപ്പോലെയോ യാതൊരു ഗ്രന്ഥവും രചിച്ചതായി അറിവില്ല. പല സന്ദർഭങ്ങളിലായി പല ഒറ്റശ്ലോകങ്ങളും രചിച്ചതായി കേട്ടിട്ടുണ്ട്. അവയിൽ തന്നെ നമുക്ക് ലഭിച്ചിട്ടുള്ളത് എത്രയോ പരിമിതമാണ്. എന്നാൽ അവ തമ്പുരാട്ടിയുടെ 'അഗാധമായ പാണ്ഡിത്യത്തിനും ഉദാത്തമായ ഭാവനയ്ക്കും മധുരോദാരമായ കവിതാചാതുരിക്കും മനോമോഹനമായ പദമേള സൗഭാഗ്യത്തിനും അസാമാന്യമായ ശയ്യോദാരതയ്ക്കും ഉത്തമ ദൃഷ്ടാന്തങ്ങളാണ്. തമ്പുരാട്ടിയുടെ പാണ്ഡിത്യവും കവനകലയിലുള്ള നൈപുണ്യവും കണ്ടിട്ടാണ് ധർമ്മരാജാ എന്നറിയപ്പെടുന്ന തിരുവിതാംകൂർ രാമവർമ്മ മഹാരാജാവ് അനന്തശയനപ്പതക്കം സമ്മാനിച്ചത് എന്ന കേട്ടിട്ടുണ്ട്. അത് ഇന്നും ദില്ലി മ്യൂസിയത്തിലുണ്ട്.

അന്നത്തെ പണ്ഡിതന്മാർ മാത്രമല്ല കേരളവർമ്മ വലിയ കോയിത്തമ്പുരാനെപ്പോലുള്ള പുതിയ പണ്ഡിതന്മാരും തമ്പുരാട്ടിയുടെ ശിഷ്യപരമ്പരയിൽപ്പെട്ടവരാണെന്ന് അഭിമാനിച്ചിരുന്നു. ഉത്തര നൈഷധം എന്ന പ്രൗഢകാവ്യത്തിന്റെ കർത്താവും തമ്പുരാട്ടിയുടെ ശിഷ്യനുമായ അടിതിരിയുടെ ശിഷ്യന്മാരാണ് കൊടുങ്ങല്ലൂരിലെ വിദ്വാൻ ഇളയതമ്പുരാൻ, കൊച്ചിയിലെ ചില തമ്പുരാക്കന്മാർ, പാച്ചുമൂസ്സത് എന്നിവർ. ഇവരിൽ വൈക്കം പാച്ചുമൂസ്സത് കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെയും ഗുരുവാണ്.

ക്ലേശഭൂയിഷ്ഠമായ ജീവിതത്തിനിടയിലും തമ്പുരാട്ടി സാഹിത്യസേവനത്തിന് സമയം കണ്ടെത്തി. പരിമിതമെങ്കിലും ഗുണപുഷ്ക്കലമായ സ്വന്തം കവനങ്ങളെക്കൊണ്ട് തന്റെ നാമവും സാഹിത്യലോകത്ത് എഴുതിച്ചേർത്തു. ആ മാതാമഹിയുടെ സ്മരണയ്ക്കു മുമ്പിൽ അഞ്ജലീപൂർവ്വം കേരളവർമ്മ രചിച്ച ഈ ശ്ലോകം കൂടി ഉദ്ധരിക്കട്ടെ.

*വിദ്യാവിദഗ്ദ്ധ വനിതാ ജനവല്ലികൾക്കൊ-*
*രുദ്യാനമീ രുചിരകേരളഭൂവിഭാഗം*
*ഹൃദ്യം മനോരമനരേശ്വരി തന്റെ സൂക്തി-*
*രദ്യാപി കോവിദ മനസ്സുകവർന്നീടുന്നു.*

●

# എന്റെ പ്രിയസഖീ...

**രഞ്ജിനി വർമ്മ**

**പൊഴിയുന്നിതാ മഴ വീണ്ടുമീ കാറ്റിന്റെ**
**താളത്തിൽ രാഗത്തിൽ മിന്നലിൻ ദീപ്തിയിൽ....**
**എന്നിലെ ഓർമ്മകൾ മങ്ങിയ സന്ധ്യയിൽ**
**വിണ്ണിൻ പ്രകാശവുമായെത്തി മധുമഴ...**
**തൊടിയിലെ മാവിന്റെ ചില്ലയിൽ ജീവനായ്**
**വന്നെന്നെ മാടിവിളിച്ചിടുന്നൂ മഴ...**
**എന്നെ മറന്നുവോ എന്നത്രേ ചോദിപ്പൂ**
**എന്നുടെ ബാല്യത്തിൻ സഖിയാകുമീ മഴ....**
**മണ്ണിൽ ഞാനെഴുതിയ ചിത്രങ്ങൾ മായ്ക്കുവാൻ**
**ചിരിയോടെ നീ അന്നു വന്നീലയോ സഖീ...**
**അന്നു നാം തമ്മിലീ സൗഹൃദം മൊട്ടിട്ടു**
**പിന്നെയോ നിന്നെ ഞാൻ വിസ്മരിപ്പൂ സഖീ...**
**പൊള്ളുന്ന വേനലിൽ കളിയാടി തളരവേ**
**കുളിരിൻ പുതപ്പുമായ് എത്തിയില്ലേ സഖീ...**
**ആകാശ യുദ്ധത്തിൻ ഭീതിയിൽ കരയവേ**
**താരാട്ടിൻ ഗീതമായ് എന്നെ നീ തഴുകിയോ**
**കൗമാരസങ്കൽപലോകത്തിൽ എന്നുടെ**
**സ്വപ്നത്തിൽ മഴവില്ലിൻ വർണ്ണം വിരിച്ചു നീ**
**പുതുജീവിതത്തിലെൻ താളം പിഴയ്ക്കാതെ**
**സ്നേഹത്തിൻ താളമായ് നീ അണഞ്ഞു സഖീ...**
**മനതാരിൻ നൊമ്പരം അശ്രുവായൊഴുകവേ**
**അതിനെ മറയ്ക്കുവാൻ നീ എന്നെ നനയ്ക്കവേ**
**എന്നിലെ വ്യഥകളോ അലിഞ്ഞുപോയ് നിന്നുടെ**
**സാന്ത്വനമേകുന്ന ഗംഗാപ്രവാഹത്തിൽ**
**എങ്ങിനെ നിന്നെ ഞാൻ മറന്നിടും പ്രിയ സഖീ**
**നീയല്ലോ ജീവിതയാത്രയിൽ എൻ തോഴീ...**

●

# അമ്മയ്ക്കൊരു അക്ഷരമാല

**പ്രൊഫ. ചന്ദ്രാവലി തമ്പുരാൻ**



*കുട്ടികൾ തൻ കിളിക്കൊഞ്ചലമ്മമാ-*
*ർക്കെത്രയും ഹൃദ്യമായിരിയ്ക്കും വിധൌ*
*മൂഢയാമെന്റെ വാക്കുകൾ താവക*
*പ്രീതിയ്ക്കായി ഭവിയ്ക്കേണമംബികെ!*

**അ**നന്തമായ മൃത്യുജന്മാദിയാൽ
ദീനയായി വലയുമീജീവനെ
അനായാസേന മുക്തി നൽകി ഭവൽ-
ധാമ്നി ചേർക്കെൻ *പുരാണാലയേശ്വരി.

**ആ**നന്ദം നൽകും നിൻരൂപമെന്നുടെ
മാനസത്തിൽ വിളങ്ങേണമെപ്പോഴും
ധന്യമാക്കണമെൻ ജന്മം നിൻനാമ-
കീർത്തനത്താൽ പുരാണാലയേശ്വരി!

**ഇ**ന്ദിരെ! തവ പാദാബ്ജയുഗ്മത്തെ
വന്ദിയ്ക്കുന്നിവൾക്കായി മഹത്തരം
നന്ദഗോപകുമാരനിൽ പ്രേമമാം
ഭക്തിനല്കെൻ പുരാണാലയേശ്വരി!

**ഈ**ശ്വരീ! പല ദുഃഖങ്ങൾ കൊണ്ടു ഞാൻ
ആശയറ്റു വലയുന്ന വേളയിൽ
ആശ്വസിപ്പിയ്ക്കവേണം നീ നിശ്ചല
ഭക്തിതന്നെൻ പുരാണലയേശ്വരി!

**ഉ**ള്ളിലുള്ളതിദുഷ്ടവിചാരങ്ങൾ
പൊള്ളയാമഹംഭാവങ്ങളെന്നിവ
തള്ളിനീക്കിയെൻ മാനസെ ശുദ്ധമാം
ഭക്തി നൽകെൻ പുരാണാലയേശ്വരി!

**ഊ**ക്കേറും കലി തന്നുടെ ശക്തിയാൽ
മൽക്കുലം ധർമ്മംവിട്ടു ചലിയ്ക്കാതെ
കാക്കണെ സദാവാത്സല്യമാർന്നുകൊ-
ണ്ടെക്കാലവും പുരാണാലയേശ്വരി

**എ**ന്നുമെൻ കുലത്തിങ്കലഭിവൃദ്ധി
വന്നീടുവാനനുഗ്രഹിയ്ക്കേണമേ
തന്നീടെണമഖിലസുഖങ്ങളും
എൻമക്കൾക്കെൻ പുരാണാലയേശ്വരി

**ഏ**റെ നാളായി നിന്നെ ദർശിയ്ക്കുവാൻ
സാരസേക്ഷണെ മോഹിച്ചിരിപ്പു ഞാൻ
കാരുണ്യത്തോടതിന്നായനുഗ്രഹം
തന്നീടേണം പുരാണാലയേശ്വരി

**ഐ**ശ്വര്യം നൽകി മൽക്കുടുംബത്തിനെ
ശാശ്വതമായി രക്ഷ ചെയ്തീടുവാൻ
വിശ്വമാതാവെ! നിന്നെ നമിയ്ക്കുന്നു
തോഷിയ്ക്കേണം പുരാണാലയേശ്വരി

**ഒ**ട്ടും വയ്യാതെയായ്ത്തീർന്ന ദേഹത്തിൽ
വിട്ടുമാറാത്ത രോഗദുഃഖാദികൾ
തട്ടിക്കേറി വരുമ്പോളവയെല്ലാം
തട്ടിമാറ്റെൻ പുരാണാലയേശ്വരി.

**ഓ**ർക്കിൽ മുജ്ജന്മ പുണ്യം കൊണ്ടല്ലയോ
ഇക്കുലത്തിൽ പിറന്നതും പിന്നെ നാം
സൽക്കഥകളെക്കേട്ടു വളർന്നതും
ഭാഗ്യം, ഭാഗ്യം, പുരാണാലയേശ്വരി.

**ഔ**ത്സുക്യത്തോടെ നിൻപാദപങ്കജം
ചിത്സ്വരൂപിണീ ആശ്രയിയ്ക്കുന്നു ഞാൻ
വാത്സല്യത്തോടെ കാക്കണെ എന്നെയും
വത്സരെയും പുരാണാലയേശ്വരി.

**അം**ബികെ! തവകാരുണ്യലോചനം
അൻപൊടെ നീട്ടിയെൻ കുലത്തിൽസദാ
സമ്പത്തും നല്ല സന്താനസൌഖ്യവും
നൽകീടണെ പുരാണാലയേശ്വരി

**അ**മ്മെ! എന്നെയും സ്വന്തമെന്നായി ഞാൻ
ഇമ്മഹിയൽ കരുതുന്ന സർവ്വവും
ചെമ്മെനിൻപദെ ഭക്ത്യാസമർപ്പിപ്പൂ
സ്വീകരിയ്ക്കണെ എൻ പരദേവതെ
ഞങ്ങളെ
സ്വീകരിയ്ക്കണെ എൻ പരദേവതെ
സർവ്വം
സ്വീകരിയ്ക്കണെ എൻ പരദേവതെ!

ശ്രീകൃഷ്ണാർപ്പണമസ്തു

*പുരാണാലയേശ്വരി - പഴയന്നൂർ ഭഗവതി

**എന്റെ ജ്യേഷ്ഠൻ**



# ഡോക്ടർ മല്ലിനാഥൻ
# കാലം മായ്ക്കാത്ത ഓർമ്മകൾ

**കെ.എൻ.എസ്.വർമ്മ**

Pain is the greatest Prayer- വേദനയാണ് ഏറ്റവും മഹത്തായ പ്രാർത്ഥന എന്ന സാൽദാസാക്കിസിന്റെ പ്രസിദ്ധവരി അറിയാതെയോ ഓർമ്മിക്കാതെയോ ഞങ്ങൾ വേദന ഉള്ളിലൊതുക്കി ജ്യേഷ്ഠൻ ഡോ. മല്ലിനാഥന്റെ അന്ത്യനിമിഷങ്ങൾക്കു സാക്ഷ്യം വഹിച്ചുകൊണ്ടു നിർന്നിമേഷരായി പുറത്തുനിന്നു.

ശീതീകരിച്ച മുറിയിൽ, ചുറ്റും യന്ത്രസംവിധാനങ്ങളുടെ നടുവിൽ പാതിയടഞ്ഞ മിഴിയോടെ ചേട്ടൻ മയങ്ങുകയാണ്. സമയം രാവിലെ 5.45. ഭയാനകമായ നിശബ്ദതയ്ക്കു കോട്ടം തട്ടാതെ ഒരു പരിചാരിക വാതിൽ തുറന്നു ഞങ്ങളോടു അകത്തുവരാൻ നിർദ്ദേശിച്ചു. സകല നന്മയുടെയും പുണ്യത്തിന്റെയും മൂർത്തിയായ ചേട്ടൻ, പാതിയുറക്കത്തിൽ നിന്ന് ഗാഢ നിദ്രയിലേക്ക് വഴുതി വീഴുന്നത് ഞങ്ങൾ നോക്കി നിന്നു. തൊലിപ്പുറത്ത് ചോര പൊടിയുമ്പോൾ, ശരീരം ചുട്ടുപൊള്ളുമ്പോൾ, നെഞ്ചിൽ കഫം മുറ്റി ശ്വാസം വലിഞ്ഞു മുറുകുമ്പോൾ അപ്രതീക്ഷിത ദുഃഖങ്ങളിൽ മനസ്സു തളർന്നുലയുമ്പോൾ, ഒക്കെ ഞങ്ങൾക്കൊരാശാകേന്ദ്രമുണ്ടായിരുന്നു. അവിടെ എല്ലാ ദുഃഖങ്ങളും - ശാരീരികവും മാനസികവും - ഇറക്കിവയ്ക്കുന്നു. പകരം കിട്ടുന്ന മൃദുസമീപനവും ആശ്വാസവചനങ്ങളും മനസ്സിൽ സുഖദമായ അമൃതവർഷം ചൊരിഞ്ഞു. രോഗിയുടെ ഹൃദയവ്യഥ മുഴുവൻ ഡോക്ടർ ആവാഹിച്ചെടുത്ത പ്രതീതി. ആ സാമീപ്യം ഒരു സാന്ത്വനമായി മാറിയ നിമിഷങ്ങൾ. രോഗത്തിന്റെ കാഠിന്യവും മനസ്സിലെ പിരിമുറുക്കവും ഉരുകി ഒലിച്ചുപോയ അനുഭൂതി. രോഗി ചാരിതാർത്ഥ്യത്തോടെ സ്ഥലം വിടുന്നു.



*ഡോ. മല്ലിനാഥനും ഭാര്യ കമലാദേവിയും*

ചേട്ടൻ പിന്നെ ഒരിക്കലും ഉണർന്നില്ല. ഞങ്ങളിൽ നിന്നും പേറിയ എല്ലാ ദുഃഖങ്ങളും ഞങ്ങൾക്കു തന്നെ തിരിച്ചു നൽകി 6 മണിക്ക് ചേട്ടൻ ഞങ്ങളോട് എന്നെന്നേക്കുമായി യാത്ര ചൊല്ലി. 52-ാം കേരളപ്പിറവി ദിനത്തിൽ, ജന്മം കൊണ്ടും കർമ്മം കൊണ്ടും സഫലമാക്കിയ ആ ധന്യജീവിതത്തിന്റെ അന്ത്യം കുറിച്ചിട്ടു ഒരു വർഷം പൂർത്തിയാകുന്നു.

മരിക്കുന്നതിനു 6 മാസം മുമ്പു മുതൽ ചെറുതും വലുതുമായ ചില്ലറ ശാരീരിക അസ്വസ്ഥതകൾ ചേട്ടനുണ്ടായിരുന്നു. പക്ഷെ അതൊന്നും ദൈനംദിന ജീവിതചര്യകളിൽ മാറ്റം വരുത്തിയില്ല. രോഗത്തിന്റെ കാഠിന്യമോ വേദനയുടെ ആഴമോ മുഖത്തു പ്രതിഫലിച്ചിരുന്നില്ല. എഴുത്തും വായനയും കൃഷിയും പതിവു ഫലിതങ്ങളുമായി ദിവസങ്ങൾ കടന്നുപോയി. സന്ദർശകരെ പുഞ്ചിരിയോടെ സ്വീകരിച്ചു. ആനുകാലിക വിഷയങ്ങളിൽ വിമർശനബുദ്ധിയോടെ പ്രതികരിച്ചു. രോഗികൾക്ക് ആശ്വാസം പകർന്നു. സൗഹൃദ സന്ദർശനത്തിനെത്തുന്ന ബന്ധുജനങ്ങളിൽ നർമ്മരസം വിതറി ആഹ്ലാദത്തിൽ പങ്കുചേർന്നു.

പക്ഷേ രോഗം വ്യത്യസ്ത മുഖങ്ങളിൽ ചേട്ടനെ കടന്നാക്രമണം നടത്തി. രോഗത്തെപ്പറ്റിയും അതിന്റെ ഭവിഷ്യത്തുകളെപ്പറ്റിയും തികച്ചും ബോധവാനായിരുന്നിട്ടും അതിനെപ്പറ്റി വ്യാകുലപ്പെട്ടില്ല. മറിച്ച് തന്റെ ആരോഗ്യം വീണ്ടെടുക്കുമ്പോൾ ചെയ്യേണ്ട ഭാവി പരിപാടികൾക്ക് രൂപം നൽകാനുള്ള ഔത്സുക്യമാണ് കാണിച്ചത്. അങ്ങിനെ കുടുംബാന്തരീക്ഷത്തെ ജീവസ്സുറ്റതാക്കി.

വിനയവും എളിമയും സ്നേഹപൂർണ്ണമായ സംഭാഷണവും അദ്ദേഹത്തിന്റെ മുഖമുദ്രകളായിരുന്നു. ചികിത്സാരംഗത്തു നേടിയ വൈദഗ്ദ്ധ്യവും ആധുനികചികിത്സാ

ക്രമങ്ങളിൽ ഉള്ള അറിവും തന്റെ സംഭാഷണത്തിൽ ഒരിക്കലും സൂചിപ്പിച്ചിട്ടില്ല. വെറുപ്പുളവാക്കുന്ന പതിവു ഡോക്ടറുടെ ഔദ്ധത്യം അദ്ദേഹത്തിന് അന്യമായിരുന്നു. ആതുര ശുശ്രൂഷ ജ്യേഷ്ഠന് ഒരു ജീവിതമാർഗ്ഗമായിരുന്നില്ല. മറിച്ച് ജീവിതലക്ഷ്യമായിരുന്നു. ഡോക്ടറുടെ പതിഞ്ഞ സ്വരവും നിഷ്കളങ്കമായ പുഞ്ചിരിയും രോഗികളിൽ അദൃശ്യമായ തലോടലായി അനുഭവപ്പെട്ടിട്ടുണ്ട്.

സമസൃഷ്ടികളോടുള്ള ദൈന്യഭാവം, രോഗികളോടുള്ള സ്നേഹാർദ്രമായ സമീപനം എല്ലാം ഭക്തിയുടെ വിവിധ ഭാവതലങ്ങളാണെന്ന് ഉറച്ചുവിശ്വസിച്ചിരുന്ന ആളാണ് ജ്യേഷ്ഠൻ. ആ രീതിയിൽ കാപട്യം ഇല്ലാത്ത ഈശ്വരഭക്തനായിരുന്നു അദ്ദേഹം. തന്റെ വിശ്വാസ പ്രമാണങ്ങൾ ചിരപരിചിതമായ ഭക്തി മാർഗ്ഗങ്ങളിൽ നിന്നു വ്യത്യസ്തമായിരുന്നു. ക്ഷേത്രങ്ങളിൽ ആരാധന, ഇഷ്ടകാര്യസിദ്ധിക്കായി വഴിപാട് തുടങ്ങിയ പതിവുരീതികൾ അനുവർത്തിച്ചിരുന്നില്ല. പ്രാർത്ഥനയ്ക്ക് പ്രത്യേകസമയമൊന്നുമില്ല. ക്ഷേത്ര വിശ്വാസം ഇല്ലേ ഇല്ല. പക്ഷേ പ്രപഞ്ചസൃഷ്ടികർത്താവിന്റെ അദൃശ്യ ശക്തി നമ്മെ നയിക്കുന്നുണ്ടെന്ന ബോധം എപ്പോഴും ചേട്ടൻ കാത്തുസൂക്ഷിച്ചിരുന്നു. സെർവിക്കൽ സ്പോൺടിലൈറ്റിസ് മൂലം ശരീരം തളർന്ന്, കൃഷ്ണമണി മാത്രം ചലിപ്പിച്ചുകൊണ്ട് ദിവസങ്ങളോളം ശയ്യാവലംബിയായി കഴിഞ്ഞപ്പോൾ എഴുതിയ 'പ്രാർത്ഥന' എന്ന കവിത മനസ്സിൽ നിറഞ്ഞ ഭക്തിയുടെ പ്രവാഹമാണ്. അത് വെറും പ്രാർത്ഥനാഗീതം മാത്രമല്ല, സ്വന്തം വീക്ഷണത്തിന്റെ അളവുകോൽ കൂടിയാണ്. ഈ വരികൾ ശ്രദ്ധിക്കുക.

*തള്ളട്ടേ ധനലക്ഷ്മിയെന്നെ മനുജർ*
*നേടാൻ കൊതിച്ചീടുമാ-*
*റുള്ള, സ്ഥാനവലിപ്പവും പദവിയും*
*സൗഭാഗ്യവും പ്രൗഢിയും*
*എള്ളോളം ഹൃദിഖേദമില്ലെനിക്കു*
*ള്ളിൽസ്ഥിരം നീ നില-*
*കൊള്ളുന്നെങ്കിലനുഗ്രഹാമൃത*
*മഹാവർഷംചൊരിഞ്ഞീടുകിൽ*

ഭക്തിയും പ്രാർത്ഥനയും കുടുംബാംഗങ്ങളുടെ സ്നേഹപൂർണ്ണമായ പരിചരണവും വിദഗ്ദ്ധ ചികിത്സയും കൊണ്ട് ചേട്ടൻ വീണ്ടും സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചുവന്നു. ഒരു പുനർജന്മത്തിന്റെ അനുഭൂതിയാണ് ഞങ്ങൾക്കനുഭവപ്പെട്ടത്. തുടർന്നുള്ള ജീവിതം എത്ര കർമ്മനിരതമായിരുന്നു.

പ്രധാനകർമ്മരംഗം രോഗചികിത്സ തന്നെയായിരുന്നെങ്കിലും തന്റെ പ്രവൃത്തിമണ്ഡലം അതിൽ മാത്രം ഒതുങ്ങി നിന്നിരുന്നില്ല. കൃഷി, വായന, എഴുത്ത്, ചിത്രരചന, ശിൽപ്പകല എന്നിവയിലൊക്കെ തന്റെ നൈസർഗ്ഗികമായ വാസന പരന്നൊഴുകിയിരുന്നു. വിശ്രമവേളകളിൽ ചിത്രരചനയിലും കൊത്തുപണിയിലും കൂടുതൽ അഭിരമിക്കുന്നതാണ് ഇഷ്ടവിനോദം. കൃഷിയിൽ ജന്മവാസന തന്നെയുണ്ടായിരുന്നു. സേവനം അനുഷ്ഠിച്ച സ്ഥലങ്ങളിലൊക്കെ വീട്ടുമുറ്റത്ത് പച്ചക്കറിത്തോട്ടവും പൂന്തോട്ടവും വികസിപ്പിച്ചിരുന്നു. ജോലിയിൽ നിന്നു വിരമിച്ചതിനുശേഷം കൃഷിക്ക് കൂടുതൽ സമയം വിനിയോഗിച്ചു. മതിൽക്കെട്ടിനുള്ളിലെ വിശാലമായ സ്ഥലം ഒരു കർഷകന്റെ സ്വപ്നഭൂമിയായി മാറി. തെങ്ങ്, വാഴ, ചേമ്പ്, ഇഞ്ചി, വാനില, കുറ്റിമുല്ല തുടങ്ങിയവയൊക്കെ ചേട്ടന്റെ ഇഷ്ടതോഴരായി. അവയുടെ പരിചരണവും നിശ്ശബ്ദ സംവാദങ്ങളും ദിനചര്യകളുടെ ഭാഗമായി. കണ്ണിനു കുളിർമ്മ നൽകിയ തോട്ടത്തിന്റെ ഭംഗിയും വശ്യതയും രൂപപ്പെടുത്തിയതിന്റെ പിന്നിലുള്ള പ്രേരകശക്തി ചേട്ടന്റെ ജീവിതസഖിയും താങ്ങും തണലുമായിരുന്ന ഭാര്യ കമലാദേവിയാണ്. വൈദ്യവും കൃഷിയും പോലെ ധ്രുവാന്തരങ്ങളുള്ള രണ്ട് മേഖലകളിൽ തുല്യസാന്നിദ്ധ്യം തെളിയിച്ച അപൂർവ്വ പ്രതിഭയെ എങ്ങനെയാണ് വാഴ്ത്തുക!

അദ്ദേഹത്തിന്റെ സംസ്കൃത ഭാഷാപരിജ്ഞാനം സാഹിത്യാഭിരുചിയെ പുഷ്ടിപ്പെടുത്തുന്നതിനും വളരെ സഹായിച്ചിട്ടുണ്ട്. ഔദ്യോഗിക രംഗത്തെ തിരക്കിനിടയിലും വായനയ്ക്കും എഴുത്തിനും സമയം കണ്ടുപിടിച്ചിരുന്നു. കവിതയോടായിരുന്നു കൂടുതൽ പ്രേമം. കൗമാരപ്രായത്തിൽ തന്നെ കവിത എഴുത്തു തുടങ്ങിയിരുന്നു. സാഹിത്യ സൃഷ്ടിക്ക് തന്റെ അനുഭവങ്ങളും വിശ്വാസങ്ങളും സമകാലീന പ്രശ്നങ്ങളും കവിതയുടെ പ്രമേയങ്ങളായിരുന്നു. പുഴയും, കടലും, പൂക്കാലവും ക്രിക്കറ്റും, ഭാഗ്യക്കുറിയും ഉത്സവവും, കഥകളിയും എല്ലാം കവിതയുടെ വിഷയങ്ങളായി സ്വീകരിച്ചിട്ടുണ്ട്. അവയിൽക്കൂടി ക്ഷണികമായ മനുഷ്യജീവിതത്തേയും അനിയന്ത്രിതമായ ഭൗതികാസക്തിയേയും പറ്റി വായനക്കാരെ ഉൽബുദ്ധരാക്കുന്നതിനുള്ള ശ്രമം പ്രകടമായി കാണാവുന്നതാണ്.

*മരണം വരും പുൽകാൻ*
*നിങ്ങളെന്തായാലു-*
*മൊരുനാൾ - അല്ലെങ്കിലും*
*ജീവിതത്തിനെന്തർത്ഥം?*
*(ഒരു വിശുദ്ധാഹ്വാനം)*
*ലക്ഷ്യമാ വിക്കറ്റല്ല പന്തു ഞാനെറി*
*യുമ്പോൾ*
*ലക്ഷങ്ങളൊരുമിച്ച് ചേർന്നൊരു*
*തുകയല്ലോ.*
*(ക്രിക്കറ്റർ)*

അദ്ദേഹത്തിന്റെ വൈദ്യശാസ്ത്ര സംബന്ധിയായ ലേഖനങ്ങൾ, ചികിത്സാരംഗത്ത് പടർന്നുപിടിച്ച കച്ചവട മനസ്സിനെ പൊളിച്ചു കാട്ടുന്നവയാണ്. കവിതകളും ലേഖനങ്ങളും സ്വന്തം ജീവിത ദർശനങ്ങളുടെ ബഹിർസ്ഫുരണങ്ങൾ തന്നെ.

*കരളെരിഞ്ഞാലുംതല പുകഞ്ഞാലും*
*ചിരിക്കണം, അതേ വിദൂഷധർമ്മം.*

ഹാസ്യസാമ്രാട്ടായ സഞ്ജയന്റെ ഈ വരികൾ ചേട്ടൻ അർത്ഥവത്താക്കിയതായി തോന്നിയിട്ടുണ്ട്. ഫലിതം നിറഞ്ഞ സംഭാഷണം സ്വതസിദ്ധമായിരുന്നു. ഹൃദ്യമായ സംഭാഷണം Interaction Management ന്റെ സുപ്രധാന കണ്ണിയാണ്. ഇതിൽക്കൂടി വളർത്തിയെടുത്ത സൗഹൃദബന്ധം ദൃഢവും ശാശ്വതവുമാണ്.

വ്യക്തിപരമായി, ചേട്ടൻ എനിക്ക് ഗുരുസ്ഥാനീയനാണ്. ഇംഗ്ലീഷ് ഭാഷയുടെ ആദ്യപാഠങ്ങൾ മനസ്സിലുറപ്പിച്ച് തന്നതും ജ്യേഷ്ഠ

നാണ്. പരുഷമായ ഒരു വാക്ക് ഒരിക്കൽപ്പോലും പറഞ്ഞതായി ഓർമ്മയില്ല. അദ്ദേഹത്തിൽ നിന്നും പലതും ഉൾക്കൊള്ളാൻ ശ്രമിച്ചു. ചേട്ടന്റെ അനാർഭാടമായ ജീവിതം, കറകളഞ്ഞ സ്നേഹം, ഉത്തുംഗമായ ആദർശ ശുദ്ധി, എല്ലാം ഞങ്ങളുടെ വ്യക്തിവികാസത്തിനു കാതലായ പങ്ക് വഹിച്ചിരുന്നു. എന്റെ ജീവിതത്തെ പാകപ്പെടുത്തുന്നതിനും പരുവപ്പെടുത്തുന്നതിനും ജ്യേഷ്ഠന്റെ ആചാര്യതുല്യ സംഭാവന എന്നെന്നും ഓർമ്മിക്കപ്പെടും.

"അപരിഹാര്യങ്ങളായ കാര്യങ്ങളിൽ നാം ദുഃഖിക്കാൻ പാടില്ല. ജനിച്ചതിനൊക്കെ മരണവും മരിച്ചതിനൊക്കെ ജനനവും സുനിശ്ചിതമാണ്" എന്ന ഗീതാഭാഷ്യമൊന്നും ഞങ്ങളുടെ മനസ്സിനെ ശാന്തമാക്കിയില്ല. അന്ത്യം മണിക്കൂറുകൾക്ക് മുമ്പുതന്നെ ഉറപ്പിച്ചിരുന്നെങ്കിലും മരണം ഒരു യാഥാർത്ഥ്യമായി ചേട്ടനെ കീഴടക്കിയപ്പോൾ, അദ്ദേഹത്തിന്റെ സാമീപ്യവും സാന്ത്വനവും നേരിട്ടറിയാൻ ഭാഗ്യം സിദ്ധിച്ചവർ, അക്ഷരാർത്ഥത്തിൽ പൊട്ടിക്കരഞ്ഞു. അതിന്റെ തേങ്ങലുകൾ ഇപ്പോഴും പ്രതിദ്ധ്വനിക്കുന്നു. ●

# ശരണം തവ ചരണം

**കെ.സി. നളിനി, ഹൈദരാബാദ്**



*മാന്ധാചലേശ്വരിയെൻ ചാരെ വാഴുമ്പോ-*
*ളാധികൾ വ്യാധികൾ ഒന്നുമില്ല.*
*ഭദ്രേ, ഭഗവതീ നീ താങ്ങായുള്ളപ്പോൾ*
*ഭാണ്ഡഭാരക്ലേശമൊന്നുമില്ല.*
*നീയെന്നെയേൽപ്പിച്ച ഭാണ്ഡത്തിലൊട്ടേറെ*
*ഭാഗ്യനക്ഷത്രങ്ങളായിരുന്നു.*
*ഓരോരോ താരവും കുന്നിലമ്മേ നിന്റെ*
*കയ്യിൽ സുരക്ഷിതമല്ലോയെന്നും.*
*എങ്ങിനെ ചൊല്ലേണ്ടു നന്ദി, കുന്നിലമ്മേ*
*നീ ചൊരിഞ്ഞീടുന്നീ നന്മകൾക്ക്?*
*ഇബ്ഭുവനം കാക്കുന്ന ശ്രീശൈലവാസിനി*
*എൻ തനു കാണിയ്ക്ക വെച്ചീടട്ടെ.*
*അറിവേതുമില്ലാതെ വികൃതിയായ് കൂടുമീ*
*പൈതലെ,യെൻ തായേ കാത്തുകൊൾക.*
*തിരുമാന്ധാംകുന്നിന്മേൽ മേവും ഭഗവതീ*
*തവ ചരണമെൻ ശരണം തന്നെയെന്നും*




**A Traveller through time.**

**Website - www.rvraja.com**

**Raghu Varma Raja**

I am a Senior Corporate Executive, settled in Bangalore, India. I belong to one of the Royal Families from Aranmula, Kerala.

Indian Astrology is my passion. I do analyse horoscope and give predictions.

Remedies, Mantras and precious stones suggested if required (depends on horoscope)

I do counsel people on their personal, family and professional issues, on appointment

*My contact no:*
*09845028017 & 080-23339372*
*email: www.rvraja@ravraja.com*


# തിരുവാഭരണ പേടകങ്ങൾക്ക് സ്വീകരണം

മകരവിളക്കിന് ചാർത്താനായി പന്തളം കൊട്ടാരത്തിൽ നിന്ന് കൊണ്ടുപോകുന്ന തിരുവാഭരണങ്ങൾ ഇനി ചന്ദനപേടകങ്ങളിലായിരിക്കും ഘോഷയായി കൊണ്ടുപോവുക. ചന്ദനത്തിടിയിൽ തീർത്ത തിരുവാഭരണപ്പെട്ടി, കലശപ്പെട്ടി, കൊടിപ്പെട്ടി എന്നിവയുടെ താക്കോൽ നവംബർ 12ന് പന്തളം കൊട്ടാരത്തിലെ വലിയ തമ്പുരാൻ രേവതി നാൾ പി. രാമവർമ്മരാജ ഏറ്റുവാങ്ങി. ചെന്നൈ മൈലാപ്പൂരിലെ 'പന്തളം ഹരിഹരട്രസ്റ്റ്' ആണ് ചന്ദനത്തടി കൊണ്ടുള്ള തിരുവാഭരണപേടകങ്ങൾ സമർപ്പിച്ചത്.

പന്തളം കൊട്ടാരം നിർവ്വാഹകസംഘം പ്രസിഡന്റ് പി. രാമവർമ്മരാജാ പേടകങ്ങളുമായി എത്തിയ ട്രസ്റ്റ് അംഗങ്ങളെ പൊന്നാട ചാർത്തി സ്വീകരിച്ചു. സെക്രട്ടറി പി. രാജരാജവർമ്മ, ഹരിഹരൻ ട്രസ്റ്റ് പ്രസിഡന്റ് എൽ. ഹരികൃഷ്ണൻ, സെക്രട്ടറി ആർ. ലോകനാഥൻ, ട്രഷറർ വി. ചന്ദ്രമൗലി തുടങ്ങിയവരും സംബന്ധിച്ചു

ഗുരുപവനപുരേ...

# അനുഭൂതി അനുഭവപ്പെട്ട അനർഘനിമിഷങ്ങൾ



**പി. കുഞ്ഞൻരാജ**

ഞാൻ ജനിച്ചതും വളർന്നതും ഗുരുവായൂർ ക്ഷേത്രസമീപത്താണ്. അതുകൊണ്ടുതന്നെ എനിക്കു ക്ഷേത്രത്തിനോടും ഗുരുവായൂരപ്പനോടും ഒരു പ്രത്യേക അഭിനിവേശം ഉണ്ടായിരുന്നതു സ്വാഭാവികം മാത്രമാണ്. നടന്നെത്താവുന്ന ദൂരത്തിലായതിനാൽ പ്രായമായതു മുതൽ പതിവായി ഞാൻ ഗുരുവായൂരിൽ ദർശനത്തിന് പോകാറുണ്ട്. അമ്മയോടൊപ്പമാണ് ഞാനും പോയിരുന്നത്. വെളുപ്പിനു 4 മണിക്കു പുറപ്പെട്ട് എത്തിയ ഉടനെ തീർത്ഥസ്നാനം കഴിഞ്ഞ് 5 മണിയോടെ ക്ഷേത്രത്തിലെത്തും. ആദ്യം വാതിൽമാടത്തിൽനിന്നു പ്രാഥമികദർശനം കഴിഞ്ഞ് പിന്നീട് ഇപ്പോൾ വിശിഷ്ട വ്യക്തികൾക്കു മാത്രം അനുവദനീയമായ സോപാനത്തു കയറി അവിടെ 15 മിനിട്ടോളം പ്രധാന ശ്ലോകങ്ങളെല്ലാം ചൊല്ലി തൊഴുതു കഴിയുമ്പോഴേക്കും മേൽശാന്തി തന്നെ തീർത്ഥവും പ്രസാദവും തരും. (അന്നത്തെ മേൽശാന്തിമാരെല്ലാം ഞങ്ങൾക്കു നല്ല പരിചയമുള്ളവരായിരുന്നു.) ഇതു കഴിഞ്ഞു മതിൽക്കെട്ടിനുള്ളിൽ 4 പ്രദക്ഷിണം വെച്ചു വീണ്ടും അകത്തുപോയി ഉഷപ്പൂജ തുറന്നു ദർശനം നടത്തുകയും പതിവായിരുന്നു. അതിനുശേഷം രാവിലത്തെ ശീവേലിയ്ക്കൊപ്പം 3 പ്രദക്ഷിണത്തിന് പങ്കെടുത്തു ഇറക്കി എഴുന്നള്ളിച്ചശേഷം കൊടിമരച്ചുവട്ടിൽ നിന്നു തൊഴുതതിനുശേഷം തിരികെ പോകും. ഈ സന്ദർഭത്തിൽ ഒരു പ്രധാന സംഭവം ഉണ്ടായത് പ്രതിപാദിക്കാം. ഗുരുവായൂരിൽ ആ കാലത്ത് പരമഭക്തനും സംസ്കൃതത്തിൽ അഗാധപാണ്ഡിത്യവുമുള്ള പൊൽപ്പാക്കര മനയ്ക്കൽ അനുജൻ നമ്പൂതിരിപ്പാട് താമസിച്ചിരുന്നു. (ഇദ്ദേഹം എന്റെ അമ്മയുടെ അച്ഛന്റെ അനുജനുമാണ്.) പ്രസിദ്ധ സംസ്കൃത പണ്ഡിതൻ തൃപ്പൂണിത്തുറ പരീക്ഷിത്തു തമ്പുരാൻ അവർകൾ ഇദ്ദേഹത്തിന്റെ സുഹൃത്തും സമകാലികനുമായിരുന്നു. ശ്രീ അനുജൻ നമ്പൂതിരിപ്പാടിന് മുതുകത്ത് ഒരു വലിയ കുരു (ചോരക്കുരു അഥവാ പ്രമേഹക്കുരു എന്നൊക്കെ പറയാറുള്ളത്) ഉണ്ടായി. അഷ്ടവൈദ്യന്മാരിലൊരാളും പ്രശസ്തനുമായ കുട്ടഞ്ചേരി മൂസ്സാണ് ചികിത്സിച്ചിരുന്നത്. എന്തുകൊണ്ടോ ചികിത്സ അത്ര ഫലവത്താകാതെ വന്നപ്പോൾ ഇതിനു പരിഹാരമായി ഒരു മാസക്കാലം ദിവസേന ഒരു മണിക്കൂർ വീതം നാരായണനാമം സമൂഹനാമജപമായി നടത്തുവാൻ തീരുമാനിച്ചു. ഞാനും അമ്മയുടെ കൂടെ സൗകര്യമുള്ളപ്പോഴെല്ലാം ഇതിന് പോയിരുന്നു. അത്ഭുതമെന്നു പറയട്ടേ ഈ മഹൽ സംരംഭം അവസാനിക്കുന്നതോടെ സുഖക്കേടും ക്രമേണ ഭേദമാകുവാൻ തുടങ്ങി. ഇന്നു ഗുരുവായൂരിലെ നാരായണാലയത്തിലും മറ്റു പല സ്ഥലങ്ങളിലും പ്രചാരത്തിലുള്ള സമൂഹനാരായണ നാമജപത്തിന്റെ ഉറവിടം മേൽപ്പറഞ്ഞ സംഭവമാണെന്നാണെന്റെ വിശ്വാസം.

കുറെ വർഷങ്ങൾക്കുശേഷം ഞങ്ങളുടെ ജീവിതത്തിലെ വഴിത്തിരിവായ മറ്റൊരു പ്രധാന സംഭവത്തിലേക്കു കടക്കാം. ഞങ്ങളുടെ തറവാട് ഗുരുവായൂർ ദേവസ്വത്തിന്റെ അത്യാവശ്യകാര്യങ്ങൾക്കായി കൈമാറുവാൻ തീരുമാനിച്ചു. അമ്മയ്ക്കും ചെറിയമ്മയ്ക്കും ഗുരുവായൂർ ക്ഷേത്രത്തിന് ഏറ്റവും അടുത്തുള്ള തറവാട് വക സ്ഥലത്ത് താമസിക്കുവാൻ സാധിച്ചത് ഒരു വലിയ അനുഗ്രഹമായി. അങ്ങിനെ അമ്മയ്ക്കും ചെറിയമ്മയ്ക്കും മരിക്കുവോളം അവരുടെ ഇഷ്ടംപോലെ അവിടെ താമസിച്ചു ഗുരുവായൂരപ്പനെ ഭജിക്കുവാനും സേവിക്കുവാനും സാധിച്ചത് അവിചാരിതമായി കിട്ടിയ അനുഗ്രഹമായി. അമ്പലത്തിലേക്ക് രണ്ട് മിനുട്ടുകൊണ്ടുമാത്രം എത്താവുന്നതുകൊണ്ട് എല്ലാ പരിപാടികളിലും പങ്കെടുക്കുവാനും അത് ആസ്വദിക്കുവാനും അനുഭവിക്കാനും സാധിച്ചതും ഒരു മഹാഭാഗ്യമായി. ദിവസേന രാവിലെ 3 മണിക്കുള്ള നിർമ്മാല്യദർശനം നടത്തി വന്നത് ഏകദേശം 15 വർഷത്തോളം തുടരുകയും മരിക്കുന്നതിന് ഒരാഴ്ചമുമ്പ് വരെയും ഈ ദർശനം നടത്തി എന്നതും അമ്മയെ സംബന്ധിച്ചിടത്തോളം ഒരു അപൂർവഭാഗ്യമായി കരുതുന്നു. അവർ അവിടെ താമസിച്ചിരുന്നതുകൊണ്ട് എനിക്കും ഗുരുവായൂരിലെ പ്രധാന പരിപാടികളിൽ പങ്കെടുക്കുവാൻ സാധിച്ചിരുന്നു.

ഇനി ആദ്യം സൂചിപ്പിച്ച ചില അനർഘനിമിഷങ്ങളെപ്പറ്റി പ്രതിപാദിക്കാം. ഉത്സവകാലത്തെ ചില സംഭവങ്ങളെപ്പറ്റി പറയാം. ആനയോട്ടത്തോടുകൂടിയാണ് ഉത്സവം ആരംഭിക്കുന്നത്. ദേവസ്വത്തിലെ തെരഞ്ഞെടുത്ത ആനകളെയാണ് ഇതിന് ഉപയോഗിക്കുന്നത്. ഇത് കാണുവാൻ രസമുള്ളതാണ്. ഇപ്രകാരം ഒരു

ആനയോട്ടം മറ്റെവിടെയും കാണുകയില്ല. ആനയോട്ടം കഴിഞ്ഞ് അധികം താമസിയാതെ കൊടിയേറ്റം നടക്കും. ഉത്സവം ആരംഭിക്കുന്നതിന് മുന്നോടിയായി ഉപദേവന്മാരെയടക്കം ശുദ്ധി കലശം നടത്തും. ഗുരുവായൂരപ്പന്റെ സഹസ്രകലശം പൂജിച്ചുവെക്കുന്നത് കൂത്തമ്പലത്തിലാണ്. ഒടുവിൽ ഒരു സ്വർണ്ണകുംഭത്തിലുള്ള കലശം എഴുന്നള്ളിച്ചുകൊണ്ടുപോകുന്നതും അത് ഭഗവാന് അറാടിക്കുന്നതുമാണ് പ്രധാനപ്പെട്ട ചടങ്ങ്. ആലവട്ടം, വെഞ്ചാമരം, പാണികൊട്ട് മുതലായ അകമ്പടിയോടെ ഈ കലശം ഭഗവാന് ആറാടിക്കുമ്പോൾ എന്തെന്നില്ലാത്ത ഒരു അനുഭൂതി അനുഭവപ്പെടും. ഇതുപോലെ തന്നെ എട്ടാംദിവസം ഉത്സവബലിക്കു തെക്കുഭാഗത്ത് പഴക്കാമണ്ഡപത്തിൽ ഭഗവനെ എഴുന്നള്ളിച്ചുവെച്ച് നടത്തുന്ന പ്രത്യേക പൂജകൾ കണ്ട് തൊഴുന്നതും നിർവൃതിദായകമാണ്.

*(തുടരും)*

# സമസ്യാപൂരണം

*ഭിക്ഷാടനം മാത്രമൊരേക മാർഗ്ഗം*
*എന്നുള്ളവർക്കങ്ങതു തന്നെ മാർഗ്ഗം*
*അല്ലാത്തവർ തന്നുടെ വ്യാജവേഷം*
*പണം പിടുങ്ങാനൊരു സൂത്രമല്ലൊ*

**രാജകൃഷ്ണൻ, പുതിയ കോവിലകം**
**എലാട്, ചെറുകര (വഴി)**

*ഉടമ്പടിയ്ക്കായ് തുടരുന്നു നമ്മൾ*
*ക്കൊരിയ്ക്കലും, അങ്ങവർ തന്റെ*
*ചിത്തം*
*അറിഞ്ഞതില്ലെന്നു, ധരിച്ച തോതാം*
*പണം പിടുങ്ങാനൊരു സൂത്രമല്ലെ*

**പി.കെ. കുഞ്ഞിയനുജത്തിതമ്പുരാട്ടി**

## അവതാരകന്റെ പൂരണം

*ഓർത്തോണമോണത്തിനു*
*നാട്ടിലെല്ലാം*
*പഴന്തുണിയ്ക്കും പുതുമോടി*
*യത്രേ*
*ഡിസ്കൗണ്ടു കാട്ടുന്ന പരസ്യ*
*മോർത്താൽ*
*പണം പിടുങ്ങാനൊരു*
*സൂത്രമല്ലോ.*

**രാഘവവർമ്മ. കെ, അനന്തപുരം**

# GRANDMA'S WAIT

**Rajashree Varma**

Somewhere in a remote village in Kerala.........

Grandma was very happy. She was eagerly explaining to her friend of 50 years about her impending trip to Thiruvanthapuram with my children and grand children' she said.

'Is that so' When are you going?' asked her friend.

''Tomorrow' replied grandma.

The excitement was obvious and they looked like small kids sharing sweets and toys.

'I will miss you though' the friend said.

'Oh! Don't be silly. I will be back in 10 days time with lots of stories and I promise that I will bring something for you from there'. Grandma said.

Grandma has had a tough life. Widowed at a very early age with 4 children to look after, she had struggled to make both ends meet. In the end, by God's grace and sheer hard work she had succeeded. Now all her 4 children were well settled and leading a happy life. They visited her during vacations while Grandma stayed in the village. She did not want to leave her birth place, a place she cherished and had good memories.

On this occasion all her children were with her and they were preparing for a trip and Grandma was excited.

**Shanghumukham Beach**

All were happy, especially Grandma. She was playing with her grandchildren in the water. She had never been to a beach before; in fact this was her first trip out of her village. She was having a floss candy and she loved its taste though she was making a mess of the whole thing. Her grandchildren were showing her how to eat it. All in all, grandma was having a rocking time and she felt happy and proud that she raised such good children.

**Sos Home for the Old, somethere in the city**

Grandma was sitting alone in the verandah looking towards the main gate. The matron came to her and asked her 'What are you looking at Grandma?'

I am waiting for my children. She said they said that they will come soon and take me home. They are very busy you see'.

Matron's eyes filled with tears. Grandma has been in the orphanage for the past four years and except for an occasional phone call or a draft, she hasn't received anything.... This was an everyday routine for Grandma. She sits in the verandah and looked out to the gate as if expecting someone. When no one comes, she keeps repeating to herself...' They will come, they are very busy you see'. Not once has she said anything bad about her children. Four years back Grandma's children had come to the Old Age home and left her there promising her that they would come back soon.

Matron still remembered that day. Grandma had looked very happy. She was eating candy floss and was fully covered in sand. Her clothes were wet up to the knee. Apparently they had taken her to the beach. After some fun and frolic they had dropped her at the home, never to return. And gradma still lives on the hope that someday her children would come back to take her home.

This is a true story of an old lady in one of the old age homes that I visited some time back. This lady caught my eye as she sat in the verandah looking out as if waiting/searching for someone. When I walked passed her, I could hear her mumbling... ' Avar varum, teercha aayum varum' (They will surely come)

Yesterday I got an email from my friend who regularly visits this particular Old Age home to inform me of the death of Grandma.

Grandma passed away in the hope that one day her children would come back for her.

# കൊടുങ്ങല്ലൂർ രാജവംശം

## (രണ്ടാം ഭാഗം)

കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ

### ദത്തും, സ്വത്തും, കീഴ്പ്പെടലും

**ദത്ത്:**

കൊടുങ്ങല്ലൂർ രാജവംശം അന്യം നിൽക്കാറായപ്പോൾ ദത്ത് ആവശ്യമായി വന്നു. 915-ൽ (M.E.) 'കുരീക്കാട്ടു കോവിലകത്തു'നിന്ന് രണ്ടു സ്ത്രീകളേയും ഒരു പുരുഷനേയും ദത്തെടുത്തു. അവർ സഹോദരങ്ങളായിരുന്നു. കൊടുങ്ങല്ലൂർ കോവിലകം വംശപാരമ്പര്യ വൃക്ഷത്തെ രേഖപ്പെടുത്തിയ ചെമ്പുതകിടിൽ ഇതിന്റെ കുറെ വിശദവിവരങ്ങൾ ചേർത്തിട്ടുണ്ട്. യഥാർത്ഥത്തിൽ പാലപ്പെട്ടി കോവിലകത്തു നിന്നാണ് ദത്ത് എന്നാണ് പറഞ്ഞു കേട്ടിട്ടുള്ളത്. സ്വത്തു സംബന്ധിച്ച് വിവരണത്തിൽ നിന്ന് ഇതു വ്യക്തമാകും. അന്ന് പാലപ്പെട്ടികോവിലകം അറിയപ്പെട്ടിരുന്നത് 'കുരീക്കാട്ടു കോവിലകം' എന്നായിരിക്കണം.

**സ്വത്ത്:**

(i) ചേറ്റുവാ മണപ്പുറത്ത് (കൊടുങ്ങല്ലൂർ എസ്റ്റേറ്റ് എന്ന പേരിൽ, കൊടുങ്ങല്ലൂർ രാജവംശത്തിനു കുറെ ഭൂസ്വത്തുണ്ടായിരുന്നു. കൊടുങ്ങല്ലൂർ കോവിലകത്തേക്ക് ദത്തെടുത്തപ്പോൾ കിട്ടിയതാണ് ഈ സ്വത്തെന്നു കേട്ടിട്ടുണ്ട്. ഒരു വലിയ തമ്പുരാന്റെ കാര്യസ്ഥൻ, ഇതിൽ കുറച്ചു ഭൂമിയ്ക്ക് നികുതി അടക്കാതെ ലേലത്തിനു വെപ്പിക്കുകയും, തന്റെ ബിനാമിയെ കൊണ്ട് ലേലത്തിൽ പിടിപ്പിക്കുകയും ചെയ്തു. ഇതറിഞ്ഞ് ഇളമുറതമ്പുരാക്കന്മാർ, കൊച്ചി മഹാരാജാവിനെക്കണ്ട്, ഈ ഭൂസ്വത്തിന്റെ ഭരണം ഏറ്റെടുപ്പിക്കുകയും ലേലം റദ്ദാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഈ എസ്റ്റേറ്റിലെ വരുമാനം കണക്കിൽ ചേർക്കുവാൻ കൊടുങ്ങല്ലൂർ ട്രഷറിയിൽ വലിയ തമ്പുരാന്റെ പേരിൽ ഒരു പി.ഡി. (Personal Deposit) അക്കൗണ്ട് തുറക്കണമെന്നു നിർദ്ദേശിച്ചുകൊണ്ടുള്ള മഹാരാജാവിന്റെ കത്തിന് ഇത് സമ്മതമാണെന്ന് വലിയ തമ്പുരാൻ മറുപടി അയച്ചു. (1)

തിരുകൊച്ചി സംയോജനത്തിനു ശേഷം, കൊടുങ്ങല്ലൂർ - ഗുരുവായൂർ റോഡിന്റെ ആവശ്യത്തിലേക്കായി, കുറച്ചുസ്ഥലം ഈ ഭൂമിയിൽ നിന്ന് പൊന്നിൻ വിലക്കെടുത്തു. തിരുകൊച്ചി ഗവൺമെന്റ് ഈ തുക എന്തു ചെയ്യണമെന്നു വലിയതമ്പുരാന് എഴുതി ചോദിച്ചപ്പോൾ, ആയത് തന്റെ പേരിലുള്ള പി.ഡി. അക്കൗണ്ടിൽ ഇടുവാൻ അദ്ദേഹം മറുപടി നൽകി. തിരുകൊച്ചി സർക്കാർ ഇതിനു വഴങ്ങാതെ വന്നതിനാൽ, ഒറ്റപ്പാലം കോടതിയിൽ ഒരു കേസ് നടത്തേണ്ടിവന്നു. ഇതിനാവശ്യമായ രേഖകൾ കിട്ടിയില്ല. അതിനാൽ പാലപ്പെട്ടി കോവിലകത്തെ കാരണവരെ സാക്ഷിയാക്കി, കേസു നടത്തുവാൻ തീരുമാനിച്ചു. ഇദ്ദേഹത്തെ കോടതിയിൽ വിസ്തരിച്ചപ്പോൾ പാലപ്പെട്ടി കോവിലകത്തുനിന്ന്, കൊടുങ്ങല്ലൂർ കോവിലകത്തേയ്ക്ക് ദത്തെടുത്തപ്പോൾ ഈ ഭൂമി അവർക്കു കിട്ടിയതാണെന്നു കേട്ടിട്ടുണ്ട്' എന്നു മൊഴി നൽകി. സബ്കോടതിയും, ജില്ലാകോടതിയും ഈ മൊഴി സ്വീകരിച്ചില്ല. അതിനാൽ കേസ് ഹൈക്കോടതിയിലെത്തി. 'പ്രായമായവർ കേട്ടറിഞ്ഞതായി പറയുന്നത് ഒരു തെളിവായി സ്വീകരിക്കാമെന്ന സുപ്രീം കോടതിയുടെ നിരീക്ഷണം പരിഗണിച്ചും മറ്റും, കൊടുങ്ങല്ലൂർ കോവിലകത്തിന്നനുകൂലമായി ഹൈക്കോടതി കേസ്സു തീർപ്പാക്കി.(2)

ഇതിൽ നിന്നും പാലപ്പെട്ടി കോവിലകത്തുനിന്നും, കൊടുങ്ങല്ലൂർ രാജവംശത്തിലേക്ക് ദത്തു നടന്നതായി തീരുമാനിക്കാം. ഈ ദത്തിൽപ്പെട്ടവരാണ് ഇന്നത്തെ കോവിലകാംഗങ്ങൾ.

ii. കൊയിലാണ്ടിക്കടുത്ത് 'മുചുകുന്നം' എന്ന സ്ഥലത്ത്, കൊടുങ്ങല്ലൂർ കോവിലകത്തിന്നവകാശപ്പെട്ട ഒരു ക്ഷേത്രവും കുറെ വസ്തുക്കളും ഉണ്ടായിരുന്നു. സാമൂതിരി കോവിലകത്തെ ബാലികമാരുടെ 'താലികെട്ട്' നടത്തിയിരുന്നത് കൊടുങ്ങല്ലൂർ കോവിലകത്തെ അംഗങ്ങളായിരുന്നു. ഇതിനെ പരിഗണിച്ച് സാമൂതിരി

---

*(1) ഈ കത്തിന്റെ ഒരു പകർപ്പ്, വലിയ തമ്പുരാൻ കോവിലകത്തെ കച്ചേരിയിൽനിന്നെനിക്കു കിട്ടി. അതിനെത്തുടർന്ന് തൃശൂർ ഡിസ്ട്രിക്ട് ട്രഷറിയിൽ പോയി അന്വേഷിച്ചപ്പോൾ, ഒരു ലഡ്ജറിൽ, ഒരു ഗവർമെൻറുത്തരവു പ്രകാരം ഇത് ക്ലോസു ചെയ്തതായും, ബാക്കി 4000 രൂപ അവകാശികൾക്ക് കൊടുക്കുവാനായി ഒരു ചെലാൻ പ്രകാരം 3 ട്രഷറിയിൽ അടച്ചതായും ഒരു കുറിപ്പു കണ്ടു. തുടർന്ന് ഗവർമെന്റുത്തരവിന്റെ പകർപ്പ് നേടി. ഞാനും, കുഞ്ഞുക്കുട്ടിതമ്പുരാട്ടിയും ചേർന്ന് ഈ ഉത്തരവിന്റെ പകർപ്പോടുകൂടി, തൃശൂർ ജില്ലാകളക്ടർക്ക് ഒരപേക്ഷ നൽകി. എന്നാൽ ഇതിനെ പിന്തുടർന്ന്, നടപടിയെടുക്കുവാൻ, ഭരണകമ്മിറ്റിയോ മറ്റു കുടുംബാഗങ്ങളിൽ ആരും തന്നെയോ മുന്നോട്ടു വരാതിരുന്നതിനാൽ, ഞങ്ങൾ പരിശ്രമം ഉപേക്ഷിച്ചു.*

*(2) എസ്റ്റേറ്റ് എടുത്തതിനെതുടർന്നാണ് അടുത്തൂൺ നൽകിത്തുടങ്ങിയതെന്ന് കേട്ടിട്ടുണ്ട്.*

*(3) തിരു-കൊച്ചി സംയോജനസമയത്ത്, ഈ എസ്റ്റേറ്റും, കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രമുൾപ്പെടെയുള്ളവയുടെ ഭരണവും വിട്ടുതരണമെന്നും അടുത്തൂൺ വർദ്ധിപ്പിക്കണമെന്നും കേന്ദ്രഗവർമെന്റിനോടഭ്യർത്ഥിച്ചെങ്കിലും, അതൊന്നും ഗവൺമെന്റ് അംഗീകരിച്ചില്ല.*

പ്പാട് നല്കിയതാണ് ഈ ക്ഷേത്രവും വസ്തുക്കളും. കുറെക്കാലം മുമ്പ് അവിടത്തെ കരപ്രമാണിമാർ, ഇതു തങ്ങൾക്കവകാശപ്പെട്ടതാണെന്നും പറഞ്ഞ് ഒരു കേസ് കൊടുത്തു. വലിയ തമ്പുരാൻ, കാര്യസ്ഥനെ ഈ കേസു നടത്തുവാൻ അധികാരപ്പെടുത്തിപ്പറഞ്ഞയച്ചു. കരപ്രമാണികൾ ഇദ്ദേഹത്തെ ധനം നല്കി സ്വാധീനിച്ച്, കോടതിയിൽ ഹാജരാകുന്നതിൽ നിന്നും പിൻതിരിപ്പിച്ചു. അതിനാൽ കേസ്, എക്സ് പാർട്ടിയായി അവർക്കനുകൂലമായി വിധിച്ചു. കാര്യസ്ഥൻ ഇവിടെവന്ന് തന്നെ ഒരകത്തിട്ടു പൂട്ടിയതിനാൽ കോടതിയിൽ ഹാജരാകുവാൻ കഴിഞ്ഞില്ലെന്നു പറഞ്ഞു. (എന്റെ അച്ഛൻ പറഞ്ഞ് അറിഞ്ഞിട്ടുള്ളതാണ് ഈ വിവരങ്ങൾ.)

ഈ ക്ഷേത്രത്തിലെ തന്ത്രി പാടേരി നമ്പൂതിരിയാണ്. ഏതാണ്ട് 30 കൊല്ലം മുമ്പ്, ചിറയ്ക്കൽ കോവിലകത്ത് വിവാഹം കഴിച്ചിരുന്ന ഒരു പാടേരി നമ്പൂതിരി അവിടെ തന്ത്രത്തിനു ചെന്നപ്പോൾ, വെളിച്ചപ്പാട് ഒരു തറക്കു മുമ്പിൽ കരഞ്ഞുകൊണ്ട് തുള്ളുന്നതു കണ്ടു. ഇതിനെക്കുറിച്ചു ചോദിച്ചപ്പോൾ ഇത് കൊടുങ്ങല്ലൂർ രാജാവിന്റേതായിരുന്നെന്നും കരപ്രമാണികൾ അദ്ദേഹത്തെ കളിപ്പിച്ചു തട്ടിയെടുത്തതാണെന്നും വെളിച്ചപ്പാട് പറഞ്ഞു. നമ്പൂതിരി കോവിലകത്തു വന്ന് ഇതു പറഞ്ഞുവെങ്കിലും, ആരും തന്നെ ഇതിനെക്കുറിച്ചന്വേഷിച്ചതേയില്ല. ഏതാണ്ട് 8 കൊല്ലം മുമ്പ്, ഒരു ദേവപ്രശ്നം നടന്നപ്പോൾ കൊടുങ്ങല്ലൂർ രാജാവിനെ വരുത്തി പരിഹാരം കാണണമെന്നഭിപ്രായം ഉയർന്നുവന്നു. അതനുസരിച്ച്, ക്ഷേത്രമേൽനോട്ടക്കാരുടെ ക്ഷണമനുസരിച്ച് വലിയ തമ്പുരാനും, ഏതാനും ഇളമുറതമ്പുരാക്കന്മാരും അവിടെചെന്ന് വേണ്ടതെല്ലാം ചെയ്യുകയുണ്ടായി.

III. കോവിലകത്തു വിവാഹം കഴിച്ചിരുന്ന പാടിവട്ടം നമ്പൂതിരി, വടക്കാഞ്ചേരി ഭാഗത്തുകൂടെ യാത്ര ചെയ്യുമ്പോൾ, ഒരു സഹയാത്രികൻ കുറെ സ്ഥലം ചൂണ്ടിക്കാണിച്ച്, ഇതെല്ലാം കൊടുങ്ങല്ലൂർ രാജാവിന്റേതാണെന്നു പറയുകയുണ്ടായി. ഈ വിവരം അറിഞ്ഞിട്ടും ആരും ഇതിനെക്കുറിച്ചന്വേഷിച്ചില്ല. എന്നാൽ ഏതാനും വർഷം കഴിഞ്ഞപ്പോൾ വടക്കാഞ്ചേരി ലാൻഡ് ട്രിബ്യൂണലിൽ നിന്നും വലിയ തമ്പുരാന് ഒരു കത്തും ലഭിക്കുകയുണ്ടായി. ഭൂനിയമപ്രകാരം ഈ സ്ഥലത്തിന്റെ നഷ്ടപരിഹാരം വാങ്ങിക്കുവാനായിരുന്നു ആ കത്ത്. ഞാനത് കോവിലകം ഭരണകമ്മിറ്റി സെക്രട്ടറിയെ ഏല്പിച്ചു.

ഇതിനെക്കുറിച്ച് പ്രൊഫസർ കുഞ്ഞൻ രാജയോടു ഞാൻ തിരക്കി. അവിടെ കൊടുങ്ങല്ലൂർ രാജാവിനു കുറെ സ്ഥലമുണ്ടായിരുന്നു എന്നും, എന്നാൽ അതെല്ലാം, ശൃംഗപുരം ക്ഷേത്രത്തിലും തൃക്കുലശേഖരപുരം ക്ഷേത്രത്തിലും, ഉത്സവക്കാലത്ത് കൂത്തു പറയുന്നതിലിലേയ്ക്ക് കുട്ടൻചേരി ചാക്യാർക്ക് വിട്ടുകൊടുത്തതാണെന്നും പറഞ്ഞു.

iv. തൃക്കുലശേഖരപുരം ക്ഷേത്രത്തിന്റെ മതിലിനു പുറത്തായി വടക്കു കിഴക്കെ മൂലയിൽ ഒരു കെട്ടിടവും, അതിനോടു ചേർന്ന കുറെ പുരയിടവും രാജകുടുംബത്തിനുണ്ടായിരുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ അമ്മ, ഇവിടെ താമസിച്ച് തൃക്കുലശേഖരപുരം ക്ഷേത്രത്തിൽ ഭജനം നടത്തിയതായി കേട്ടിട്ടുണ്ട്. വൈശാഖകാലത്ത് വെളുത്ത ദ്വാദശിനാൾ, കോവിലകം വകയായി ക്ഷേത്രത്തിൽ നടത്തിയിരുന്ന പ്രസാദമൂട്ടിന് പോകുമ്പോൾ ഇവിടെ തങ്ങിയിരുന്നത് ഞാനോർക്കുന്നു. ഏതാണ്ട് അൻപതു കൊല്ലംമുമ്പ്, അന്നത്തെ വലിയ തമ്പുരാൻ ഈ സ്ഥലം 99 കൊല്ലത്തെ പാട്ടത്തിന് എൻ.എസ്.എസ്. കരയോഗത്തിനു നൽകി. എന്നാൽ ഈ ഭൂമിക്കു പട്ടയമില്ല എന്ന പേരിൽ, സർക്കാർ ഇതേറ്റെടുക്കാൻ പോകുന്നതായി കേൾക്കുന്നുണ്ട്.

V. വലിയ തമ്പുരാൻ കോവിലകവും, അതിനോടുചേർന്ന് പാലസ് സ്ക്കൂളും വൈദ്യശാല നടത്തിയിരുന്ന കെട്ടിടവും, ഇളയ തമ്പുരാൻ കോവിലകവും (കോട്ടക്കോവിലകം) മാത്രമാണ് ഇന്ന് ഈ രാജവംശത്തിന്റെ കൈവശമുള്ളത്.

**കീഴ്പ്പെടൽ**

കൊടുങ്ങല്ലൂരിന്റെ ഭരണം, കൊച്ചി സർക്കാരിനു ലഭിച്ചതിനെക്കുറിച്ച്, കുഞ്ഞിക്കുട്ടൻ തമ്പുരാൻ കൃതികളുടെ ഒന്നാംപുസ്തകത്തിൽ 'ഒരു കരാർ' എന്ന കവിതയിൽ പറയുന്നുണ്ട്. ടിപ്പു മലബാർ ആക്രമിച്ചപ്പോൾ, തിരുവിതാംകൂറിന്റെ പ്രതിനിധിയായി രാമയ്യൻ ദളവ കൊടുങ്ങല്ലൂർ വലിയ തമ്പുരാനുമായി ചർച്ച നടത്തി. ടിപ്പുവിനെതിരെ കൊടുങ്ങല്ലൂർ രാജാവിനെ തിരുവിതാംകൂർ സഹായിക്കാമെന്നും, പ്രതിഫലമായി ഒരു നിശ്ചിത തുക (തിരുവിതാംകൂർ നാണയമായ പണം) ആണ്ട്തോറും കപ്പമായി തന്നാൽ മതിയെന്നും പറഞ്ഞു. ആലോചിക്കാമെന്നായിരുന്നു വലിയ തമ്പുരാന്റെ മറുപടി. ഇതറിഞ്ഞ് കൊച്ചി മഹാരാജാവ്, തിരുവഞ്ചിക്കുളത്തെത്തി വലിയ തമ്പുരാനുമായി ചർച്ച നടത്തി. കൊച്ചിയും കൊടുങ്ങല്ലൂരും അന്ന് ശത്രുതയിലായിരുന്നു. ശത്രുവാണെങ്കിലും, ആപത്തുകാലത്ത് അടുത്തുള്ളവരാണ് ഉപകരിക്കുക എന്ന് കൊടുങ്ങല്ലൂർ വലിയ തമ്പുരാനെ ബോദ്ധ്യപ്പെടുത്തി. തിരുവിതാംകൂറിനു നൽകാമെന്നു പറഞ്ഞ അത്രയും പണം മാത്രം തന്നാൽ മതിയെന്നും പറഞ്ഞു. അങ്ങിനെ കൊടുങ്ങല്ലൂർ രാജാവ്, കൊച്ചിരാജാവുമായി കരാറിലേർപ്പെട്ടു. ഇതിനെ സംബന്ധിച്ച് കുഞ്ഞിക്കുട്ടൻ തമ്പുരാൻ പറയുന്നതിങ്ങിനെയാണ്. "കപ്പം വെച്ചതിരട്ടിയായി കണക്കല്ലോ വടക്കൻ പണം" തിരുവിതാംകൂർ പണത്തിന്റെ ഇരട്ടി മൂല്യമുണ്ടായിരുന്നു, അന്ന് കൊച്ചിയിലെ പണത്തിനും. ഈ കപ്പം നൽകാൻ കഴിയാതെ വന്നപ്പോൾ, കൊടുങ്ങല്ലൂരിന്റെ ഭരണം കൊച്ചിരാജാവ് ഏറ്റെടുത്തു. എന്നാൽ, കൊച്ചിയുടെ കീഴിൽ ഒരു ജില്ല എന്ന നിലയ്ക്ക് ഭരണം തുടരുവാനനുവദിച്ചു.

കൊച്ചിയിലെ ബഡ്ജറ്റു തയ്യാറാക്കുമ്പോൾ, കൊടുങ്ങല്ലൂരിന്റെ പ്രത്യേക ബഡ്ജറ്റ്, പഴയ തമ്പുരാൻ ഒപ്പിട്ടു നൽകിയിരുന്നത്, തിരുകൊച്ചി സംയോജനം വരെ തുടർന്നു. ♦

# ചിരം-പൂർണ്ണം

**ആർ. ശ്രീലതാവർമ്മ**

നാട്ടിൽ, ഞങ്ങടെ വീടിന്നരികിൽ
തൊടിയിൽ പഴയൊരു കുളമുണ്ട്.
കാണാം പല പല കാഴ്ചകളെന്നും
തനിയേ അവിടെയിരിക്കുമ്പോൾ.
നീണ്ട തപസ്സിൽ മുഴുകിയിരിക്കും
കുളമൊരു മുനിയോ - നിനപ്പൂ ഞാൻ
അരികിലിരുന്നു പഠിക്കും ഞാൻ
ജലമൗനത്തിൻ നാനാർത്ഥം.
ഒന്നു തൊടുമ്പോളെന്താകാം
ഉള്ളിൽ കിനിയും നീർക്കുളിര്!
അറിയട്ടേ ഞാന,വിരാമം
പറയാൻ കഴിയാ പുണ്യങ്ങൾ!
ചിന്തയിലീവിധം ആശകളൊന്നായ്
തിങ്ങിനിറഞ്ഞു തുടങ്ങുമ്പോൾ
'അരുതേ, സാഹസമരുതേ'- എന്ന്
ഏതോ പിൻവിളിയെന്നെ വിലക്കി.
ഭംഗം ചെയ്യാനാവില്ലാർക്കും
പരമ തപസ്സിൻ നൈർമ്മല്യം.
ഒരുനാൾ വെളിനിലാവിൽ മിന്നും
തരളിത രാവിൻ പടികളിറങ്ങി
മുനിതൻ സവിധമണഞ്ഞൂ ഞാൻ.
കാണാനാകാത്തോളം താഴ്ചയിൽ
മുങ്ങി നിവർന്നും, ഇളകി മറിഞ്ഞും
തിരളും ശോഭയിൽ, അലകളിൽ മെല്ലെ
താളം തുള്ളിയുമാർത്തു ചിരിച്ചും
താരകളവിടെ മരുവുന്നു!
ഒന്നു നടുങ്ങീ, തപസ്സിൻ ഭംഗം
മുന്നിൽക്കാണുംപോലേ ഞാൻ.
ഇല്ലൊരു മാറ്റവുമൊന്നിനുമവിടെ
കാഴ്ചയിലെല്ലാമതുപോലെ
കേട്ടൂ പിന്നെ താരകൾ പാടും
ഗാനം, മധുരം, മധുരതരം
"ഒരു രാവെങ്കിൽ അതു മതിയാകും
ഭൂതലവാസമിതെത്ര വിശുദ്ധം
അന്തി കറുത്തു വെളുക്കും വരെയും
ഞങ്ങൾ രചിക്കും സ്വർഗ്ഗങ്ങൾ
ഒന്നായ് പലതായ് തെളിനീരിൽ
ഞങ്ങൾ വസിക്കും നിറവോടെ."
നിറയാ നിറവിത് നിത്യം, സത്യം
രണ്ടല്ലാത്തൊരു തത്ത്വം, പൂർണ്ണം.

# കടമയെന്ന കടമ്പ



**ഗായത്രീവർമ്മ**
എഴുമറ്റൂർ പാലസ്

[കുഞ്ഞിളം മനസ്സുകളിലേക്ക് വിദ്യ എന്ന അഭ്യാസം വാരിക്കോരി ഒഴിച്ചിട്ട്, വിദ്യാഭ്യാസനിലവാരം ഉയർന്നെന്ന് നമ്മൾ സന്തോഷിക്കുന്നു. പരീക്ഷാഹാളിൽ കടുകട്ടിയായ ചോദ്യപേപ്പറിനു മുമ്പിൽ പകച്ചുനോക്കിയിരിക്കുന്ന കൊച്ചുകുട്ടികളെ കണ്ടപ്പോൾ മനസ്സു തേങ്ങിപ്പോയി]

ചിന്തതൻ ഭാരം പേറിടും
ഏകാഗ്രമായോരീമുഖങ്ങളിൽ,
കുഞ്ഞിളം നയനങ്ങളിൽ,
ചിന്തുമിതറിവിന്നൊളിയല്ലാ,

കാണ്മതിതെന്തൊരു ഭാവമോ
തൃഷ്ണയോ വിതൃഷ്ണയോ നൂനം
വിവേചിക്കാനാവാതെന്മനം
പിടയ്ക്കുന്നീ നിമിഷങ്ങളിൽ

വിജ്ഞാന വീഥിയിലാ-
വേശത്താലിടറാതെ
ആദിയുമന്തവും തേടിയ
ലയുന്നോരീ ശിശുക്കളെ

അറിവിൻ തിരിനാളമേന്തീ
അകലേക്കു നയിച്ചിടാൻ
ഗുരുവിൻ കടമയെന്നേ
മെല്ലെത്തട്ടിയുണർത്തുന്നു.

ഒരുവേള വിശ്വത്തിന്നി
രുൾ മാറ്റാനിവർക്കൊക്കെ
കഴിഞ്ഞാലതു തന്നെ ധന്യം
നമുക്കെന്നുമാശ്വസിയ്ക്കാമോ

പുരാണങ്ങളിലൂടെ

# പരീക്ഷിത്സാക്ഷി...

**കെ. രവിവർമ്മ, കിളിമാനൂർ**

*“നിഗമകല്പതരോർ ഗളിതം ഫലം”*പരമമായ മഹാഭാഗവതം തന്നെയാണ്. ആ ഫലം എത്ര പാനം ചെയ്താലും മതിയാകയില്ല. ആ രസം വീണ്ടും വീണ്ടും ആസ്വദിച്ച് പാനം ചെയ്യാനാണ് ശുകബ്രഹ്മർഷി ആഹ്വാനം ചെയ്യുന്നത്. ദുർമരണത്തിന് ഇരയായി പ്രേതമായ തീർന്ന ധുന്ധുകാരി എന്ന ബ്രാഹ്മണന് സഹോദരനായ ഗോകർണ്ണന്റെ ഭാഗവതസപ്താഹം ശ്രവണവിധിയനുസരിച്ച് കേട്ടതോടെ മോക്ഷം കിട്ടി.

പ്രേമരൂപിയായ ഭഗവാൻ ഭൂമിയിൽ അവതരിച്ച് ചെയ്യേണ്ട കാര്യങ്ങളെല്ലാം ശരിയായി നിർവഹിച്ച് കഴിഞ്ഞ് ഇവിടെനിന്നും അന്തർധാനം ചെയ്തു. അന്നുമുതൽ കലി ഭൂമിയിൽ വിളയാട്ടം തുടങ്ങി. ജീവിതം ഈ ഭൂമിയിൽ സാരശൂന്യമാണ്. ഇന്ദ്രിയതൃഷ്ണയാകുന്ന വിഷം എല്ലാവരിലും സർവത്ര വ്യാപിച്ചിരിക്കുന്നു. ഈ വിഷമയമായ ജീവിതത്തിൽ നിന്നും രക്ഷപ്പെടാൻ ഭാഗവതാമൃതം പാനം ചെയ്യുക മാത്രമാണ് ഏക പ്രതിവിധി.

സകല കുകർമ്മങ്ങളും അനുഷ്ഠിച്ച് വെറും അധാർമ്മികമായ ജീവിതം നയിച്ച്, ദുർമരണം സംഭവിച്ച് കൊടുംപ്രേതമായി തീർന്ന ഒരു ബ്രാഹ്മണന്റെ കഥ ഭാഗവതം മാഹാത്മ്യത്തിൽ വിസ്തരിച്ച് പറയുന്നുണ്ട്. ദിവ്യശക്തിയുള്ള ഗോകർണ്ണൻ ധുന്ധുകാരി എന്ന ഈ ബ്രാഹ്മണ പ്രേതത്തെ രക്ഷിക്കാൻ ഭാഗവത സപ്താഹം സൂര്യഭഗവാന്റെ ഉപദേശം അനുസരിച്ച് നടത്തി. അതിന്റെ അവസാനം പ്രേതത്തിന് മുക്തി കിട്ടി. അവിടെ അന്ന് സംബന്ധിച്ചിരുന്ന മറ്റുള്ളവർക്കൊന്നും മുക്തി കിട്ടിയില്ല. ശ്രവണം ചെയ്താൽ മാത്രം പോരാ അതിലുള്ള ശ്രദ്ധയും തദ്വാരാ മനസ്സും ഉണ്ടാകണം. മനസ്സിനെ ഏകാഗ്രമാക്കി ശ്രദ്ധിക്കുന്നതാണ് മനനം. മനസ്സിനെ ഏകാഗ്രമാക്കാതെ ശ്രദ്ധയില്ലാതെയാണ് ജപവും മന്ത്രവും ചെയ്യുന്നതെങ്കിൽ അതിന് ഫലം കിട്ടുകയില്ല. ശ്രദ്ധയാണ് ഏറ്റവും പ്രധാനം. ശ്രദ്ധയുണ്ടെങ്കിലെ മനനം ചെയ്യാൻ സാധിക്കുകയുള്ളു.

ഇതേ അനുഭവം തന്നെയാണ് പരീക്ഷിത്തു മഹാരാജാവിനും സിദ്ധിച്ചിരുന്നത്. പക്ഷെ പ്രേതാവസ്ഥയിലെ രൂപമായിരുന്നില്ല എന്നുമാത്രം. കലിയെ അടക്കിയ മഹാരാജാവാണ് പരീക്ഷിത്ത്. അങ്ങനെയുള്ള ശക്തിശാലിയായ അദ്ദേഹത്തിനെ കലി ആക്രമിച്ചു കീഴടക്കി. സകല ഇന്ദ്രിയങ്ങളേയും അടക്കി ശാന്തനായി ധ്യാനിച്ചുകൊണ്ടിരുന്ന മുനിയാണ് ശമീകൻ. ദാഹം ശമിപ്പിക്കാനായി നായാട്ടിന് പുറപ്പെട്ട പരീക്ഷിത്തു മഹാരാജാവ് ധ്യാനിച്ചുകൊണ്ടിരുന്ന ആ മുനിയുടെ ആശ്രമത്തിൽ ചെന്ന് ദാഹജലം ചോദിച്ചപ്പോൾ നിശ്ചേഷ്ഠനായിരിക്കുന്ന മുനിയെക്കണ്ട് അദ്ദേഹത്തിന് കോപം വന്നു. അവിടെ അടുത്തു കിടക്കുന്ന ഒരു ചത്ത പാമ്പിനെ വില്ലിന്റെ അഗ്രത്തിൽ തോണ്ടിയെടുത്ത് മുനിയുടെ കഴുത്തിൽ ഇട്ടു.

തന്റെ പിതാവിന് നേരിട്ട ഈ അപമാനം ശൃംഗി എന്ന മുനി ബാലകൻ അറിഞ്ഞ് മഹാരാജാവിനെ ശപിച്ചു.

*“ഇതിലംഘിതമര്യാദം തക്ഷകഃ*
*സപ്തമേഗ്നി*
*ദംക്ഷ്യതിസ്മകുലാംഗരം ചോദിതോ*
*മേതതദ്രൂഹം”*
*(ഭാഗവതം I - II - 37)*

തന്റെ സങ്കല്പപ്രേരിതനായ തക്ഷകൻ എന്ന സർപ്പം മര്യാദലംഘിച്ച മഹാരാജാവിനെ ഏഴാം ദിവസം വിഷാഗ്നിയിൽ ദഹിപ്പിക്കട്ടെ എന്ന് ശപിച്ചു. ഇതറിഞ്ഞ മഹാരാജാവ് പ്രധാനപ്പെട്ട രാജ്യവാസികളെയും മന്ത്രിമാരേയും വിളിച്ചുവരുത്തി ശാപം അവരെ ധരിപ്പിച്ചു. ശ്രീകൃഷ്ണഭഗവാന്റെ പാദപത്മത്തെ സേവിച്ച് ശരീരരക്ഷയ്ക്കായുള്ള ആഹാരാദികൾ ഉപേക്ഷിച്ച് ഗംഗാനദീതീരത്തിൽ എത്തി. എല്ലാ വ്യാപാരണങ്ങളേയും അടക്കി ശ്രീകൃഷ്ണ പാദത്തെ മാത്രം ശ്രദ്ധയോടെ ധ്യാനിച്ചിരുന്നു.

ഇതറിഞ്ഞ് അനേകം മുനിമാർ അവിടെ എത്തി. മഹാരാജാവ് അവരെയെല്ലാം സാദരം പൂജിച്ച് വന്ദിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ വ്യാസപുത്രനായ ശുകബ്രഹ്മർഷിയും യദൃച്ഛയാ അവിടെ എഴുന്നെള്ളി. അവിടെ കൂടിയിരുന്ന എല്ലാ മുനിശ്രേഷ്ഠന്മാരും മഹാരാജാവും ശുകമുനിയെ കണ്ടപ്പോൾ എഴുന്നേറ്റ് വന്ദിച്ചു. മഹാരാജാവിന്റെ ഈ അവസ്ഥ അറിഞ്ഞപ്പോൾ ശുകബ്രഹ്മർഷി ഏഴുദിവസം കൊണ്ട് അദ്ദേഹത്തിനെ ഭാഗവതം വായിച്ചു കേൾപ്പിച്ചു. ശ്രദ്ധയോടെ ശ്രവണം ചെയ്ത പരീക്ഷിത്ത് മഹാരാജാവിന് സർപ്പദംശം മൂലം ഉണ്ടാകുന്ന ദുർമരണത്തിൽ നിന്നും മുക്തി നേടി കൊടുത്തു. ശ്രീശുകമുനിയിൽ നിന്നും നിർഗ്ഗളിച്ച് ഭാഗവതാമൃതം സേവിച്ച് മുക്തി ലഭിച്ച പരീക്ഷിത്ത് മഹാരാജാവ് ഇതിന് ഒരു വലിയ സാക്ഷി തന്നെയാണ്.

*അസാരേ സംസാരേ വിഷയവിഷസംഗാകുലധിയഃ*
*ക്ഷണാർദ്ധം ക്ഷേമാർദ്ധം പിബതശുകഗാഥാതുലസുധാം*
*കിമർത്ഥം വ്യർത്ഥം ഭോ, വ്രജത കുപഥേ കുത്സിഥകഥേ*
*പരീക്ഷിത് സാക്ഷീയച്ഛ്രവണഗത മൃക്ത്യുക്തി കഥനേ.*

**(ശ്രീമദ്ഭാഗവത മാഹാത്മ്യം അദ്ധ്യായം VI, 100)**

# വടക്കെ മലബാറിലെ ക്ഷത്രിയകുടുംബങ്ങൾ

ടി.എം. ശ്രീകുമാർ, കരിവെള്ളൂർ

കണ്ണൂർ, ജില്ലയിൽ കരിവെള്ളൂർ, ചെറുതാഴം അതിയടം എന്നീ സ്ഥലങ്ങളിൽ താമസിച്ചുവരുന്ന ക്ഷത്രിയ കുടുംബാംഗങ്ങളെ 'ഉണിത്തിരിമാർ' എന്ന പേരിലാണ് അറിയപ്പെടുന്നത്. വങ്ങാട്ടു മഠം, നൂഞ്ഞിയിൽ വടക്കെ മഠം, നൂഞ്ഞിയിൽ കിഴക്കെ മഠം, നൂഞ്ഞിയിൽ പടിഞ്ഞാറെ മഠം, നൂഞ്ഞിയിൽ പുതിയ മഠം, തെക്കെ മഠം, മണക്കാട്ട് മഠം, നൂഞ്ഞിയിൽ മഠം, പനയന്തട്ട മഠം, പടയമ്പത്ത് മഠം എന്നീ കുടുംബങ്ങളിൽപ്പെട്ടവരാണ് ഇവിടങ്ങളിൽ താമസിച്ചുവരുന്നത്. പ്രസിദ്ധ പണ്ഡിതനും, ജ്യോതിഷിയും ഭരണകർത്താവും പഞ്ചാബ് സിംഹം എന്നറിയപ്പെട്ടിരുന്ന റാണാ രൺജിത് സിംഹന്റെ ഉപദേഷ്ടാവ്, സ്വാതിതിരുനാൾ മഹാരാജാവിന്റെ ഭരണകാലത്തെ സദർകോർട്ട് ഒന്നാം ജഡ്ജി എന്നീ നിലകളിൽ പ്രശസ്തനുമായ ശങ്കരനാഥ ജ്യോത്സ്യർക്ക് ജന്മം നൽകിയ മഹത്തായ പാരമ്പര്യമുള്ള കുടുംബമാണ് വങ്ങാട്ടുമഠം. ഇദ്ദേഹം മരണം വരെ ആരാധിച്ചുപോന്നിരുന്ന ദേവി വിഗ്രഹമാണ് വങ്ങാട്ടുമഠത്തിന് സമീപം ക്ഷേത്രം നിർമ്മിച്ച് യഥാവിധി പ്രതിഷ്ഠ നടത്തിയ ശ്രീകാമാക്ഷി ക്ഷേത്രം. മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്ന വങ്ങാട്ടുമഠത്തിൽ രണ്ട് തവണ ദത്തെടുത്തുവെങ്കിലും സ്ത്രീ സന്താനങ്ങളില്ലാത്തതിനാൽ തറവാടും ക്ഷേത്രവും സംരക്ഷിക്കുന്നതിനായി അവസാനത്തെ കാരണവരായ പരേതനായ വങ്ങാട്ടു കേപ്പു ഉണിത്തിരിയുടെ നേതൃത്വത്തിൽ ട്രസ്റ്റ് രൂപീകരിക്കുകയാണ് ചെയ്തത്. ഈ ട്രസ്റ്റാണ് ഇപ്പോൾ വങ്ങാട്ടുമഠത്തിന്റെയും കാമാക്ഷി ക്ഷേത്രത്തിന്റേയും ഭരണ ചുമതല നിർവ്വഹിക്കുന്നത്. ഇന്ന് ക്ഷേത്രത്തിനും, തറവാടിനും അവകാശികളായി ആരും തന്നെയില്ല.

ഉണിത്തിരി കുടുംബങ്ങളിലെ മുതിർന്ന പുരുഷന്മാരെ 'ഉണിത്തിരി അമ്മോൻ' എന്ന പേരിലും മുതിർന്ന സ്ത്രീകളെ 'പിള്ളയാർതിരി അമ്മ' എന്ന പേരിലുമാണ് അറിയപ്പെടുന്നത്. ഉണിത്തിരി കുടുംബങ്ങളിലെ പഴയകാല പേരുകൾ രസകരമാണ്. പുരുഷന്മാരിൽ മിക്കവരും ഉണ്ണമ്മൻ, രാവർ, ശങ്കരൻ, കേപ്പു, നാരായണൻ, കൃഷ്ണൻ എന്നീ പേരുകളിലും സ്ത്രീകളിൽ മിക്കവരും പങ്കി, പാപ്പ, ഉമ്മു, സരസ്വതി, സാവിത്രി, പത്മിനി എന്നീ പേരുകളിലുമാണ് അറിയപ്പെട്ടിരുന്നത്. ഉണിത്തിരിമാർക്ക് ഉപനയനം നടത്തി പൂണുനൂൽ ധരിക്കുന്ന സമ്പ്രദായം പഴയകാലം മുതലെ നിലവിലില്ല. പഴയകാലങ്ങളിൽ ഉണിത്തിരി സ്ത്രീകളെ ബ്രാഹ്മണരാണ് വിവാഹം ചെയ്തു വന്നിരുന്നത്. പുരുഷന്മാർ മിക്കവരും അന്യ സമുദായത്തിൽ നിന്ന് വിവാഹം കഴിച്ചുവന്നിരുന്നു. പിന്നീട് നിരവധി വർഷങ്ങൾക്കു ശേഷം സ്വസമുദായ വിവാഹം നിലവിൽ വന്നു. ക്ഷത്രിയസമുദായങ്ങളിൽ അനുയോജ്യരായ വധൂവരന്മാരെ ലഭിക്കാനുള്ള സാധ്യത കുറഞ്ഞുവരുന്ന സ്ഥിതി സംജാതമായ ഇന്നത്തെ നിലയിൽ സമാന സമുദായങ്ങളായ സാമന്ത/നമ്പീശൻ/വാര്യർ എന്നീ സമുദായങ്ങളിൽ നിന്നും ഇന്ന് വിവാഹം കഴിക്കുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. വെജിറ്റേറിയൻ കുടുംബമായിരിക്കണമെന്നതുമാത്രമാണ് ഇന്ന് പരിഗണനക്കാധാരമായി കണക്കാക്കുന്നത്.

കരിവെള്ളൂരിലെയും സമീപപ്രദേശങ്ങളിലെയും ക്ഷത്രിയ/സാമന്ത കുടുംബങ്ങളെ ഉൾപ്പെടുത്തി ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് രൂപീകരിക്കുകയും 2003ൽ കേന്ദ്ര സഭയിൽ അഫിലിയേറ്റ് ചെയ്യുകയുമാണ് ചെയ്തത്. യൂണിറ്റ് രൂപീകരണത്തോടുകൂടി സമുദായത്തിന്റെ വിദ്യാഭ്യാസ, ആരോഗ്യ, സാംസ്കാരിക മേഖലകളിൽ നിരവധി പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കേന്ദ്രസഭയിൽ നിന്ന് പരമാവധി ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ നമ്മുടെ യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്. മേലിലും ഇത്തരം പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. സമുദായാംഗങ്ങളുടെ കൂട്ടായ്മയും, സഹകരണവും ഇത്തരം പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. അതേപോലെതന്ന ക്ഷത്രിയ കുടുംബത്തിലെ അഭിമാനസ്തംഭമായ ശങ്കരനാഥ ജോത്സ്യർ ആരാധിച്ചുപോന്നിരുന്ന ശ്രീകാമാക്ഷി ക്ഷേത്രവും ക്ഷത്രിയരുടെതാണെന്ന വിശ്വാസത്തോടെ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. വങ്ങാട്ടുമഠത്തിലെ മരിച്ചുപോയ കാരണവന്മാരുടെ മക്കളുടെയും ക്ഷത്രിയകുടുംബാംഗങ്ങളുടെയും കൂട്ടായ സഹകരണത്തോടെ ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ ക്ഷേത്രത്തിന് പ്രശസ്തിയും അഭിവൃദ്ധിയും സാമ്പത്തിക സ്ഥിതിയും കൈവരും എന്ന കാര്യത്തിൽ സംശയമില്ല.

വടക്കെ മലബാറിൽ ക്ഷത്രിയന്മാർ താമസിച്ചു വരുന്ന മറ്റൊരു സ്ഥലമാണ് കാസർഗോഡ് ജില്ലയിലെ നീലേശ്വരം. ഇവിടെ ക്ഷത്രിയക്ഷേമസഭയ്ക്ക് ശക്തമായ ഒരു യൂണിറ്റ് നിലവിലുണ്ട്. മറ്റൊരു ക്ഷത്രിയകേന്ദ്രമായ ചിറക്കലിൽ നാൽപ്പതോളം കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ടെങ്കിലും യൂനിറ്റ് നിലവിലില്ല. യൂണിറ്റ് രൂപീകരിക്കുന്നതിനായി ഇപ്പോഴത്തെ പ്രസിഡന്റ് സുരേന്ദ്രൻ ചേട്ടനും, എം. രവിവർമ്മ ചേട്ടനും കരിവെള്ളൂർ യൂനിറ്റിലെ ടി.എം. ശ്രീകുമാർ, വി.എം. കൃഷ്ണകുമാർ, എൻ.പി. ബാലകൃഷ്ണൻ എന്നിവർ നിരവധി തവണ ശ്രമം നടത്തിയെങ്കിലും ഇതെവരെ വിജയം കണ്ടില്ല. ക്ഷത്രിയരുടെ കൂട്ടായ്മയ്ക്കും, വിദ്യാഭ്യാസ, ആരോഗ്യ, സാംസ്കാരിക പുരോഗതിക്കും ക്ഷത്രിയ ക്ഷേമസഭ നൽകുന്ന സേവനം മഹത്തരവും ശ്ലാഘനീയവുമാണ്. ●

# വേണാട്

## (തിരുവിതാംകൂർ) രാജവംശം - XXXIX

**ഡോ. ആർ. പി. രാജാ**

ടിപ്പു സുൽത്താനുമായുള്ള യുദ്ധത്തിൽ ഇംഗ്ലീഷുകാരുടെ സഹായത്തോടെയാണെങ്കിലും, ധർമ്മരാജാവിന് ലഭിച്ച വിജയം അദ്ദേഹത്തിന് ഒരു വലിയ സമാധാനം നല്കി. കാരണം, അതിശക്തനായ മൈസൂർ സുൽത്താനിൽ നിന്നും തിരുവിതാംകൂർ രാജ്യം രക്ഷപ്പെട്ടുവെന്നതു കൊണ്ടു തന്നെ. എന്നാൽ, ഈ സമാധാനം അധികകാലം നിലനിന്നില്ല. ഭാരതത്തിലെ രാജാക്കന്മാരെ സഹായിയ്ക്കുന്നതിനോടൊപ്പം തന്നെ, കമ്പനിയുടെ താല്പര്യങ്ങൾ സംരക്ഷിയ്ക്കുവാൻ വേണ്ടി പാവകളിപ്പിയ്ക്കുവാനും മടിയില്ലാത്ത ഇംഗ്ലീഷുകാർ ധർമ്മരാജാവിനേയും സ്വസ്ഥമായി രാജ്യം ഭരിയ്ക്കുവാൻ അനുവദിച്ചില്ല. ടിപ്പു സുൽത്താനുമായി യുദ്ധം ചെയ്തത് തിരുവിതാംകൂറിന്റെ താല്പര്യം സംരക്ഷിയ്ക്കുവാനായിരുന്നുവെന്നും അതു കാരണം യുദ്ധത്തിന്റെ മുഴുവൻ ചെലവും കമ്പനിയ്ക്ക് തിരുവിതാംകൂർ നൽകണമെന്നുമായിരുന്നു അവർ ആവശ്യപ്പെട്ടത്. എ.ഡി. 1788-ലെ ഉടമ്പടി പ്രകാരം തിരുവിതാംകൂർ അതിർത്തികൾ കാത്തു സൂക്ഷിയ്ക്കുവാൻ കമ്പനി തിരുവിതാംകൂറിനകത്തു നിറുത്തിയിരിയ്ക്കുന്ന സൈന്യവിഭാഗങ്ങളുടെ ചെലവ് മാത്രം വഹിച്ചാൽ മതിയായിരുന്നു. കൂടുതൽ സൈന്യം ആവശ്യമായി വരികയാണെങ്കിൽ, അതിന്റെ ചെലവ് കമ്പനി വഹിയ്ക്കുമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ ടിപ്പുവുമായുള്ള യുദ്ധത്തിന്റെ ചെലവ് മുഴുവൻ തിരുവിതാംകൂർ തന്നെ വഹിയ്ക്കണമെന്ന കമ്പനിയുടെ പിടിവാശി കരാർ ലംഘനമാണെന്നും, അത് ന്യായമല്ലെന്നും ഒരു നിലപാടാണ് ധർമ്മരാജാവ് സ്വീകരിച്ചത്. 1792-ൽ ശ്രീരംഗപട്ടണത്തുവച്ച് ടിപ്പുസുൽത്താനുമായുള്ള ഉടമ്പടിയിൽ, കമ്പനിയ്ക്ക് ആകെ മൂന്ന് കോടി രൂപാ ചെലവായിട്ടുണ്ടെന്നും, അത് സുൽത്താൻ കൊടുക്കണമെന്നും പറഞ്ഞ വ്യവസ്ഥയ്ക്ക് പുറമെയാണ് കമ്പനി തിരുവിതാംകൂറിനോടും ആവശ്യപ്പെട്ടത്. ബുദ്ധിമാനും ദീർഘവീക്ഷണനും രാജ്യതന്ത്രജ്ഞനുമായ രാജാകേശവദാസൻ കാര്യങ്ങൾ വിലയിരുത്തിയപ്പോൾ, കമ്പനിയുടെ ആവശ്യങ്ങൾ എതിർക്കാതിരിയ്ക്കുന്നതാണ് നല്ലതെന്ന് ധർമ്മരാജാവിനെ ഉപദേശിച്ചു. തിരുവിതാംകൂറിലെ ഖജനാവ് പല കാരണങ്ങളാലും ശോഷിച്ചിരിയ്ക്കുകയായിരുന്നു. എങ്കിലും കേശവദാസന്റെ സാമർത്ഥ്യം കാരണം, ഏഴ് ലക്ഷം രൂപാ സ്വരൂപിച്ച് കമ്പനിയ്ക്ക് നല്കി. മദിരാശി ഗവർണർ മിഡോസിന് പകരം വന്ന സർ ചാൾസ് ഓക്കലെ, യുദ്ധച്ചിലവിനുവേണ്ടി വന്ന കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ആ കടം വീട്ടുവാൻ പ്രതിവർഷം പത്തുലക്ഷം രൂപാ വീതം കമ്പനിയിൽ അടയ്ക്കുവാൻ ധർമ്മരാജാവിനോട് ആവശ്യപ്പെട്ടു. ഇത് എത്രമാത്രം മനോവിഷമം ഉണ്ടാക്കിയിരിയ്ക്കുമെന്നുള്ള വസ്തുത ഊഹിയ്ക്കാവുന്നതേയുള്ളു. കമ്പനിക്കാർ യുദ്ധച്ചെലവ് കണക്കാക്കിയത് ന്യായമായ രീതിയിലായിരുന്നില്ല. അവർ ആകെ മൊത്തം ചെലവ് എന്ന രീതി അവലംബിയ്ക്കുകയായിരുന്നു. കമ്പനി സൈന്യത്തോടൊപ്പം തിരുവിതാംകൂർ സൈന്യവും യുദ്ധത്തിലേർപ്പെട്ട കാര്യവും അതിലേയ്ക്കായി തിരുവിതാംകൂർ ചെലവാക്കിയ പണവും കമ്പനി കണക്കിലെടുത്തില്ല. ഇതെല്ലാം മദിരാശി ഗവർണർ ഓക്കലെയുടെ പിടിവാശി ഒന്നുമാത്രമായിരുന്നു. തിരുവിതാംകൂറിന്റെ വിഷമാവസ്ഥകളും, 1788-ലെ ഉടമ്പടി വ്യവസ്ഥകളുമെല്ലാം ഗവർണർ ജനറലായ കോൺവാലിസ് പ്രഭുവിനെ അറിയിച്ചു. യുദ്ധാവസരത്തിലെന്നപോലെ, ഇപ്രാവശ്യവും കോൺവാലിസ് പ്രഭു തന്നെ തിരുവിതാംകൂറിന്റെ സഹായത്തിനായെത്തി. തിരുവിതാംകൂർ അടച്ച ഏഴ് ലക്ഷം രൂപാ മതിയെന്നും, വേറെ തുക വാങ്ങേണ്ടതില്ലെന്നും കോൺ വാലിസ് മദിരാശി ഗവർണ്ണറെ അറിയിച്ചു. അങ്ങിനെ ധർമ്മരാജാവിന് വീണ്ടും മനസ്സമാധാനം ലഭിച്ചു.

ആയക്കോട്ടയിൽ നിറുത്തിയിരുന്ന കമ്പനിസൈന്യത്തിന്റെ ചെലവ് തിരുവിതാംകൂറാണ് വഹിച്ചിരുന്നത്. യുദ്ധഭീഷണി ഒഴിവായതിനാൽ ഈ വിഭാഗത്തെ പിൻവലിയ്ക്കാമെന്ന് ധർമ്മരാജാവ് അഭിപ്രായപ്പെട്ടെങ്കിലും കമ്പനിയ്ക്ക് അത് അത്ര സമ്മതമായിരുന്നില്ല. ഗവർണ്ണർ ജനറലായ വാറൻ ഹേസ്റ്റിംഗ്സിന്റെ കാലം മുതൽ ഇന്ത്യൻ രാജാക്കന്മാരുമായി കൂടെക്കൂടെ സൗഹൃദ ഉടമ്പടികൾ ഉണ്ടാക്കുവാൻ വലിയ താല്പര്യമായിരുന്നു. യഥാർത്ഥത്തിൽ ഉടമ്പടി സൗഹൃദമായിരുന്നെങ്കിലും ഓരോ ഉടമ്പടി കഴിയുമ്പോഴും അവരുടെ കൈകൾ രാജാക്കന്മാരുടെ കഴുത്തിൽ മുറുകുകയായിരുന്നു. വളരെ തന്ത്രപൂർവമായ ഉടമ്പടികളായിരുന്നതിനാൽ പലപ്പോഴും അവയുടെ

ആന്തരാർത്ഥം പിൽക്കാലത്തു മാത്രമേ ബോദ്ധ്യപ്പെട്ടുള്ളു. എന്തായാലും ധർമ്മരാജാവ്, കമ്പനിയിൽ വിശ്വാസമർപ്പിച്ച് 1795 നവംബർ 17-ാം തീയതി ഒരു പുതിയ ഉടമ്പടിയിൽ ഏർപ്പെട്ടു. ഭാഗ്യവശാൽ വലിയ അപകടമുള്ളതായിരുന്നില്ല ഈ ഉടമ്പടി.

ധർമ്മരാജാവിന്റെ ഭരണ പരിഷ്ക്കാരങ്ങളെ ഇവിടെ പ്രതിപാദിയ്ക്കുന്നില്ല. 1758 മുതൽ 1798 വരെയുള്ള 40 വർഷക്കാലത്തിനിടയിൽ പലതരത്തിലുള്ള പ്രതിസന്ധികൾ നേരിടേണ്ടി വന്നെങ്കിലും അദ്ദേഹത്തിന് അവയെ തരണം ചെയ്യുവാനും രാജ്യത്തെ ഐശ്വര്യത്തിന്റെ പാതയിലേയ്ക്ക് നയിയ്ക്കുവാനും കഴിഞ്ഞു.

കൊ.വ. 963 ഇടവം 21-ാം തീയതി പൂരുരുട്ടാതി തിരുനാൾ ആറ്റിങ്ങൽ മൂത്തതമ്പുരാൻ ദിവംഗതയായി. മകയിരം തിരുനാൾ, അവിട്ടം തിരുനാൾ എന്ന് രണ്ട് ആൺവഴി കൊച്ചുതമ്പുരാക്കന്മാർ മാത്രമേ ഈ തമ്പുരാന് ജനിച്ചുള്ളു. അതുകൊണ്ട്, രാജകുടുംബം അന്യത്തിന്റെ ഭീഷണിയിലായി. മൈസൂർ സുൽത്താന്മാരുടെ ഭീഷണിയെത്തുടർന്ന് മാവേലിക്കര വന്ന് പാർത്തിരുന്ന കോലസ്വരൂപശാഖയായ ചെങ്ങക്കോവിലകത്തു നിന്നും ധർമ്മരാജാവ് 'പള്ളിക്കെട്ട് പതിയാത്ത' ഭരണി തിരുനാൾ പാർവ്വതി, ഉത്രം തിരുനാൾ ഉമ എന്നീ രണ്ടു പെൺകുട്ടികളെ ദത്തെടുക്കുവാൻ തീരുമാനിച്ചു. ഈ കുട്ടികളെ ദത്തെടുക്കുന്നത് ശ്രീപത്മനാഭസ്വാമിയ്ക്ക് സമ്മതമാണോ എന്ന് 'തിരുവുള്ളച്ചീട്ട്' എഴുതി, ശ്രീപാദത്തുങ്കൽ വച്ച് എടുത്തു 'കണ്ടാറെ' സമ്മതമാണെന്ന് കാണുകയാൽ കൊ.വ. 964, തുലാം 13-ാം തീയതി ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ പടിയും പടിയേറ്റവും നടത്തി, യഥാക്രമം ആറ്റിങ്ങൽ മൂത്ത തമ്പുരാൻ, ആറ്റിങ്ങൽ ഇളയ തമ്പുരാൻ എന്ന സ്ഥാനമാനങ്ങളോടെ രാജകുടുംബത്തിലേയ്ക്ക് ദത്തെടുത്തു. കൊ. 480-ൽ (1305 എ.ഡി.) രവിവർമ്മ സംഗ്രാമധീരനും, കൊ.വ. 863-ൽ ഉമയമ്മ റാണിയും കൊ.വ. 893-ൽ ഉണ്ണിക്കേരള വർമ്മയും നടത്തിയ ദത്തുകൾ പോലെ തിരുവിതാംകൂർ രാജകുടുംബചരിത്രത്തെ വളരെ സ്വാധീനിച്ച ദത്തായിരുന്നു ഇതും. രാജകുടുംബത്തെ സംരക്ഷിച്ചെങ്കിലും, പില്ക്കാലത്ത് ഈ ദത്ത് ചില പ്രശ്നങ്ങളും സൃഷ്ടിയ്ക്കാതിരുന്നില്ല.

രാജകുടുംബത്തിൽ ധർമ്മരാജാവിന് നേരിടേണ്ടി വന്ന വേറൊരു വൈഷമ്യം ഇളയ രാജാവായ അവിട്ടം തിരുനാൾ ബാലരാമവർമ്മയെ സംബന്ധിച്ചായിരുന്നു. ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു മതിലകം രേഖയുടെ ചില പ്രസക്ത ഭാഗങ്ങൾ ഉദ്ധരിയ്ക്കട്ടെ. തൃപ്പാപ്പു സ്വരൂപത്തിങ്കൽ രാജാക്കന്മാരെ വേണ്ടുന്നതിനു കോലസ്വരൂപത്തുങ്കൽ നിന്നും പള്ളിക്കെട്ട് പതിക്കാതെ ദത്തു പെൺവഴി രാജാക്കന്മാരെ വരുത്തി. തൃപ്പാപ്പൂർ സ്വരൂപത്തുങ്കലേയ്ക്കു അവകാശമാക പെരുമാൾ ശ്രീപത്മനാഭപ്പെരുമാൾ ക്ഷേത്രത്തിൽ 'പടിയും പടിയേറ്റ'വും കഴിപ്പിച്ചു വട്ടക പ്രസാദവും ഇട്ട് അവകാശമാക്കി പള്ളിക്കെട്ടും പതിപ്പിച്ചു ആ രാജാക്കന്മാർ തിരുവയറു വാണു ഒണ്ടാകുന്ന ആൺവഴിയ്ക്കും പെൺവഴിയ്ക്കും വയസ്സു ക്രമംപോലെ ആൺവഴി മൂപ്പും, പെൺവഴി ആറ്റിങ്ങൽ മൂപ്പും നടന്നു വരവെ, ആൺവഴി ഇളമുറയായിരുന്ന അശ്വതി തിരുനാൾ രാമവർമ്മ രാജാവ് 969-ാമാണ്ട് മാർകഴി (ധനു) മാസം നാടുനീങ്ങിയതിന്റെ ശേഷം അവിട്ടം തിരുനാൾ പിറന്ന ഇളയ രാമവർമ്മ രാജാവിനു പ്രാപ്തി ഇല്ലാഴിക കൊണ്ടും, കോലത്തുനാട്ടിൽ നിന്നും ഒരു രാജാവിനെ വരുത്തി അവകാശമാക്കിവയ്ക്കത്തക്കവണ്ണം കാർത്തിക തിരുനാൾ തിരുഅവതാരം ചെയ്തരുളിയ ശ്രീപത്മനാഭദാസബാലരാമവർമ്മ കുലശേഖരപ്പെരുമാൾ ഇരുന്നരുളിയിടത്തിൽ പണ്ടാരത്തിൽ നിന്നും കല്പിച്ചു 969-ാം മാണ്ട് ചിത്തിര (മേടം) 4-ാം തീയതി കോലത്തുനാട്ടിൽ നിന്നും ഒരു രാജാവിനെ വരുത്തിയതിന്റെ ശേഷം ആൺവഴി രാജാക്കന്മാരെ അവകാശമാക്കി പടിയേറ്റം കഴിപ്പിച്ചിട്ടൊള്ള പ്രകാരത്തിനു മതിലകത്തു കണക്കു നോക്കി കണ്ടെടുത്തു ആൺവഴി രാജാക്കന്മാരെ അവകാശമാക്കി പടിയും പടിയേറ്റവും കഴിച്ച വട്ടക പ്രസാദം ഇട്ട അവകാശമാക്കിയ പ്രകാരം ദത്തു കണക്കു കാണാഴിക കൊണ്ട് ആൺവഴിയെ അവകാശമാക്കി വയ്ക്കുന്നതു ശ്രീപത്മനാഭസ്വാമിയ്ക്ക് തിരുവുള്ളം തന്നെയൊ എന്നും രണ്ടു തിരുവിള്ളച്ചീട്ടു എഴുതിച്ചു ശ്രീ പത്മനാഭപ്പെരുമാളിടെ ശ്രീപാദത്തുങ്കൽ വൈപ്പിച്ച് പിറ്റേന്നാൾ എടുപ്പിച്ചു കണ്ടാറെ ആൺവഴി രാജാവിനെ അവകാശമാക്കി വയ്ക്കുന്നത് ഭഗവാന് ഇഷ്ടമല്ല എന്നു തിരുവുള്ളച്ചീട്ടു വരികകൊണ്ടു കോലത്തുനാട്ടിൽ നിന്നും വരുത്തിയ രാജാവിനോട് കാണ്മാനായിട്ട് അത്രെ വരുത്തി എന്നും കല്പിച്ചു ടി രാജാവിനെ കോലത്തുനാട്ടിലേക്ക് കല്പിച്ച് അയയ്ക്കുകയും ചെയ്തു.

*(തുടരും)*



പാലക്കാട് കോതമംഗലത്ത് മഠത്തിൽ മുരളീധര വർമ്മയുടെയും മാങ്കാവ് കോവിലകത്ത് രമാവർമ്മയുടെയും മകനായ ശ്രീരാജ് വർമ്മയ്ക്ക് റീജന്റ് മഹാറാണി സേതുലക്ഷ്മീബായി വിദ്യാഭ്യാസ പുരസ്കാരം ലഭിച്ചു. ശ്രീരാജ് ഇപ്പോൾ കുന്നംകുളം ഗവ. ബോയ്സ് ഹൈസ്കൂളിൽ പ്ലസ്I വിദ്യാർത്ഥിയാണ്. കഴിഞ്ഞവർഷം പാലക്കാട് ജില്ലാ സ്കൂൾ കലോത്സവത്തിൽ സംസ്കൃത അക്ഷരശ്ലോകമത്സരത്തിൽ രണ്ടാംസ്ഥാനം ലഭിച്ചിട്ടുണ്ട്.

# പി കെ രാജരാജവർമയുടെ കൃതികൾ - ഒരു പഠനം

ഡോ. റ്റി.ജി. ശരച്ചന്ദ്രൻ

*[പ്രശസ്ത ഹാസസാഹിത്യകാരൻ പി.കെ. രാജരാജ വർമ്മയുടെ ഹാസ്യകൃതികളെ ആസ്പദമാക്കി ഡോ. റ്റി.ജി. ശരച്ചന്ദ്രൻ തയ്യാറാക്കിയ പ്രബന്ധത്തിന്റെ പ്രസക്ത ഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്നു. കുഞ്ചിയമ്മ അവാർഡിനു വേണ്ടി സമർപ്പിച്ച പ്രസ്തുത പ്രബന്ധം മറ്റ് എൻട്രികൾ ഒന്നും ലഭിക്കാതിരുന്നതിനാൽ അവാർഡിന് പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല.* പത്രാധിപർ]

ഫലിതം മലയാളിക്കു ജന്മസിദ്ധമാണ് എന്നാണല്ലൊ നാം കരുതി വരുന്നത്. തമാശകൾ സൃഷ്ടിക്കാനും ആസ്വദിക്കാനും നമുക്ക് സവിശേഷമായ സാമർത്ഥ്യമുണ്ട് എന്ന് നാം തന്നെ അഭിമാനിക്കുന്നു. ഹാസ്യസമ്രാട്ടുകളായിരുന്ന കുഞ്ചൻ നമ്പ്യാരുടെയും ഈ.വീ. യുടെയും സഞ്ജയന്റെയും നർമം ആവോളം ആസ്വദിച്ച നമ്മൾ ഇന്നിപ്പോൾ നാലാംതരം സിനിമയിലെ ഹാസ്യമെന്ന പേരിലുള്ള കോപ്രായങ്ങൾ കണ്ടു ചിരിക്കാൻ തയ്യാറായി നിൽക്കയാണ്. ഹാസ്യസാഹിത്യശാഖയും ഇന്നു തുലോം ശുഷ്കമായെന്നു വേണം പറയാൻ. ഉത്തമഹാസ്യത്തിന്റെ നിദർശനങ്ങളെന്നു പറയാവുന്ന കൃതികൾ ഇന്ന് അത്ര വിരളമാണ്.

മൂന്നു നാലു പതിറ്റാണ്ടു മുമ്പു വരെ ഇതായിരുന്നില്ല അവസ്ഥ. അക്കാലത്തെ ഹാസ്യസാഹിത്യകാരന്മാർക്കിടയിൽ മുന്നിട്ടു നിൽക്കുന്ന ശ്രീ പി.കെ രാജരാജവർമ്മ കേരളത്തിലെ ഒന്നുരണ്ടു തലമുറയിലെ മുഴുവൻ വായനക്കാരുടെയും മനം കവർന്ന കഥാകൃത്താണ്. 1928-ൽ അദ്ദേഹം തന്റെ സാഹിത്യസപര്യ തുടങ്ങിയതായി കാണാം. മലയാളരാജ്യം, മലയാള മനോരമ, മാതൃഭൂമി, ശ്രീചിത്രയുഗം തുടങ്ങിയ ആഴ്ചപ്പതിപ്പുകളിലും മഹിള, വനിത, സോദരി, സാഹിത്യപരിഷത്ത്, ലോകവാണി മുതലായ വിശേഷാൽ പ്രതികളിലും എഴുതി വന്ന കഥകളാണ് പിന്നീടു പുസ്തക രൂപത്തിലായത്. അവയിൽ പഞ്ചുമേനോനും കുഞ്ചിയമ്മയും തന്നെ ജനപ്രിയതയിൽ മുന്നിൽ.

തനി സാധാരണക്കാരാണു പഞ്ചുമേനോനും ഭാര്യ കുഞ്ചിയമ്മയും. വലിയ മോഹങ്ങളൊന്നുമില്ലാത്ത ഒരിടത്തരം വക്കീലാണു പഞ്ചുമേനോൻ. വീട്ടുകാര്യങ്ങൾ സാമാന്യം നന്നായി നോക്കാൻ കഴിയുന്ന നല്ല കുടുംബിനിയാണു കുഞ്ചിയമ്മ. അവർക്കിടയിൽ പ്രണയം നാമ്പെടുക്കുന്നതു മുതൽ അവരുടെ നാലു മക്കളിൽ മൂത്തവരായ ഓമനക്കുട്ടനും അമ്മിണിക്കുട്ടിക്കും കല്യാണപ്രായമാകുന്നതു വരെയുള്ള കാലഘട്ടത്തിലെ സംഭവങ്ങളാണ് എഴുപതോളം കഥകളിലൂടെ കഥാകൃത്ത് നർമം തുളുമ്പുന്ന ഭാഷയിൽ രചിച്ചിരിക്കുന്നത്. കാലത്തിനനുസരിച്ച് അവർക്കു ചുറ്റുമുള്ള ലോകത്തു വരുന്ന ക്രമാനുഗതമായ മാറ്റവും വളരെ സൂക്ഷ്മതയോടെ നമുക്ക് അനുഭവവേദ്യമാക്കിത്തരുന്നു കഥാകൃത്ത്.

മേനോനും കുഞ്ചിയമ്മയും നമുക്കിടയിലുള്ളവർ തന്നെയാണ്. അവരുടെ ഇണക്കങ്ങളും പിണക്കങ്ങളും അവ എത്ര നിസ്സാരങ്ങളാണെങ്കിൽക്കൂടി, നമ്മുടെ തന്നെ ജീവിതത്തിലെ പതിവിനങ്ങളാണ്. പക്ഷെ, അവയിലൊക്കെ ഓരോ കഥാബീജം കണ്ടെത്താനുള്ള ശ്രീ രാജരാജവർമയുടെ കഴിവ് എത്ര പുകഴ്ത്തിയാലും മതിയാവില്ല. ഇവയിലൂടെ അദ്ദേഹം നമുക്കു നേരെ ഒരു കണ്ണാടി കാട്ടിത്തരുന്നു. 'ഇന്നലെ നിങ്ങൾ ഇതിനല്ലേ തമ്മിൽ പിണങ്ങിയത്?" എന്ന മട്ടിലുള്ള ചോദ്യങ്ങൾ തൊടുക്കുന്നു. ഈ കഥ വായിക്കുമ്പോൾ, യഥാർത്ഥത്തിൽ, നാം നമ്മെത്തന്നെയാണ് നോക്കിച്ചിരിക്കുന്നത്. ആ തലത്തിലേയ്ക്ക് നമ്മെ ഉയർത്തുന്നതു തന്നെ ഒരു യഥാർത്ഥ ഹാസ്യകഥാകൃത്തിന്റെ വിജയം.

ശ്രീ രാജരാജവർമയുടെ കൃതികളെപ്പറ്റി പ്രൊഫസർ ഗുപ്തൻ നായർ തെരഞ്ഞെടുത്ത കുഞ്ചിയമ്മക്കഥകൾ എന്ന കൃതിയുടെ അവതാരികയിൽ പറയുന്നത് അത്ര വലിയ സാമൂഹ്യ വിമർശനങ്ങൾക്കൊന്നും ശ്രീ വർമ്മ മുതിരുന്നില്ല എന്നാണ്. ഇന്നത്തെ 'അണുകുടുംബ'ത്തിന്റെ ഒരു സാമ്പിളാണല്ലോ മേനോന്റേതും – അവിടെയും അച്ഛനും അമ്മയും മക്കളും ഒരു അമ്മൂമ്മയുമാണുള്ളത്. മുപ്പതു വർഷം മുമ്പെഴുതിയ അവതാരികയിൽ തന്നെ അന്ന് കുടുംബങ്ങളിൽ നിലനിന്നിരുന്ന പിരിമുറുക്കങ്ങളെപ്പറ്റി പറയുന്നുണ്ട്. അപ്പോൾ ഇന്നത്തെ അവസ്ഥയോ? പിരിമുറുക്കം പതിന്മടങ്ങായി വർദ്ധിക്കുകയും പല കുടുംബങ്ങളും കൂട്ട ആത്മഹത്യയ്ക്കുപോലും ഒരുമ്പെടുകയും ചെയ്യുന്ന ദുഃഖകരമായ സാഹചര്യമാണ് ഇന്നു നിലവിലുള്ളത്. പലപ്പോഴും ഗൃഹാന്തരീക്ഷത്തിലെ ചെറിയ പ്രശ്നങ്ങളാണ് വളർന്ന് ഭീകര രൂപമാർന്ന് കുടുംബത്തെ തന്നെ വിഴുങ്ങിക്കളയുന്നത്. മേനോൻ-കുഞ്ചിയമ്മക്കഥകൾ നമുക്കു കാട്ടിത്തരുന്നത് ഇത്തരം പ്രശ്നങ്ങളെ എങ്ങിനെ നേരിടാമെന്നാണ്. എല്ലാ പ്രശ്നങ്ങൾക്കും ഇതിൽ പരിഹാരമൊന്നും നിർദ്ദേശിക്കുന്നില്ലെങ്കിലും സ്ഫോടനാത്മക

മായ ഒരു ഗാർഹികപ്രശ്നത്തെ അൽപം നർമബോധത്തോടെ ഇരുകൂട്ടരും സമീപിച്ചാൽ അത് എത്ര ലഘുവായിത്തീരുമെന്ന് ഈ കഥകളിലൂടെ ശ്രീ രാജരാജവർമ നമ്മെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. അതാണ് അദ്ദേഹത്തിന്റെ കൃതികളുടെ ഏറ്റവും വലിയ വിജയമായി ഞാൻ കാണുന്നത്.

ആദ്യത്തെ കഥയിൽ നമ്മൾ കാണുന്നത് പ്രണയബാധിതനായ പഞ്ചുമേനോൻ സായാഹ്നസവാരി മണക്കാട്ടേയ്ക്കു മാറ്റുന്നതാണ്. അവിടെയാണ് ഈ കഥകളിലെ നായികയായ കുഞ്ചിയമ്മയുടെ വീട്. സായാഹ്നസവാരി മാറ്റിയതിന്റെ പൊരുൾ സുഹൃത്തു മനസ്സിലാക്കുന്നതും മേനോൻ ഉരുണ്ടുകളിക്കുന്നതും ഗത്യന്തരമില്ലാതെ, ഒടുവിൽ, തന്റെ പ്രേമഭാജനത്തെ ഒരു ഗ്രൂപ്പു ഫോട്ടോയിൽ നിന്നു തിരിച്ചറിയാൻ സുഹൃത്തിനോട് ആവശ്യപ്പെടുന്നതുമായ രംഗങ്ങൾ നർമം നിറഞ്ഞവയാണ്. കാമുകൻ അന്ധനാണെന്ന ചൊല്ല് അനുസ്മരിപ്പിക്കുംവിധം മേനോൻ കുഞ്ചിയുടെ സൗന്ദര്യത്തിൽ മതിമറന്നു പോകുന്നു. അവരെ ഉപ്പുമാങ്ങാഭരണിയോട് ഉപമിച്ച സുഹൃത്തിനോടു മേനോൻ കയർക്കുന്നുമുണ്ട്. ചായക്കടയിൽ ചെന്ന് സപ്ലയറോട് കഴിക്കാൻ 'കുഞ്ചി' വേണമെന്ന് സ്ഥലകാലബോധമില്ലാതെ മേനോൻ ആവശ്യപ്പെടുന്നു. ഇപ്രകാരമാണ് 'കുഞ്ചി' എന്ന കഥാനായികയെ കഥാകൃത്ത് പരിചയപ്പെടുത്തുന്നത്.

ഹൈകോർട്ടു വക്കീലായിരുന്നിട്ടു കൂടി ഭാര്യയുടെ ഇംഗ്ലീഷ് പഠനത്തിനുള്ള പ്രലോഭനമെന്ന നിലയിൽ അവരോടൊപ്പം നാട്ടിൻ പുറത്തെ വിനോദമായ, കുഞ്ചിയമ്മയ്ക്കു വളരെ പ്രിയപ്പെട്ട, ഇരുപത്തെട്ടു നായും പുലിയും കളിക്കാൻ പഞ്ചുമേനോനും കൂടുന്നു. ഭാര്യയെ ഏതുവിധേനയും സന്തോഷിപ്പിക്കാൻ ഭർത്താവ് ഒരുക്കമാണ്. പഠനം കുഞ്ചിയമ്മ 'F'ൽ അവസാനിപ്പിക്കുന്നതും പിന്നീട് സ്വയം അക്ഷരങ്ങൾ പഠിച്ചു സാമർത്ഥ്യം തെളിയിക്കുന്നതും അത് ഒരു മാല വാങ്ങലിൽ എത്തിക്കുന്നതും രസകരമാണ്. വീണ്ടും പഠനം 'F'ൽ എത്തി, ഇങ്കിരീസു പഠിച്ചു വഷളാകേണ്ടെന്ന് അന്നേ താൻ അവളോടു പറഞ്ഞതാണ് എന്ന കാളിയമ്മയുടെ കമന്റു വരെ നീളുന്ന സംഭവങ്ങൾ ഓർത്തോർത്തു ചിരിക്കാൻ വക നൽകുന്നു.

അമ്മായിയമ്മയും മരുമകനും തമ്മിലുള്ള ബന്ധത്തിന്റെ നർമ്മത്തിൽ ചാലിച്ചെഴുതിയ ചിത്രമാണ് 'കാളിയമ്മ'. മരുമകനെക്കുറിച്ചു വലിയ പ്രതീക്ഷകൾ പുലർത്തുന്നു കാളിയമ്മ. അദ്ദേഹത്തിന് ഒരു കുറവും വരാതെ എല്ലാം ഒരുക്കിക്കൊടുക്കുന്നു. അവസാനം 'കേസില്ലാക്കോർട്ടിലെ പീസില്ലാവക്കീൽ' എന്ന പെണ്ണുങ്ങളുടെ കളിയാക്കലും കാളിയമ്മയുടെ ഭാവപ്പകർച്ചയും ഊറിച്ചിരിക്കാൻ വക നൽകും. വീടുകളിലെ സാധാരണ സംഭവം ശ്രീ രാജരാജവർമയുടെ തൂലികയിലൂടെ അത്യന്തം നർമമധുരമായ കഥയായി രൂപാന്തരപ്പെടുന്നു. 'കാളിയമ്മയ്ക്ക് ഒരു ചക്ക കണ്ടാൽ അതു കൂഴയോ വരിക്കയോ എന്നു പറയാമോ? അതുപോലെ, ഒരു വക്കീലിനെ കണ്ടാൽ ഞാൻ പറയാം, അയാൾ കൂഴയോ വരിക്കയോ എന്ന്' വ്യവഹാരപ്രിയനായ കിട്ടുശ്ശാരുടെ ഇപ്രകാരമുള്ള മൊഴിയാണ് അനിഷ്ടസംഭവങ്ങൾക്കു വഴി വെച്ചത്. ഓമനക്കുട്ടന്റെ വരവോടെ അമ്മായിയമ്മയും മരുമകനും രമ്യതയിലാവുന്നു.

പഞ്ചുമേനോനും കുഞ്ചിയമ്മയും തമ്മിലുള്ള സൗന്ദര്യപ്പിണക്കങ്ങൾ മിക്ക കഥകളിലും കാണാം. എന്നാൽ അവരെ പിണങ്ങാൻ വിടാതെ പ്രശ്നം സൂത്രത്തിൽ പരിഹരിച്ചു സായൂജ്യമടയുന്നു കഥാകൃത്ത്. നിർദ്ദോഷമായ ഹാസ്യമാണ് ഇവയിലെല്ലാം ഒളിഞ്ഞിരിക്കുന്നത്. സാധാരണ സംഭാഷണങ്ങളിൽ തുടങ്ങി വളരെ പെട്ടെന്നാണ് അവർ പിണക്കത്തിന്റെ പാരമ്യത്തിലെത്തുന്നത്. ഇത്തരം അവസ്ഥകൾ ചിത്രീകരിക്കാൻ ഒരു പ്രത്യേക വൈദഗ്ദ്ധ്യം തന്നെയുണ്ട് കഥാകൃത്തിന്.

കുഞ്ചിയമ്മയെ പരിഷ്കാരിയാക്കി തന്റെ സുഹൃത്തായ മിസ്റ്റർ പാൽപോംഗിന്റെ മുന്നിൽ അവതരിപ്പിക്കാനുള്ള ശ്രമമാണ് 'മിസിസ് കുഞ്ചിമേനവൻ' എന്ന കഥയിൽ. 'A fat cat ran at a rat' എന്നിങ്ങനെയുള്ള ഇംഗ്ലീഷ് പഠനവും തയ്യൽക്കാരന്റെ സൂചി പോയ കഥ വിവരിച്ച് കുഞ്ചിയമ്മ മിസ്റ്റർ പാൽപോംഗിനെ കുപിതനാക്കുന്നതും ഇതിൽ ഹൃദ്യമായി വർണിച്ചിരിക്കുന്നു. മിസ്റ്റർ പാൽപോംഗിന്റെ നർമബോധമില്ലായ്മയ്ക്കെതിരെ കുഞ്ചിയമ്മ തൊടുക്കുന്ന പരിഹാസവും എടുത്തു പറയേണ്ടതാണ്. അങ്ങനെ ഓക്സ്ഫോഡിൽ പഠിച്ച പാൽപോംഗിനെ കുടുക്കാനുള്ള കഥമെനയാനും പരിഷ്കാരിയല്ലാത്ത കുഞ്ചിയമ്മയ്ക്കറിയാം.

'ശുക്രദശ', 'യാത്ര പുറപ്പാട്', 'ഒരു കപ്പൽ യാത്ര' എന്നിവ രസികൻ കഥകളാണ്. മേനോനു കിട്ടിയേക്കാവുന്ന ഭാരിച്ച ശമ്പളം പ്രതീക്ഷിച്ചു കുഞ്ചിയമ്മ സ്വർണം വാങ്ങിക്കൂട്ടുന്നതും ആ പ്രതീക്ഷ അസ്ഥാനത്താവുന്നതോടെ മേനോൻ തളരുന്നതുമാണ് 'ശുക്രദശ'യുടെ ഇതിവൃത്തം. 'യാത്ര പുറപ്പാട്', 'ഒരു കപ്പൽ യാത്ര' എന്നീ കഥകളിൽ രസകരങ്ങളായ സംഭവങ്ങളുടെ പരമ്പര തന്നെയുണ്ട്. ദൈനംദിനസംഭവങ്ങളെ എത്രയും നർമമധുരമാക്കാൻ ഒരു അനുഗ്രഹീതകലാകാരനു കഴിയും എന്നതിനു നിദർശനമാണ് 'യാത്ര പുറപ്പാട്'. കുഞ്ചിയമ്മയുമൊത്തുള്ള കപ്പൽ യാത്രയിലെ പങ്കപ്പാടുകൾ സരസമായി വർണിക്കുകയാണ് 'ഒരു കപ്പൽ യാത്ര'യിൽ. ഒരു ചലച്ചിത്രത്തിലൂടെ ഈ കഥ ദൃശ്യവത്കരിച്ചതു പോലുള്ള അനുഭവമാണ് ശ്രീ രാജരാജവർമയുടെ അയത്നലളിതമായ ആഖ്യാനം നമുക്കു നൽകുന്നത്. അമ്യാരന്മാരുടെ പരിഹാസവും കുഞ്ചിയമ്മയുടെ നേർച്ചകളും മേനോന്റെ കൗണ്ടർ നേർച്ചകളും എല്ലാം കൂടി നല്ല ശേല്!

'വയോജനവിദ്യാഭ്യാസ'വും കുട്ടികളുടെ അനുകരണവ്യഗ്രത സ്പഷ്ടമാക്കുന്ന ഒരു മനോഹരമായ

കഥയാണ്. കുട്ടികൾ സാറന്മാരായി മുതിർന്നവരെ പഠിപ്പിക്കാനെത്തിയാൽ എങ്ങിനെയിരിക്കും? കുട്ടികളെ പലപ്പോഴും അകാരണമായി വഴക്കു പറയുകയും അടിക്കുകയുമൊക്കെ ചെയ്യുന്നവർക്ക് ഒരു താക്കീതു കൂടിയാണ് ഈ കഥ. കുട്ടികളുടെ ഭാഗം ആരും ചിന്തിക്കാറില്ലല്ലോ. എന്നാൽ നമ്മുടെ കഥാകൃത്ത് അതു നന്നായി ചെയ്യുന്നുണ്ട്. അവരുടെ ഭാഗത്തു നിന്നു ചിന്തിക്കുമ്പോൾ മുതിർന്നവരുടെ പക്കൽ തന്നെ മിക്കപ്പോഴും കുറ്റം. പക്ഷെ, ആരാണ് അത് അംഗീകരിക്കുക? 'അമ്മയ്ക്കു ലസാഗു' വില്ലെന്നു പറയുന്ന അമ്മിണിക്കുട്ടിയെ തല്ലാനോങ്ങുന്ന കുഞ്ചിയമ്മയും 'വയോജനവിദ്യാഭ്യാസം ഉടനെ തുടങ്ങണം. അല്ലെങ്കിൽ നമ്മൾ അടികൊണ്ടു തുലഞ്ഞതു തന്നെ,' എന്നു കണ്ടെത്തുന്ന ഓമനക്കുട്ടനും ചിരിയുതിർക്കുന്നു.

'ഭാര്യയ്ക്കെത്ര സൗന്ദര്യം വേണ'മെന്നത് ഒരു കുനുഷ്ടു ചോദ്യമാണെന്ന് ആരും സമ്മതിക്കും. ഈ ചോദ്യം മേനോനിൽ നിന്നു തിർന്നതും കുഞ്ചിയമ്മയ്ക്കു പ്രത്യേക കാരണം വേണ്ടിയിരുന്നില്ല വഴക്കു കൂടാൻ. കഷ്ടകാലത്തിനു മേനോൻ, കമലാക്ഷിയുടെ സൗന്ദര്യത്തിന്റത്ര മതിയോ എന്നു ചോദിച്ചു പോയി. പോരേ പൂരം! ഉടനെ അതു ആസ്വാദകനിലെത്തിച്ചേരുകയും ചെയ്തു. മേനോന്റെ ഒരു വിശദീകരണവും കുഞ്ചിയമ്മയെ തൃപ്തിപ്പെടുത്തിയില്ല. ഒടുവിലാണറിയുന്നത് ഓമനക്കുട്ടന്റെ വിവാഹാലോചനയാണ് ഇത്തരമൊരു ചോദ്യത്തിലെത്തിച്ചതെന്ന്. സൗന്ദര്യം വേണോ പണം വേണോ എന്ന തർക്കം കുഞ്ചിയമ്മയുടെ ദാരിദ്ര്യത്തെ ചോദ്യം ചെയ്യുന്നതായി വ്യാഖ്യാനിക്കപ്പെട്ടു. പഞ്ചുമേനോൻ സമർത്ഥമായി ഒരു പോംവഴി നിർദ്ദേശിച്ചു. പ്രശ്നം സരസമായി അവസാനിപ്പിച്ചു. ഭർത്താവിനു സ്നേഹമുണ്ടെങ്കിൽ ഭാര്യയ്ക്കു സ്വത്തില്ലായ്ക ഒരു പോരായ്മയല്ല. കുഞ്ചിയോട് അത്രയ്ക്കു സ്നേഹമാണല്ലോ പഞ്ചുമേനോന്. അപ്പോൾ പ്രശ്നം ഓമനക്കുട്ടനു തന്നെ വിടാമെന്ന് അവർ തീരുമാനിച്ചു - സ്വത്തില്ലാത്തവളും സുന്ദരിയുമായ സൗദാമിനി വേണോ സ്വത്തുള്ളവളും അത്രയ്ക്കു സുന്ദരിയല്ലാത്തവളുമായ വനജ വേണോ എന്ന്. വീണ്ടും കുഞ്ചിയമ്മയുടെ 'F' ഉച്ചാരണത്തിലേക്കു കഥ സമർത്ഥമായി തിരിച്ചു വിടുന്നു ശ്രീ രാജരാജവർമ. അങ്ങനെ സ്നേഹത്തിന്റെ ശക്തി അരക്കിട്ടുറപ്പിക്കുകയും പണത്തിന്റെ പിന്നാലെ പോകുന്നവർക്കു സരസമായ ഒരു താക്കീതു നൽകുകയും ചെയ്യുന്നു ഈ കഥ.

'നൈലോൺ സാരി' യിലും സൗന്ദര്യം തന്നെ പ്രമേയം. നൈലോൺ സാരിയുടുക്കുന്നത് പുരുഷന്മാരെ മയക്കാനാണെന്നും അല്ലെന്നും. അമ്മിണിക്കുട്ടിക്കു നൈലോൺ സാരി വാങ്ങണോ എന്നതായി പിന്നെ പ്രശ്നം. ഒടുവിൽ കുഞ്ചിയമ്മയ്ക്കും അമ്മിണിക്കുട്ടിക്കും സാരി വാങ്ങാൻ മേനോൻ തീരുമാനിക്കുന്നു. 'സാരി ഇല്ലെങ്കിലും തരക്കേടൊന്നുമില്ല. എന്നാലും ഇരുന്നോട്ടെ. പൊന്നിൻ കുടത്തിനു പൊട്ടുപോലെ!' എന്ന മേനോന്റെ വാചകം പതിവുപോലെ അവരുടെ സ്നേഹം ദൃഢതരമാക്കുന്നു.

'ഹൃദ്രോഹചികിത്സ'യും രസകരമായ ഒരു സംവാദമാണ്. ഭാര്യമാരാണു ഭർത്താക്കന്മാർക്കു ഹൃദ്രോഗമുണ്ടാക്കുന്നതെന്ന അമേരിക്കൻ ഡോക്ടറുടെ കണ്ടെത്തൽ മേനോൻ അക്കമിട്ടു നിരത്തുമ്പോൾ കുഞ്ചിയമ്മ അവയെല്ലാം ഖണ്ഡിക്കുകയാണ്. 'ഭർത്താവിന്റെ ഹൃദയം ഡോക്ടറേക്കാൾ അറിയാവുന്നതു ഭാര്യയ്ക്കാണ്', എന്ന കുഞ്ചിയമ്മയുടെ മനോഹരമായ കണ്ടെത്തലോടെയാണു തർക്കം അവസാനിക്കുന്നത്. ഹൃദയങ്ങൾ യോജിക്കേണ്ടതിന്റെ ആവശ്യകതയിലേക്കു സ്വാഭാവികമായി അവരെത്തുന്നു.

'അധികച്ചെലവ് ആർക്ക്?' എന്ന കഥയിൽ വീണ്ടും വരവുചെലവുകണക്കുകൾ തല പൊക്കുന്നു. വീട്ടിലെ ഓരോ അംഗത്തിന്റെയും ചെലവ് ഇനം തിരിച്ചെടുക്കാൻ ഒരു കോസ്റ്റ് അക്കൗണ്ടന്റിനെ വെയ്ക്കുന്നു പഞ്ചുമേനോൻ. മേനോൻ 900 രൂപ ചെലവാക്കുമ്പോൾ കുഞ്ചിയമ്മ 1400 രൂപ ചെലവാക്കുന്നതായി അയാൾ കണ്ടെത്തുന്നു. ഈ കണക്ക് ഒരു വനിതാ കോസ്റ്റ് അക്കൗണ്ടന്റിനെക്കൊണ്ടു പരിശോധിപ്പിച്ചു രസകരമായ കണ്ടെത്തലുമായി കുഞ്ചിയമ്മയും എത്തുന്നു.

'ഉണ്ണാനത്രേ ഓണം' എന്ന കഥയിലും ഭാര്യയ്ക്കു ഭർത്താവിനെക്കുറിച്ചുള്ള സംശയമാണു പ്രമേയം. അകാരണമായ സംശയത്തിൽപ്പെട്ട കുഞ്ചിയമ്മ മേനോന്റെ ഓണമെല്ലാം തകരാറിലാക്കാൻ തുടങ്ങുമ്പോൾ ഓമനക്കുട്ടൻ പാടുന്നു:

*'ഉണ്ണുവാനത്രേ ഓണം നായ തൻ ചുരുൾ വാലു*

*നീട്ടുവാനല്ലെന്നമ്മ മുന്നിൽ വന്നോർമ്മിപ്പിച്ചു.'*

ഭാര്യയുടെ മനസ്സിലെ സംശയങ്ങൾ നീക്കുന്നതും നായയുടെ വാലു നിവർത്തുന്നതും ഒരു പോലെയാണെന്ന കണ്ടെത്തലിൽ പഞ്ചുമേനോൻ ഓണസദ്യയൊരുക്കാൻ പോകുന്നു.

'ഭാര്യമാർക്കൊരു പാഠം', 'കപ്പലണ്ടിക്കമ്മ്യൂണിസ്റ്റ്', എന്നീ ലഘുനാടകസമാഹാരങ്ങളും ശ്രീ രാജരാജവർമയുടേതായുണ്ട്.

'ഭാര്യമാർക്കൊരു പാഠം' എന്ന പുസ്തകത്തിൽ അതേ പേരിലുള്ള നാടകം കൂടാതെ ഓസ്കർ വൈൽഡിന്റെ കൃതികളായ "Lady Wintermere's fan', "The Importance of being earnest', എന്നിവ യഥാക്രമം 'വിശാലത്തിന്റെ വിശറി', 'പേരിലെ കാര്യം' എന്നിങ്ങനെ സ്വതന്ത്ര വിവർത്തനങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഫ്രഞ്ചു നാടകകൃത്തായി മോളിയേറുടെ "Love is the best doctor' എന്ന കൃതി 'പെണ്ണെന്നു പറഞ്ഞാൽ വെണ്ണക്കല്ലല്ല' എന്ന പേരിൽ വിവർത്തനം ചെയ്തിട്ടുണ്ട്. ഇവയെല്ലാം നർമം തുളുമ്പുന്ന പ്രമേയങ്ങളുള്ളവയാണ്. അതുകൊണ്ടു

തന്നെയായിരിക്കണം ശ്രീ വർമ്മ അവ വിവർത്തനത്തിനു തെരഞ്ഞെടുത്തതും. തനി കേരളീയമായ അന്തരീക്ഷവും ചടുലമായ സംഭാഷണവും കൊണ്ട് ഇവ വിവർത്തനങ്ങളാണെന്ന തോന്നലേ ഉണ്ടാക്കുന്നില്ല.

'കപ്പലണ്ടിക്കമ്മ്യൂണിസ്റ്റ്' എന്ന കൃതിയിൽ ചില പഞ്ചു മേനോൻ കഥകളുടെ തന്നെ നാടക രൂപാന്തരവും ബർണഡ് ഷായുടെ "Arms and the man' എന്ന കൃതിയുടെ സ്വതന്ത്ര വിവർത്തനവുമാണുള്ളത്. കുഞ്ചിയമ്മയുടെ ഇംഗ്ലീഷ് പഠനത്തിന്റെ നാടകരൂപാന്തരം വളരെ രസകരമാണ്.

ഹാസ്യസാഹിത്യശാഖയിലെ ശ്രീ രാജരാജവർമയുടെ സംഭാവന അമൂല്യമായി നിലനിൽക്കും. നാമെല്ലാം ആസ്വദിച്ചതുപോലെ വരുംതലമുറകൾ കൂടി അദ്ദേഹത്തിന്റെ കൃതികൾ ആസ്വദിക്കാൻ ഇടവരട്ടെ. ഇവയിൽ പറഞ്ഞിരിക്കുന്ന ജീവിതസാഹചര്യങ്ങൾ അവർക്ക് പരിചയമുള്ളതാവില്ല, തീർച്ച. പക്ഷെ, മനുഷ്യമനസ്സിന്റെ പ്രവർത്തനം- അത് ഏറെക്കുറെ മാറ്റമില്ലാതെ നിൽക്കുമെന്നു തോന്നുന്നു. അടുത്ത വീട്ടിൽ നടക്കുന്ന വഴക്കുകൾ ഒളിച്ചുകണ്ട് രസിക്കാനുള്ള മനുഷ്യവാഞ്ഛയെ കളിയാക്കാനും അദ്ദേഹം ഈ കഥകളിലൂടെ ശ്രമിക്കുന്നു. മേനോൻ-കുഞ്ചിമാരുടെ വഴക്കുകൾ നമ്മൾ ഒളിഞ്ഞു കാണേണ്ട. കഥാകൃത്തു തന്നെ അവ നമുക്കു കാട്ടിത്തരുകയാണ്. പക്ഷെ, ഒടുവിലാണു നാമറിയുന്നത് ഇത്രയും നേരം വഴക്കു നടന്നത് നമ്മുടെ വീട്ടിലായിരുന്നല്ലോ എന്ന വസ്തുത. നേരത്തെ സൂചിപ്പിച്ചതുപോലെ, നമ്മെത്തന്നെ നോക്കിച്ചിരിക്കാൻ പ്രാപ്തരാക്കുകയാണ് കഥാകൃത്ത്. ഉള്ളിലുള്ള ഗാഢമായ പരസ്പരപ്രേമത്തിന്റെ താളം കെടാതെ കാക്കാനും ഈ കഥകൾ നമ്മെ പഠിപ്പിക്കുന്നു. ശ്രീ രാജരാജ വർമയുടെ കൃതികൾ നൽകുന്ന മഹത്തായ സന്ദേശമായി ഞാൻ ഇതിനെ കാണുന്നു. ♦



ലഘുപാചകം

**ശാരദാവർമ്മ**

## അവൽ തേങ്ങാ ലഡ്ഡു

| | | |
|---|---|---|
| വെള്ള അവൽ [ഒന്നു ചൂടാക്കി പൊടിച്ചത്] | - | ഒരു കപ്പ് |
| കോക്കനട്ട് പൗഡർ | - | കാൽ കപ്പ് |
| പനീർ (പൊടിച്ചത്) | - | കാൽ കപ്പ് |
| പഞ്ചസാര | - | മൂന്നിൽ ഒന്ന് കപ്പ് |
| മിൽക്ക് മെയ്ഡ് | - | രണ്ട് ടേബിൾസ്പൂൺ |
| നെയ്യ് | - | രണ്ട് സ്പൂൺ |
| ഏലക്കാപ്പൊടി | - | സ്വാദിന് |
| കളർ (ഓറഞ്ച്) | - | ഒരു നുള്ള് |
| അണ്ടിപ്പരിപ്പ് ചെറിയ കഷണങ്ങളാക്കിയത്) | - | 8-10 |
| കോക്കനട്ട് പൗഡർ | - | ഒരു ടേബിൾസ്പൂൺ |

*തയ്യാറാക്കുന്ന വിധം*

കോക്കനട്ട് പൗഡർ $^{3}/_{4}$ കപ്പ് വെള്ളത്തിൽ കലക്കി, പഞ്ചസാര, മിൽക്ക് മെയ്ഡ്, കളർ, പനീർ ഇവയും ചേർത്ത് ചെറുതീയിൽ വച്ച് ഇളക്കുക. കുറച്ച് നെയ്യ് ചേർക്കുക. കുറുകി വരുമ്പോൾ അവലും ബാക്കി നെയ്യും ചേർക്കുക. പാത്രത്തിൽ നിന്ന് വിട്ടുവരുന്ന പാകമാകുമ്പോൾ ഏലക്കാപ്പൊടിയും അണ്ടിപ്പരിപ്പും ചേർത്തിളക്കി വാങ്ങി ചെറുചൂടിൽ ഉരുട്ടി എടുത്ത് കോക്കനട്ട് പൗഡറിൽ ഒന്നുകടി ഉരുട്ടി തണുത്തതിനുശേഷം ഉപയോഗിക്കുക. സ്വാദിഷ്ടവും, മാർദ്ദവമുള്ളതുമായ ഒരു ലഡ്ഡുവാണ്.

## പപ്പായ-പരിപ്പ് വട

| | | |
|---|---|---|
| തുവരപരിപ്പ് | - | കാൽ കപ്പ് |
| പപ്പായ (പച്ച,ഗ്രേറ്റു ചെയ്തത്) | - | അര കപ്പ് |
| സവാള (ചെറുതായി അരിഞ്ഞത്) | - | കാൽ കപ്പ് |
| പച്ചമുളക് (വട്ടത്തിൽ അരിഞ്ഞത്) | - | 1 |
| ഇഞ്ചി (ചെറുതായി നുറുക്കിയത്) | - | ഒരു കഷണം |
| ബ്രെഡ് (മധുരമില്ലാത്തത്) | - | ഒരു കഷണം |
| മുളകുപൊടി | - | കാൽ ടീസ്പൂൺ |
| കുരുമുളകുപൊടി | - | ഒരു ടീസ്പൂൺ |
| കായപ്പൊടി | - | സ്വാദിന് |
| കറിവേപ്പില (അരിഞ്ഞത്) | - | ഒരു ടേബിൾസ്പൂൺ |
| ഉപ്പ് | - | ആവശ്യത്തിന് |
| പാചകഎണ്ണ | - | വറുക്കാൻ വേണ്ടത് |

*തയ്യാറാക്കുന്നവിധം*

തുവരപ്പരിപ്പ് കുതിർത്ത് അരച്ചെടുത്ത് ബാക്കി ചേരുവകളെല്ലാം കൂടി ചേർത്ത് കുഴയ്ക്കുക. കുറെശ്ശെ എടുത്ത് കൈവെള്ളയിൽ വച്ച് പരത്തി ചൂടായ എണ്ണയിലിട്ട് വറുത്ത് ബ്രൗൺ നിറമാകുമ്പോൾ കോരി എടുക്കുക. ചെറു ചൂടോടെ കഴിക്കുക.

നൊസ്റ്റാൾജിയ

## എന്റെ ഗ്രാമം ~ 5

# കൊച്ചൂട്ടമ്മാൻ

**കെ. ഹരികൃഷ്ണ വർമ്മ**

**കൗ**മാരക്കാലത്തെക്കുറിച്ചുള്ള എന്റെ ഓർമ്മകളിൽ ഏറെ കടന്നുവരാറുള്ള ഒരു ബന്ധു ആണ് കൊച്ചൂട്ടമ്മാമൻ. ഞങ്ങൾ ചുരുക്കി കൊച്ചൂട്ടമ്മാൻ എന്നു വിളിക്കും. കഷണ്ടി കയറിയ നെറ്റിയും പാതി നരച്ച കുറ്റിത്തലമുടിയും വിടർന്ന ചെവികളും ഒരു കുഴിയിൽ പെട്ടിട്ടു പോലും സാമാന്യത്തിലധികം തുറിച്ചു എന്നു തോന്നുന്ന ചാരനിറമുള്ള കണ്ണുകളും മുൻപോട്ട് ഉന്തി നിൽക്കുന്ന മൂന്നു പല്ലുകളും അൽപ്പം വലിയ തൊണ്ടമുഴയും ഉറച്ച മെലിഞ്ഞ ശരീരപ്രകൃതിയും ഫുട്ബാൾ കളിക്കാരെ ഓർമ്മിപ്പിക്കുന്ന കാലുകളും ഉള്ള കൊച്ചൂട്ടമ്മാൻ എന്റെ ഓർമ്മകൾ തുടങ്ങുന്ന കാലത്ത് കാഴ്ചയിൽ ഒരു നാൽപ്പത്തിഅഞ്ചുകാരനായിരുന്നു. ശരീരത്തിൽ അലക്ഷ്യമായി കിടക്കുന്ന പൂണൂലും വയറിനു താഴെ വെച്ചുടുക്കുന്നതും മുട്ടിനു താഴെവരെ എത്തുന്നതുമായ കൊച്ചുമുണ്ടും ആണ് സ്ഥായിയായ വേഷം. പലപ്പോഴും ഈ മുണ്ട് മടക്കിക്കുത്തുവാനുള്ള ധൈര്യവും അദ്ദേഹം കാണിക്കാറുണ്ട്. ആ സമയങ്ങളിൽ അടിയിൽ ധരിച്ചിരിക്കുന്ന കോണകത്തിന്റെ നെടുനീളൻ വാൽ ദർശനത്തിനായി അവതരിച്ചിട്ടുണ്ടാകും. ചീട്ടി തുണി ഉപയോഗിച്ച് കുപ്പായമോ ബനിയനോ അല്ലാത്ത ഒരു പ്രത്യേകതരം ഉടുപ്പാണു യാത്രകളിൽ സാധാരണ ഉപയോഗിക്കാറ്. വരുമ്പോൾ ഒരു തുണിസഞ്ചിയും കയ്യിൽ ഉണ്ടാകും. അത്യാവശ്യം മുണ്ടും തോർത്തുമാണ് അതിൽ ഉണ്ടാകാറ്. ഞങ്ങൾ കാണുന്ന കാലത്തു കൊച്ചൂട്ടമ്മാൻ തൈക്കാട്ടുശ്ശേരി ശ്രീധരൻ നമ്പൂതിരിയുടെ ഇല്ലത്തെ വൈദ്യശാലയിലാണു ജോലി ചെയ്തിരുന്നത്. കൊച്ചൂട്ടമ്മാമന് എന്നോട് കുറച്ചു കൂടുതൽ താൽപ്പര്യമുണ്ടായിരുന്നു എന്നാണെന്റെ ഇപ്പോഴുമുള്ള വിശ്വാസം. എന്നെ കണ്ടാലുടനെ ആദ്യം ചോദിക്കുന്ന ചോദ്യം "ആർക്കാണു മാംവിദ്ധി അറിയാത്തത്?" എന്നാണ്. അർത്ഥമറിയില്ലെങ്കിലും രാമായണത്തിലെ പ്രസിദ്ധമായ ഈ ശ്ലോകം അന്നും എനിക്കു മനഃപ്പാഠമാണ്. പാപ്പ എന്നു ഞങ്ങൾ വിളിക്കുന്ന എന്റെ ചേച്ചിക്കു ഈ ശ്ലോകം അറിയില്ലെന്നു തീരുമാനിച്ചതും കൊച്ചൂട്ടമ്മാൻ തന്നെയാണ്. ഇക്കാര്യം ഉറക്കെപ്പറഞ്ഞു ഉറക്കെ ചിരിക്കുമ്പോൾ ഞങ്ങൾക്ക് ഒരു ചെറിയ പേടി തോന്നും. കോവിലകത്തു വന്നാൽ സാധാരണ ഒരാഴ്ചയിലധികം താമസമുണ്ടാകും. ഒരു കുടുംബാംഗത്തിലധികം സ്വാതന്ത്ര്യം അദ്ദേഹത്തിനവിടെ എന്നും ഉണ്ടായിരുന്നു. സ്കൂളിൽ പോകുന്ന സമയമൊഴിച്ചു ബാക്കി മുഴുവൻ സമയവും ഞാൻ കൊച്ചൂട്ടമ്മാന്റെ പിറകേ തന്നെയാണ് നടപ്പ്.

കാലത്തു കുളി കഴിഞ്ഞു വന്നാൽ മരുവിയിൽ നിന്നു ഭസ്മമെടുത്തു വെള്ളം നനച്ചു മേലാസകലം തൊടും. സൂര്യനമസ്ക്കാരവും മറ്റും എന്നെ പഠിപ്പിച്ചത് കൊച്ചൂട്ടമ്മാമനാണ്. എട്ടു മണിക്കു മുൻപു പ്രാതലിനു വന്നിരിക്കും. വടക്കേ കെട്ടിൽ വലിയ ആവണിപ്പലകയിട്ട് അതിന്മേലാണ് ഇരിപ്പ്. ചെറിയ കീറ്റിലയിൽ പലഹാരം വിളമ്പിക്കൊടുക്കും. പലഹാരത്തിന്റെ കാര്യത്തിൽ വിളമ്പുന്നതാണു കണക്ക്. വിളമ്പിയതു കൂടിപ്പോയി എന്നൊരു പരാതി കൊച്ചൂട്ടമ്മാൻ പറയാറെ ഇല്ല. വലിയ ഓട്ടു ഗ്ലാസ്സിലാണു ചായ. അക്കാലത്തു ഞങ്ങൾ ഗ്ലാസ്സിനു ലോട്ട എന്നു പറയാറുണ്ട്. കാപ്പി കുടി കഴിഞ്ഞാൽ പിന്നെ പറമ്പിലാണു പരിപാടികൾ. ഓല കൊണ്ടും തെങ്ങിന്റെ മടൽ കൊണ്ടും പലതരം സാധനങ്ങൾ ഉണ്ടാക്കുക, കല്ലെറിഞ്ഞു കളിക്കുക, ഈർക്കിലി കീറുക മുതലായവ അദ്ദേഹത്തിന്റെ ഇഷ്ടപ്രവർത്തികളാണ്. ഒരു ദിവസം കൊച്ചൂട്ടമ്മാന്റെ ഒരഭ്യാസം കണ്ടിട്ട് അച്ഛൻ ഒരുപാടു ദേഷ്യപ്പെട്ടു. ഞങ്ങളെ എല്ലാപേരേയും വലിച്ചു ചുറ്റിനും നിർത്തിയിട്ടു കുറെ കിഴുകായ്നെല്ലി സമൂലം എടുത്തു ചവക്കാൻ തുടങ്ങി. കൂടെ ഒന്നുരണ്ടു കുപ്പിച്ചില്ലുകളും കൂട്ടി ചവച്ചു. കുറെ കഴിഞ്ഞു മുഴുവൻ തുപ്പി കളഞ്ഞ് കുലുക്കുഴിഞ്ഞു. അപ്പോഴാണ് അച്ഛൻ പൊട്ടിത്തെറിച്ചത്. ഞങ്ങൾ കുട്ടികൾ ഈ വിദ്യ പരീക്ഷിക്കുമോ എന്നായിരുന്നു അച്ഛന്റെ ഭയം.

ഉച്ചക്കു ഊണുകഴിക്കാനിരിക്കുന്നതും വലിയ ആവണിപ്പലകയിലാണ്. വലിയ തൂശനില ഇട്ട് വിളമ്പുന്നത് അമ്മയോ പാപ്പയോ ആയിരിക്കും. അച്ഛമ്മയും വിളമ്പാൻ സഹായിക്കും. ചോറും സാമ്പാറും മെഴുക്കുപിരട്ടിയും ഉപ്പിലിട്ടതും പപ്പടവും മോരുമാണു സാധാരണ വിഭവങ്ങൾ. സാമ്പാറിനു പകരം ചില ദിവസങ്ങളിൽ കാളനും മെഴുക്കുപിരട്ടിക്കു പകരം തോരനും ചില ദിവസങ്ങളിൽ മാറിമാറി വരും. ആവണിപ്പലകയിൽ ചമ്രം പടിഞ്ഞിരുന്ന് ഇടതു കൈ

ഇലയുടെ ഇടതുവശത്തു കുത്തും. ചോറ് കൂട്ടാൻ കൂട്ടി കുഴച്ചു സാമാന്യത്തിലധികം വലിയ ഉരുളയാക്കി ഉരുട്ടി ഉരുട്ടിക്കൊണ്ടു മുകളിലേക്കു കൈ ഉയർന്നു വരും. നെഞ്ചിനൊപ്പം എത്തുമ്പോൾ ഈ ഉരുള നന്നായി തുറന്ന വായിലേക്കു ഒരൊറ്റ ഏറ്. വായ്ക്കുള്ളിലെത്തുന്ന ഉരുള പല്ലുകളുടെ ആക്രമണത്തിന്റെ പരിക്കുകളൊന്നുമേൽക്കാതെ അന്നനാളത്തിലൂടെ അതിന്റെ പ്രയാണം ആരംഭിക്കും. ഈ സമയം തൊണ്ടയിലെ മുഴ രണ്ടു തവണ ഉയർന്നു താഴും. ഈ പ്രവൃത്തി ഊണിനവസാനം വരെ തുടരും. ഊണു കഴിയുമ്പോൾ ഇല വളരെ വൃത്തി ആയിട്ടിരിക്കും. കിണ്ടിയിലെ വെള്ളം ഒറ്റ വീർപ്പിനു കുടിച്ചുതീർക്കുമ്പോഴും തൊണ്ടമുഴയുടെ പ്രവർത്തനം തുടരും. വൈകുന്നേരം മേൽകഴുകി ഭസ്മം തൊട്ടു വന്നാൽ പിന്നെ സന്ധ്യ കഴിയുന്നതു വരെ നാമം ജപം ആണ്. മുഴുവനും സ്തോത്രങ്ങളാണു പതിവ. "കടിക്കും പാമ്പതു തന്നേ കടകം പോലൊരുത്തന് ശയനം പോലൊരുത്തന് ശിവനാരായണാ നമ്പോ...."

രാത്രി കിടക്കുന്നതും ഞങ്ങൾ എല്ലാപേരും കൂടി തളത്തിൽ പത്താമ്പുറത്തും താഴെയുമായാണ്. ആ സമയത്തും കൊച്ചൂട്ടമ്മാമന്റെ കഥകൾ അനവരതം തുടരും.

കൊച്ചൂട്ടമ്മാൻ കല്യാണം കഴിച്ചിരുന്നത് ചേർത്തലക്കടുത്തുള്ള ഒരു നായർ കുടുംബത്തിലായിരുന്നു. കോവിലകത്തു കാളൻ വയ്ക്കുന്ന ദിവസങ്ങളിൽ ഒരു ചെറിയ ഭരണിയിൽ കാളനുമായി വൈകുന്നേരം കൊച്ചൂട്ടമ്മാൻ വടക്കോട്ടിറങ്ങി പോകുന്നതു കാണാം. അത് ഭാര്യവീട്ടിലേക്കായിരുന്നു എന്ന് ഞാൻ മനസ്സിലാക്കിയതു തന്നെ വളരെക്കാലം കഴിഞ്ഞാണ്. ഭാര്യക്കു ചെലവിനു കൊടുക്കാത്തതിനെ പറ്റി അച്ഛൻ ചിലപ്പോൾ ദേഷ്യപ്പെടുന്നത് കേൾക്കാറുണ്ട്. അപ്പോഴൊന്നും കൊച്ചൂട്ടമ്മാൻ ഒന്നും മിണ്ടാതെ ഇരിക്കും. ഇടക്കു ചിലപ്പോൾ തൈക്കാട്ടുശ്ശേരിയിൽ നിന്നു ഭാര്യവീട്ടിലേക്കു മണി ഓർഡർ അയക്കും. അത് ഭാര്യവീട്ടിൽ എത്തുമ്പോൾ ഒപ്പിട്ടു വാങ്ങുന്നതും കൊച്ചൂട്ടമ്മാൻ തന്നെയാണെന്നാണു നാട്ടിൽ പ്രചാരം.

പിന്നീടെന്നോ കൊച്ചൂട്ടമ്മാൻ വരാതെയായി. അച്ഛൻ എന്തോ കാര്യത്തിനു ദേഷ്യപ്പെട്ടതാണു കാരണം. അച്ഛമ്മ മരിച്ചപ്പോൾ കർമ്മങ്ങൾക്കു പറഞ്ഞുകൊടുക്കാൻ പോലും വന്നില്ല. അച്ഛനും വലിയ കുണ്ഠിതം ഉണ്ടായിരുന്നു. രണ്ടു ദിവസം കഴിഞ്ഞെത്തിയപ്പോൾ വല്യച്ഛൻ കുറെ ശകാരിച്ചു. കൊച്ചൂട്ടമ്മാൻ പോയി... കാലചക്രം തിരിഞ്ഞു കൊണ്ടേ ഇരിക്കുന്നു. ആ വായ്മൊഴി വഴക്കങ്ങളും നിർദ്ദോഷമായ ഫലിതങ്ങളും കളങ്കലേശമില്ലാത്ത മനസ്സും ഉറക്കെ ചിരിക്കുന്ന പ്രകൃതവും ഒട്ടനവധി വേദനിപ്പിക്കുന്ന ഓർമ്മകൾ ഇന്നും തെളിഞ്ഞു തന്നെ നിൽക്കുന്നു. കൊച്ചൂട്ടമ്മാൻ മറ്റേതോ ലോകത്തിരുന്ന് ഇപ്പോഴും പൊട്ടിച്ചിരിക്കുന്നുണ്ടാവാം. ●



*മാവേലിക്കരയുടെ പ്രഭാകരവർമ്മയുടെ സംഗീതക്കച്ചേരിയുടെ മറ്റൊരു ദൃശ്യം*

## ആദരാഞ്ജലി

### ഉത്രംനാൾ ലളിതാംബാബായി നിര്യാതയായി



തിരുവിതാംകൂർ സീനിയർ മഹാറാണി (റീജന്റ്) സേതുലക്ഷ്മീബായി തിരുമനസ്സിലെ മൂത്തമകൾ ഉത്രംനാൾ ലളിതാംബാബായി (85) നവംബർ 7ന് ബാംഗ്ലൂർ റിച്ച്മണ്ട് റോഡിലെ വസതിയിൽ നിര്യാതയായി. ഭർത്താവ് കിളിമാനൂർ കൊട്ടാരത്തിലെ വലിയ തമ്പുരാൻ ഉത്രിട്ടാതിതിരുനാൾ കേരളവർമ്മ. മക്കൾ: രുഗ്മിണിവർമ്മ, ഉമാ ഗോദവർമ്മ, പാർവ്വതി രവിവർമ്മ, ഡോ. ലക്ഷ്മിരഘുനന്ദൻ, അംബികാവർമ്മ, ബാലഗോപാൽവർമ്മ, ദേവികാവർമ്മ

ക്ഷേത്രപുരാണം

# എന്റെ പരദേവത

**ഹൈമവതി വർമ്മ, ചേർത്തല**

'പരദേവത' എന്നാലെന്ത്? ആത്മാവിന്റെ സ്പന്ദനമോ, പ്രാണവായുവോ, ജീവചൈതന്യമോ, എന്റെ, എന്റെ മാത്രം, എന്ന വിശ്വാസമോ, അതോ ഇതെല്ലാം ചേർന്ന ഒരു ദൈവിക ശക്തിയോ? അതാണ് എന്റെ 'വേട്ടയ്ക്കൊരു മകൻ'. ക്ഷത്രിയരുടെ പരദേവതയായ സാക്ഷാൽ കിരാതമൂർത്തി.

പാർവതി പരമേശ്വരന്മാർ കാട്ടാള വേഷത്തിൽ വേട്ടയ്ക്ക് പോയപ്പോൾ ഉണ്ടായ ദിവ്യസന്താനം. ബാലുശ്ശേരികോട്ടയിൽ നിന്ന് കേരളത്തിന്റെ പലഭാഗത്തും എത്തിച്ചേർന്നു ഭഗവൽ കടാക്ഷം. അതിലൊന്നാണ് ചേർത്തല വാരനാട്ട് വടക്കുഭാഗത്ത് ചെങ്ങണ്ടയിൽ നാലുകോവിലകങ്ങളുടെ നടുവിൽ സ്ഥിതിചെയ്യുന്ന വേട്ടയ്ക്കൊരുമകൻക്ഷേത്രം. ക്ഷാത്രഗാംഭീര്യവും, നവകോടി മൂർത്തികളിൽ നിന്ന് ആവാഹിച്ചെടുത്ത അത്ഭുതചൈതന്യവും ശക്തിയും പ്രകാശവും ചൊരിയുന്ന ഒരു ദിവ്യതേജസ്സാണ് ഇവിടുത്തെ പ്രതിഷ്ഠ. വില്ലും ചുരികയുമായി കാട്ടിൽ വേട്ടയാടി, നൃത്തമാടി കളിച്ചുനടക്കുന്ന ശ്യാമളകോമളനായ കുസൃതിക്കുട്ടൻ, അല്ലെങ്കിൽ ശത്രു സംഹാരരൂപിയും ബീഭത്സസ്വരൂപനും ആയ കലികാലമൂർത്തി, അതുമല്ലെങ്കിൽ പ്രസന്നവദനനും സന്തുഷ്ടനും ആയ വാത്സല്യനിധി - ഇങ്ങിനെ വ്യത്യസ്ത ഭാവങ്ങൾ ഭഗവാനിൽ നമുക്ക് ദർശിക്കാൻ കഴിയും.

ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത്, ധർമ്മരാജാവിന്റെ സഹായം തേടി, ഗുരുവായൂരിൽ നിന്നും തെക്കോട്ടു വന്ന ക്ഷത്രിയകുടുംബങ്ങളിലെ ഒരു സംഘം, കെട്ടുവള്ളത്തിൽ ചേർത്തല വാരനാട് ഭഗവതി ക്ഷേത്രത്തിന്റെ വടക്കുവശം അടുത്തു എന്നും, അന്ന് പരദേവതയായ വേട്ടയ്ക്കൊരു മകന്റെ വാളും ചുരികയും കൊണ്ടുവന്ന് ചെങ്ങണ്ട പുത്തൻകോവിലകത്ത് നാലുകെട്ടിൽ വച്ച് പൂജിച്ച്, കൊല്ലവർഷം 1087 മിഥുനം 17ാം തീയതി പഞ്ചലോഹ നിർമ്മിതമായ കമനീയ വിഗ്രഹം കലശം കഴിച്ച് പ്രതിഷ്ഠിച്ചു എന്നുമാണ് ഐതിഹ്യം.

ക്ഷത്രിയർമാത്രം അടങ്ങുന്ന ഒരു കമ്മറ്റിയാണ് ക്ഷേത്രഭരണം നടത്തുന്നത്. പ്രധാന വഴിപാടുകളായ എള്ളുതിരി, എള്ളു നേദ്യം, ഒറ്റയപ്പം, കൂട്ടപ്പം, ചുറ്റുവിളക്ക്, ശനിയാഴ്ച ഊട്ട് ഇവ മുടങ്ങാതെ നടന്നുവരുന്നു. വർഷത്തിലൊരിക്കൽ മാത്രമുള്ള 'വേട്ടയ്ക്കൊരുമകൻ കളമെഴുത്തുപാട്ട്' വഴിപാടായി അനേകം വർഷങ്ങളിലേക്ക് ബുക്കു ചെയ്തുകഴിഞ്ഞു. അവധിക്കാലത്തായതുകൊണ്ട് കേരളത്തിനുപുറത്തും വിദേശത്തും ഉള്ള ബന്ധുക്കളും കുടുംബാംഗങ്ങളും ഈ ഉത്സവത്തിൽ പങ്കെടുക്കാൻ എത്താറുണ്ട്.

ഭഗവൽകടാക്ഷം കിട്ടിയ കഥകൾ ഞങ്ങൾക്കെല്ലാവർക്കും അനുഭവമുണ്ട്. എങ്കിലും മരിച്ചുപോയ എന്റെ അച്ഛന്റെ ഒരു അനുഭവം ഞാൻ ഉദ്ധരിക്കട്ടെ. ഏതാണ്ട് അമ്പത്തഞ്ചു വർഷങ്ങൾക്കു മുമ്പാണ്. കോട്ടയത്തുള്ള കോവിലകം വക നിലത്തിൽ നിന്നും കൊണ്ടുവന്നിരുന്ന നെല്ലാണ് അന്നത്തെ പ്രധാന വരുമാനം. പതിവുപോലെ കോട്ടയത്ത് ചെന്ന അച്ഛനോട് പാട്ടക്കാരൻ മാത്യു പറഞ്ഞു" തിരുമേനി... സർക്കാർ നിയമം വന്നു. നെല്ലു തരാനില്ല." അച്ഛൻ നിരാശയോടെ മടങ്ങി. അമ്പലത്തിൽ ചെന്ന് നെഞ്ചുരുകി പ്രാർത്ഥിച്ചു. 'ഭഗവാനെ അങ്ങയുടെ നേദ്യവും ഞങ്ങളുടെ ഊണും മുടങ്ങിയല്ലോ."

മൂന്നാംദിവസം നേരം വെളുക്കുന്നതേയുള്ളു. നാലുകെട്ടിൽ നാമം ജപിച്ചിരുന്ന അച്ഛന്റെ മുമ്പിൽ അതാ എത്തിയിരിക്കുന്നു മാത്യു. വന്നപാടെ അച്ഛന്റെ കാൽക്കൽ നമസ്ക്കരിച്ച് തൊഴുകൈയ്യോടെ പറഞ്ഞു. "തിരുമേനി. ഇന്നലെ രാത്രി ഉറങ്ങുമ്പോൾ സ്വപ്നത്തിൽ കറുത്തു തടിച്ച് ഉഗ്രസ്വരൂപിയായ ഒരാൾ എന്റെ പുറത്ത് ചാട്ടവാറുകൊണ്ട് അടിച്ചിട്ടു പറഞ്ഞു. എന്റെ ഉണ്ണിയെ സങ്കടപ്പെടുത്തിയോ" ഒന്നല്ല, പല പ്രാവശ്യം. മാത്യു വേദന കൊണ്ട് പുളഞ്ഞുപോയി. ഷർട്ട് പൊക്കി കാണിച്ചു. അച്ഛനും അടിച്ച പാട് കണ്ടതുപോലെ തോന്നി. "എന്തു നിയമം വന്നാലും ഞാൻ തിരുമേനിയുടെ നെല്ല് മുടക്കില്ല." ആ വാക്ക് അദ്ദേഹം പാലിക്കുകയും ചെയ്തു.

എന്റെ മനസ്സിൽ നിന്നും ഉതിർന്ന ഒരു ഭഗവൽ സ്തുതി കൂടി കുറിച്ചുകൊണ്ട് ഞാൻ ഈ ലേഖനം അവസാനിപ്പിക്കുന്നു.

എന്റെ ജീവന്റെ ജീവനാം ദേവാ
എന്റെ പ്രാണന്റെ പ്രാണനാം ദേവാ
എന്റെ രാജാധിരാജനാം ദേവാ
എന്റെ ദേവാധിദേവനാം ദേവാ

ശിവപാർവതീ നന്ദനാദേവാ
എന്റെ ആത്മാവിൻ നാഥനാം ദേവാ
എന്റെ ശ്യാമളവർണ്ണനാം ദേവാ
എന്റെ മാണിക്യമുത്താകും ദേവാ

ദുഃഖത്താൽ ഞങ്ങൾ വലഞ്ഞിടുമ്പോൾ
പ്രതിസന്ധിയിൽ ഞങ്ങൾ തളർന്നിടുമ്പോൾ
കാക്കണേ, പോറ്റണേ, കൈപിടിച്ചെങ്ങളെ
കാത്തു രക്ഷിക്കണേ തമ്പുരാനേ...

താമരപ്പൂക്കൾ വിരിഞ്ഞിടുമ്പോൾ
വിണ്ണിൽ താരകം മിന്നി തെളിഞ്ഞിടുമ്പോൾ
താനെ മറന്നു ഞാൻ നിന്നിടുമ്പോൾ
താലോലിച്ചെന്നെ നീ കാത്തിടേണം.

ബാലാർക്ക ബിംബത്തിൻ രൂപം...
തിരുബാലിശ്ശേരി കോട്ടയിലെ ബാലകൻ
പാപങ്ങൾക്കൊക്കെയും മാപ്പു നൽകീടുവാൻ
പാദപത്മങ്ങളെ കൈതൊഴുന്നേൻ -
നിന്റെ പാദാരവിന്ദങ്ങൾ കൂപ്പിടുന്നേൻ ♦

# വേട്ടേക്കരസ്തവം

**പി. കെ. കുഞ്ഞിയനുജത്തി തമ്പുരാട്ടി (ചന്ദ്രപുരം)**

1. മുട്ടിൻ കീഴെച്ചുരുണ്ടും പുറമതു നിറയെ തിങ്ങി-
നിൽക്കുന്നകൂന്തൽ
കെട്ടിൽ പാരം ലസിക്കും, കനകമയമതാം നൽ-
ക്കിരീടെയൊതുക്കി
ചേണാർന്നീടും, മയിൽപ്പീലികളതിചതുരം-
കോർത്തു കോർത്തങ്ങു വെച്ചാ-
നിന്മൗലി പ്രഭാവം ഹാ, ഹര, ഹര! കരുതീടട്ടെ യെന്നുള്ളിലെന്നും

2. ഏറ്റം വിസ്തൃതമായിടുന്നനിടിലത്തിങ്കൽജ്ജ്വലിയ്ക്കുന്നൊരാ-
നേത്രം, കുങ്കുമശോഭയാർന്നതിലകം പോലെത്തിളങ്ങുന്നു ഹാ
രോമക്കട്ടികളാർന്നിടുന്ന പുരികങ്ങൾ തമ്മിലൊട്ടുന്നു, നിൻ
രൗദ്രം വൃത്തമതാർന്നിടുന്ന നയനെ തെല്ലുണ്ടുശോണാഭയും

3. വിടർന്നിടും നാമ്പികയതിന്നു കീഴെ
വളഞ്ഞിടും, രോമഘനാഭമീശ
വൃത്തത്തിലേറ്റം ഘനമാർന്നതാടീ-
യീഷൽതുടുത്തുള്ള സ്മിതാധരങ്ങൾ

4. കർണ്ണങ്ങൾക്കനുയോജ്യമാകിയൊരലങ്കാരങ്ങൾ, പാണിദ്വയെ
മിന്നും കങ്കണതോൾ വളാച്ചുരികയും ചാപം, സുതൂണീരവും
കണ്ഠത്തിൽ വരഹാരതാരകമണീജാലാവൃതം, മാറതിൽ
കൂടും നല്ല സുഗന്ധമുള്ള കളഭച്ചാർത്തുള്ള നീലാംഗവും

5. കെട്ടിച്ചുറ്റിയുടുത്ത പട്ടുവസനത്തിന്മേലരഞ്ഞാണവും,
കെട്ടി,ഝിൽദ്ധ്വനി പൊങ്ങിടുന്നൊരു ചിലമ്പാർന്നുള്ള
പാദങ്ങളും
ഉൾക്കാമ്പിങ്കൽ നിനയ്ക്കുവാനടിയനിൽ കാരുണ്യമുണ്ടാകണേ
ഭക്തർക്കാശ്രയമായിടുന്ന ശബരാകാരാകൃതെ! കൈതൊഴാം

6. താതൻ തൻ ജടയിങ്കൽ നിന്നുവഴിയും
നൽപ്പാവനീ ഗംഗപോൽ
അത്യുഗ്രം കലരുന്നൊരക്ഷികളിൽ നീ കാരുണ്യകല്ലോലനായ്
കാലിൽ വീണു കിടപ്പൊരീചെറുകിടാങ്ങൾ തന്നിലയ്യോ വെറും
നൈരാശ്യത്തെയണച്ചിടാതെ, പരിപാലിപ്പാ നെഴുന്നള്ളണേ

7. സംസാരക്കാനനത്തിൽ മരുവിടുമിവരെ രാപ്പകൽ വേട്ടയാടും
ഘോരം മായാമൃഗത്തിൻ ഹനനമതുടനെ, ച്ചെയ്തു രക്ഷിപ്പതിന്നായ്
വേട്ടയ്ക്കേറ്റം പ്രഗത്ഭ്യൻ പരമശിവസൂതൻ
വന്നു കാത്തീടുവാനായ്
തൃക്കാല്ക്കൽ കുമ്പിടുന്നോരിവരിലരുളണേ
ത്വൽ കൃപാപാരവശ്യം

●

# പുണ്യജന്മം

**കീർത്തനാവർമ്മ**

വിസ്മയത്തിൻ പ്രകാശകിരണങ്ങളുമായ്
മാനത്തുണർന്നു സൂര്യദേവൻ...
കിളികൾ തൻ നാദവും കാറ്റും വെളിച്ചവും
പുലരിയും കുതുകമോടോടിയെത്തി
മഞ്ഞുമാസപ്പക്ഷികൾ തൻ പാട്ടുകേട്ട്,
തൊടിയിലേക്കിറങ്ങിയപ്പോൾ
മുറ്റത്തൊരു കോണിൽ പുഞ്ചിരിയുമായ്,
ഹിമബാഷ്പാർദ്രയായ്...നിൽക്കുന്നു,
ഒരു കൊച്ചു പനിനീർപ്പൂവ്!
വെള്ളവും വളവും നൽകി, ഞാൻ
താലോലിച്ച ചെമ്പനിനീർച്ചെടി
ഇന്നാദ്യമായ് പൂവിട്ട കാഴ്ച കാൺകെ,
മനസ്സിൽ വിരിയുന്നു.... ആനന്ദമധുമലര്!
വീടിന്റെ മുറ്റത്ത് റാണിയായ് വാഴുന്ന
പനിനീരിൻ ജന്മമിത് പുണ്യജന്മം
കണ്ണിന്നു കുളിരും, സുഗന്ധവും നൽകി
നന്മകൾ മാത്രം പരത്തും ജന്മം
പൂവിന്റെ സൗരഭം പോലെയീ ലോകത്ത്
നന്മകൾ മാത്രം പരത്തണം നാം! ●

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് സെക്രട്ടറിയായി ശ്രീ.ടി.എം. ശ്രീകുമാറിനെ 9-11-08 ന് ചെറുതാഴത്തുവെച്ച് ചേർന്ന ജനറൽബോഡിയോഗം ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. നിലവിലുള്ള സെക്രട്ടറി അഡ്വ. കൃഷ്ണകുമാറിനെ വൈസ് പ്രസിഡന്റായും തെരഞ്ഞെടുത്തു. സെക്രട്ടറിയുടെ മേൽവിലാസം താഴെ ചേർക്കുന്നു.

**ടി. എം. ശ്രീകുമാർ**
ഡപ്യൂട്ടി താസിൽദാർ (റിട്ട.)
'ശ്രീനിധി', മതിരക്കോട്,
കരിവെള്ളൂർ പി.ഒ., കണ്ണൂർ ജില്ല - 670 521
ഫോൺ: 04985260674, 9495870097



കെ.എൽ. ശ്രീകൃഷ്ണദാസ്

# പുസ്തകജാലകം

## മതസമന്വയത്തിന്റെ മഹാകവി

**മഹാകവി ഇടയാറന്മുള കെ.എം. വർഗീസ്**

**ഡോ. എഴുമറ്റൂർ രാജരാജവർമ്മ**

**പ്രസാധകർ - മഹാകവി ഇടയാറന്മുള കെ.എം. വർഗീസ് മെമ്മോറിയൽ ട്രസ്റ്റ്, വെള്ളിമന, തിരുവനന്തപുരം-15**

**പേജ് - 170 വില - 100 രൂപ**




പത്രാധിപർ, കവി, നിരൂപകൻ, ഗാനരചയിതാവ്, പ്രഗത്ഭനായ പ്രഭാഷകൻ, സമർത്ഥനായ സംഘാടകൻ എന്നീ നിലകളിലൊക്കെ സുപരിചിതനായ ഡോ. എഴുമറ്റൂർ രാജരാജവർമ്മ രചിച്ച രണ്ടാമത്തെ ജീവചരിത്രഗ്രന്ഥമാണ് 'മഹാകവി ഇടയാറന്മുള കെ.എം. വർഗീസ്'. അദ്ദേഹത്തിന്റെ ആദ്യജീവചരിത്ര ഗ്രന്ഥമായ 'എൻ. കൃഷ്ണപിള്ള' ഏറെ ശ്രദ്ധേയമായിരുന്നു. തന്റെ പ്രിയ ഗുരുനാഥനായിരുന്ന പ്രൊഫ. എൻ. കൃഷ്ണപിള്ളയോടുള്ള ആത്മബന്ധവും അദ്ദേഹത്തെക്കുറിച്ച് ലഭ്യമായ വസ്തുതകളുടെ ആധിക്യവും ആ ഗ്രന്ഥരചനയ്ക്ക് ഡോ. വർമ്മയെ ഏറെ സഹായിച്ചിരുന്നു. എന്നാൽ ഈ രണ്ടു ഘടകങ്ങളുടെയും അഭാവം മൂലമുണ്ടായ പരിമിതകൾ മറികടന്ന് മഹാകവി ഇടയാറന്മുള കെ.എം. വർഗീസിനെക്കുറിച്ച് വിശിഷ്ടമായ ഒരു ജീവചരിത്രം തയ്യാറാക്കുന്നതിൽ അദ്ദേഹം അസാമാന്യമായ വിജയം കൈവരിച്ചു എന്നതിൽ സംശയത്തിനവകാശമില്ല. ഡോ. വർമ്മയ്ക്ക് സ്വതസിദ്ധമായ ഗവേഷണപാടവം, ത്യാജ്യഗ്രാഹ്യവിവേചനശേഷി, രചനാപാടവം, വസ്തുതാനിരീക്ഷണങ്ങളിലെ ആർജ്ജവവും സത്യസന്ധതയും നിഷ്പക്ഷതയും എന്നിവ ഈ ജീവചരിത്രഗ്രന്ഥത്തിന്റെ പാരായണക്ഷമതയ്ക്ക് മാറ്റുകൂട്ടുന്നു.

അറിയപ്പെടേണ്ട, എന്നാൽ വേണ്ടത്ര അറിയപ്പെടാത്ത പണ്ഡിത കവികളിൽ ഒരാളാണ് ഇടയാറന്മുള കെ.എം. വർഗീസ്, സംസ്കൃതത്തിലും മലയാളത്തിലും ക്രൈസ്തവ ഹൈന്ദവ വേദേതിഹാസങ്ങളിലും അഗാധപാണ്ഡിത്യമുണ്ടായിരുന്ന ഈ കവിശ്രേഷ്ഠന്റെ ഏറ്റവും പ്രധാനപ്പെട്ട രചനയാണ് "ക്രിസ്തുദേവ ചരിതം'എന്ന മഹാകാവ്യം. ഈ മഹാകാവ്യത്തിന്റെ ശിൽപ്പസംവിധാനത്തിലും രചനാശൈലിയിലും ഭാരതീയത നിറഞ്ഞു നിൽക്കുന്നു എന്നതാണിതിന്റെ സവിശേഷത. ക്രിസ്തുദേവനെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഹൈന്ദവപുരാണങ്ങളിലെ ഭാഷാപ്രയോഗങ്ങൾ നിരന്തരം ഉപയോഗിക്കുക വഴി മതസമന്വയത്തിന്റെ മഹത്തായ മാതൃകയാണ് കവി പ്രകടിപ്പിച്ചിട്ടുള്ളത്. ഈ ഒരൊറ്റ കൃതി കൊണ്ടു തന്നെ മഹാകവി ഇടയാറന്മുള കെ.എം. വർഗീസ് മലയാളഭാഷയ്ക്കും സാഹിത്യത്തിനും മറക്കാനാവാത്ത സംഭാവനയാണ് നൽകിയിരിക്കുന്നത്. ഈ മഹദ് വ്യക്തിയുടെ ജീവിതത്തെയും കൃതികളെയും വായനക്കാർക്ക് പരിചയപ്പെടുത്തുക വഴി ഗ്രന്ഥകാരൻ മഹത്തായ ഒരു ചരിത്രനിയോഗമാണ് നിർവഹിച്ചിരിക്കുന്നത്. കവിയുടെ ജന്മദേശത്തിന്റെ ഐതിഹ്യവും ചരിത്രവും, അദ്ദേഹത്തിന്റെ പിതൃവ്യനായ മഹാകവി കെ.പി. സൈമൺ സ്മര്യപുരുഷനിൽ ചെലുത്തിയ സ്വാധീനവും പ്രചോദനവും, കാവ്യരചനയുടെ തുടക്കം, വിവാഹം, തിരുവനന്തപുരത്തെ ജീവിതം, ഗുരുക്കന്മാർ, സതീർത്ഥ്യർ. പ്രധാനകൃതികൾ എന്നിവയൊക്കെ എട്ട് അദ്ധ്യായങ്ങളിലായി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. കൂടാതെ അഞ്ച് അനുബന്ധങ്ങളിലായി 'കുന്നുംപുറത്തു ഭവനത്തിന്റെ വംശാവലി", "ശ്രീനാരായണ ഗുരു - ഒരു പ്രഭാഷണക്കുറിപ്പ്", "സ്വപ്നം - ഒരു അപ്രകാശിത ലേഖനം "കവിയുമായി കൊച്ചുമകൻ സുഭാഷ് ജോൺമാത്യു 1991-ൽ നടത്തിയ അഭിമുഖഭാഷണത്തിലെ പ്രസക്തഭാഗങ്ങൾ, "ഇടയാറന്മുള കെ.എം. വർഗീസ് മെമ്മോറിയൽ ട്രസ്റ്റ്" എന്നീ വിഷയങ്ങൾ വിസ്തരിച്ചിരിക്കുന്നു.

പ്രൊഫ. ഒ.എൻ.വി. കുറുപ്പിന്റെ പ്രൗഢഗംഭീരമായ അവതാരിക ഈ ഗ്രന്ഥത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഊന്നിപ്പറയുന്നുണ്ട്. കവിയുടെ വ്യക്തിജീവിതത്തിലും സാഹിത്യജീവിതത്തിലും പ്രസക്തമായ ഛായാചിത്രങ്ങൾ ഈ ഗ്രന്ഥത്തിന്റെ പൂർണ്ണതയ്ക്ക് നിദാനമാകുന്നു. എല്ലാത്തരത്തിലും ഉത്തമമായ ഈ ജീവചരിത്രഗ്രന്ഥം രചിച്ച ഡോ. എഴുമറ്റൂർ രാജരാജവർമ്മ ഭാഷാപ്രേമികളുടെ അഭിനന്ദനമർഹിക്കുന്നു. ♦

# ബാലവേദി



# Adoring Ammooma Always

***Arun Radhakrishnan***

With a smile so alive it made fire dull, and
With a laugh so merry it rendered sorrow null,
My ammooma lived life so happy and free
She made us so grateful just to be.
She was a shoulder to cry on,
A hug so warm
She was just too good
For such a forlorn so-long.
Now her bed is empty,
And her clothes grow cold
What more can I say?
There's no more to be told.
Yet I think of her still,
Her wit, grin and will.
My memories of her I'll never forget
I'll hold them so tight 'cause that's the closest I'll get.
For a few decades more,
We'll plod on along
We'll move on without her,
Even if it feels so wrong.
But I know at the end of the tunnel,
At the heart of the light,
I'll see her again
And she'll be smiling so bright
So dear ammomma, this isn't goodbye
It's just ta-ta, see ya,
'till next I can say hi

[Arun is Grandson of late Smt. Uthram Thirunal Lalithamba Bai (elder daughter of Regent Maharani) who expired on 07-11-2008 at her residence in Bangalore. She was 85 ]

## വളരുന്ന പ്രതിഭകൾ

**സൗമിനി ആർ.**



CEPT University Ahmedabad 2006-2008ൽ നടത്തിയ M.Tech (Planning & Architecture) പരീക്ഷയിൽ ഒന്നാം റാങ്കോടെ മൂന്ന് സ്വർണ മെഡലുകൾ കരസ്ഥമാക്കിയ സൗമിനി ആർ. കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്ത് ശ്രീ രഘുനന്ദനൻ രാജയുടേയും കിളിമാനൂർ കൊട്ടാരത്തിൽ സരളാബായിയുടെയും മകളാണ്.

## SREE KRISHNAS DANCE ON THE HOOD OF KALIYA

By Late SR. P.K. Thiruveerarayan Raja
Born: 6-1-1885- Passed away 12-3-1946

Up again from hood to hood,
Jumped the dancing Sreekrishna
Singing songs sweet and pure
Pouring joy and bliss around
Played upon his rosy lips
Sweet bewitching famous smile
Flute in hand and beating time
Nimbly jumped he like a deer.
Sat upon his graceful head,
splendid peace feathery crown
Up above him in the shy
Thronged the angels looking down.
Filled with wonder joy and piety
Hailed him singing sacred hymns
Simple cows and humble cow herds
Single minded mingling stood.
Warring dogs and staring cats
Carrying deer and roaring lions
All alike in wonder stood,
Deeply sunb in joy supreme ♦

# വാർത്തകൾ - വിശേഷങ്ങൾ

## ക്ഷത്രിയക്ഷേമസഭ -സംസ്ഥാന സമിതി
## വാർഷിക പൊതുയോഗം




*ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന വാർഷിക പൊതുയോഗത്തിൽ മേജർ ആർ.ആർ. വർമ്മ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു*

ക്ഷത്രിയ ക്ഷേമസഭയുടെ 2007-08ലെ വാർഷിക പൊതുയോഗം 2008 ഒക്ടോബർ 19-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് കോഴിക്കോട് തളി സാമൂതിരി ഹയർ സെക്കന്ററി സ്കൂൾ ശ്രീ. ഗുരുവായൂരപ്പൻ ഹാളിൽ കൂടുകയുണ്ടായി. യോഗത്തിൽ മേജർ (റിട്ട.) ആർ.ആർ. വർമ്മ അദ്ധ്യക്ഷത വഹിച്ചു. കുമാരി രാഗമാലികയുടെ ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം ക്ഷത്രിയക്ഷേമസഭ കോഴിക്കോട് യൂണിറ്റ് സെക്രട്ടറി പി.കെ. രാജേന്ദ്രവർമ്മ അംഗങ്ങളെ സ്വാഗതം ചെയ്തു. സഭാസെക്രട്ടറി ജി. രാമവർമ്മ വാർഷിക റിപ്പോർട്ടും ട്രഷറർ ആർ രാജ രാജവർമ്മ വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു.

റിപ്പോർട്ടിന്റെയും വരവ് ചെലവ് കണക്കുകളുടെയും ചർച്ചയിൽ പല അംഗങ്ങളും പങ്കെടുക്കുകയും ഭാവിപ്രവർത്തനങ്ങളെക്കുറിച്ച് വളരെ ക്രിയാത്മകമായ രീതിയിൽ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. തുടർന്ന് റിപ്പോർട്ടും വരവ്, ചെലവ് കണക്കുകളും അംഗീകരിച്ചു.

അതിനുശേഷം 12 മണിയോടുകൂടി പൊതുസമ്മേളനം ആരംഭിച്ചു. പൊതുസമ്മേളനത്തിൽ കോഴിക്കോട് യൂണിറ്റ് പ്രസിഡന്റ് പി.സി.റ്റി.എം. രാജ അദ്ധ്യക്ഷത വഹിച്ചു. തൃശൂർ യൂണിറ്റിലെ ശങ്കർവർമ്മ സ്വാഗതം ആശംസിച്ചു. കുറുമ്പ്രനാട് വലിയരാജ, എം.സി. വീരവർമ്മരാജ നിലവിളക്ക് കൊളുത്തി പൊതുസമ്മേളനം ഉത്ഘാടനം ചെയ്തു.



*ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന വാർഷിക പൊതുയോഗം*

### സ്കോളർഷിപ്പ് വിതരണം

സേതുപാർവ്വതീഭായി വിദ്യാഭ്യാസ സ്കോളർഷിപ്പിന് ഈ വർഷം താഴെപ്പറയുന്നവർ അർഹരായി.

1. കുമാരി എ. അർച്ചന (എഞ്ചിനീയറിംഗ്)
2. ആർ. വിഷ്ണുപ്രസാദ് (മെഡിസിൻ)
3. ആർ. ശരത്‌വർമ (എഞ്ചിനീയറിംഗ്)
4. വി.എം. സംഗീതവർമ്മ (ഡിഗ്രി കോഴ്സ്)

സ്കോളർഷിപ്പുകൾ അദ്ധ്യക്ഷൻ പി.സി.റ്റി.എം. രാജ വിതരണം ചെയ്തു. തുടർന്ന് കോഴിക്കോട് ജില്ലാ യോഗക്ഷേമസഭ പ്രസിഡന്റ് മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി, കോഴിക്കോട് ജില്ലാ ബ്രാഹ്മണസഭ സെക്രട്ടറി ടി.എസ്. വെങ്കിടാദ്രി, കോഴിക്കോട് ജില്ലാ പുഷ്പക സമാജം പ്രസിഡന്റ് എ.പി. വാസുദേവൻ, കോഴിക്കോട് ജില്ലാ വാരിയർ സമാജം സെക്രട്ടറി ഹരിദാസ്, ക്ഷത്രിയക്ഷേമസഭയുടെ തൃശൂർ, യൂണിറ്റിനെ പ്രതിനിധീകരിച്ച് എൻ. ശങ്കർവർമ്മ എന്നിവർ ആശംസകൾ നേർന്നു.

കോഴിക്കോട് യൂണിറ്റ് ട്രഷറർ കെ. ശ്രീചന്ദ്രവർമ്മയുടെ നന്ദി പ്രകടനത്തോടുകൂടി പൊതുസമ്മേളനം അവസാനിച്ചു. തുടർന്ന് നടന്ന കലാപരിപാടികളിൽ ആയിരനാഴി കോവിലകത്തെ കൃഷ്ണകുമാറിന്റെയും ചിറയ്ക്കൽ കോവിലകത്തെ സന്ധ്യയുടെയും മകളായ കുമാരി ഐശ്വര്യയുടെ നൃത്തവും മാങ്കാവ് പടിഞ്ഞാറെ കോവിലകം അംഗങ്ങളുടെ കൈകൊട്ടിക്കളിയും നടന്നു.

ഉച്ചഭക്ഷണത്തോടുകൂടി പരിപാടികൾ അവസാനിച്ചു.

## തൃശൂർ ക്ഷത്രിയ ക്ഷേമസഭ

### ഓണാഘോഷം 2008

ക്ഷത്രിയ ക്ഷേമസഭ തൃശൂർ യൂണിറ്റിന്റെ ഓണാഘോഷം 21.09.2008 ഞായറാഴ്ച തൃശൂർ, തെക്കേമഠം ലക്ഷ്മി കല്യാണമണ്ഡപത്തിൽ വച്ചുനടന്നു.

ഡോ. അമ്മിണിതമ്പുരാൻ മുഖ്യാതിഥിയായിരുന്നു. മറ്റു വിശിഷ്ടാതിഥികളായി കക്കാട് കാരണവപ്പാട് മണക്കുളം കുഞ്ഞുണ്ണിരാജ, ഡോ. ആർ.എം. വർമ്മ, അജിത് രാജ എന്നിവർ പങ്കെടുത്തു. എൻ. ശങ്കരവർമ്മ സ്വാഗതം ആശംസിച്ചു. ശേഷം പിതൃപൂജ നടന്നു. കഴിഞ്ഞ ഓണം മുതൽ ഈ ഓണം വരെയുള്ള കാലയളവിൽ സഭയെ വിട്ടുപിരിഞ്ഞ കുടുംബാംഗങ്ങളെ സ്മരിക്കുന്ന ചടങ്ങ് ആയിരുന്നു ഇത്. 2008-ലെ വിദ്യാഭ്യാസ അവാർഡ് തുടർന്ന് വിതരണം ചെയ്തു. അവാർഡ് ജേതാക്കൾ താഴെപ്പറയുന്നവരാണ്.

**അർജ്ജുൻരാജ കെ.സി.**
(എഞ്ചിനീയറിംഗ്, പ്ലസ്ടു സയൻസ് വിഭാഗം (സ്റ്റേറ്റ്)
S/o. പി. രാജേന്ദ്രൻ
മഞ്ചേരി കോവിലകം, കൊടുങ്ങല്ലൂർ

**ഗായത്രിരാജ**
പ്ലസ്ടു (BSE - സയൻസ്)
D/o കെ. മുരളീധരൻ
വെള്ളാനിമന, മണ്ണുത്തി

**അനിരുദ്ധ് വർമ്മ**
പ്ലസ്ടു (CBSE - സയൻസ് ഇതരവിഭാഗം
(S/o വിനയവർമ്മ
ശ്രീനിധി, ഹരിശ്രീനഗർ, തൃശൂർ

**ശില്പവർമ്മ**
സംസ്ഥാന സ്കൂൾ യുവജനോത്സവം ഒന്നാം സമ്മാനം
(D/o ഡോ. രവീന്ദ്രവർമ്മ
നന്ദനം, കൃഷ്ണപുരം കോളനി
പൂങ്കുന്നം)

അന്നേദിവസം അദ്ധ്യാപക രത്നം അവാർഡ് നേടിയ അജിത് രാജയെ യോഗം പൊന്നാടയും ഉപഹാരവും നല്കി ആദരിച്ചു. പി.സി. പ്രഹ്ലാദവർമ്മ അദ്ധ്യക്ഷനായ യോഗത്തിൽ, രക്ഷാധികാരി ശ്രീ എ.കെ. രാജരാജവർമ്മ (ചെറുണ്ണിച്ചേട്ടൻ) സഭയുടെ ഇനിയുള്ള പദ്ധതികൾ അംഗങ്ങളെ അറിയിച്ചു. തൃശൂരിലെ പാലിയേറ്റീവ് കെയർ സംഘടനയ്ക്ക് അംഗങ്ങൾ പലരും നല്കി വരുന്ന സംഭാവന സ്വരൂപിച്ച് ഈ ചിങ്ങമാസം മുതൽ സഭാമുഖാന്തിരം നല്കുന്ന പദ്ധതി ആരംഭിച്ചതായി അദ്ദേഹം പ്രഖ്യാപിച്ചു. പ്രതിവർഷം അറുപതിനായിരം രൂപയോളം നാം ഇങ്ങനെ നല്കുന്നുണ്ടെന്നും നമ്മുടെ ഓണാഘോഷത്തിന്റെയും വിദ്യാഭ്യാസ അവാർഡുകളുടേയും ചെലവിന്റെ ഇരട്ടി തുകയാണിതെന്നും അതിനാൽ ചാരിതാർത്ഥ്യത്തോടെ നമുക്ക് ഓണസ്സദ്യ ഉണ്ണാമെന്നും അദ്ദേഹം പറഞ്ഞപ്പോൾ സദസ്സ് ഹർഷാരവത്തോടെ സ്വീകരിച്ചു. നിരവധിപേർ ഈ സംരംഭത്തിൽ പുതുതായി മുന്നോട്ടു വന്നു.

ട്രഷറർ സനത് കുമാർ വരവുചെലവു കണക്കുകൾ ധരിപ്പിച്ചു. തുടർന്ന് കുടുംബാംഗങ്ങൾ അവതരിപ്പിച്ച വിവിധയിനം കലാപരിപാടികൾ ഓണസദ്യയോടൊപ്പം ആസ്വാദ്യമായി.

ഡോ. നന്ദകുമാർ, പി.വി. രവിവർമ്മ, അഡ്വ. രാജീവ് വർമ്മ, ശ്രീജിത് വർമ്മ എന്നിവർ ഓണാഘോഷ നടത്തിപ്പിന് നേതൃത്വം നല്കി. വൈകിട്ട് 5 മണിക്ക് ദേശീയഗാനത്തോടെ ആഘോഷം സമാപിച്ചു.

## ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരിച്ചു

ക്ഷത്രിയക്ഷേമസഭയുടെ സാമൂഹ്യക്ഷേമ-ജീവകാരുണ്യ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി “റിയാക്ട്' (React - Royal Educational & Charitable Trust) എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ചു. 2007 ജൂലായ് 18ന് രജിസ്റ്റർ ചെയ്ത ട്രസ്റ്റിൽ സർവ്വശ്രീ ആർ. സുരേന്ദ്രൻ, എം. രവിവർമ്മരാജാ, ആർ. രാമവർമ്മ, പി. സുഭാഷ്, കുമാർ വർമ്മ, ജി. രാമവർമ്മ, കെ.എൽ. ശ്രീകൃഷ്ണദാസ്, പി.ജി. ശശികുമാർ വർമ്മ എന്നിവരാണ് ഇപ്പോൾ അംഗങ്ങൾ. കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ട്രസ്റ്റിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## പന്തളം ക്ഷത്രിയസഭ

അംഗങ്ങൾക്കുവേണ്ടിയുള്ള മാസക്കുറി പതിവുപോലെ നടന്നു. കുട്ടികൾക്കുവേണ്ടി കളിപ്പാട്ടങ്ങൾ വാങ്ങി വിതരണം ചെയ്തു. ചന്ദനത്തടികൊണ്ട് പുതുതായി നിർമ്മിച്ച തിരുവാഭരണപേടകത്തിന് പന്തളത്ത് ഉജ്ജ്വലസ്വീകരണം നൽകി. സഭയും കുടുംബാംഗങ്ങളും സ്വീകരണത്തിൽ സജീവമായി പങ്കെടുത്തു. പന്തളം മഹാദേവക്ഷേത്രത്തിലെ കൊടിമരത്തിനുവേണ്ട തേക്കിൻതടിഘോഷയുടെ അകമ്പടിയോടെ കൊണ്ടുവന്നപ്പോൾ നടന്ന വരവേൽപ്പിൽ സഭാംഗങ്ങളുടെ സജീവപങ്കാളിത്തം ഉണ്ടായിരുന്നു.

**തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭ - ഓണാ ഘോഷം**



*തിരുവനന്തപുരം ക്ഷത്രിയസഭയുടെ ഓണാഘോഷപരിപാടികൾ പരപ്പനാട് വലിയ തമ്പുരാട്ടി അനന്തപുരത്ത് കൊട്ടാരത്തിൽ പൂരംനാൾ അംബാലിക തമ്പുരാട്ടി ഉദ്ഘാടനം ചെയ്യുന്നു*

സെപ്തംബർ 28 ഞായ റാഴ്ച രാവിലെ പത്തിന് തിരുവനന്ത പുരം കോട്ടയ്ക്കകം പ്രിയദർശിനി ഹാളിൽ ഓണാഘോഷപരിപാടികൾ അരങ്ങേറി. പരപ്പനാട് സ്വരൂപത്തിലെ വലിയ തമ്പുരാട്ടി അനന്തപുരത്തു കൊട്ടാരത്തിൽ പൂരംനാൾ അമ്പാലി കതമ്പുരാട്ടി പരിപാടികൾ ഉദ്ഘാ ടനം ചെയ്തു. പ്രശസ്ത സാഹിത്യ കാരൻ പെരുമ്പടവം ശ്രീധരൻ മുഖ്യാതിഥിയായിരുന്നു. മലയാളമ നോരമ പത്തനംതിട്ട ബ്യൂറോചീഫ് എഡിറ്റർ വി.കെ. രവിവർമ്മ തമ്പു രാൻ ആശംസകൾ നേർന്നു. തിരുവ നന്തപുരം സഭാംഗങ്ങൾ അവതിരി പ്പിച്ച വിവിധ കലാപരിപാടികൾ ആഘോഷങ്ങൾക്ക് നിറപ്പകിട്ടേകി. വിഭവസമൃദ്ധമായ ഓണസ്സദ്യയും ഉണ്ടായിരുന്നു. സഭാപ്രസിഡന്റ് ഡോ. ആർ. അജയകുമാർ വർമ്മ ആദ്ധ്യക്ഷ്യം വഹിച്ച യോഗത്തിൽ ജോയിന്റ് സെക്രട്ടറി നാരായണൻ പണ്ടാല സ്വാഗതവും പി.ജി. ശശികു മാർവർമ്മ നന്ദിയും പറഞ്ഞു.

## കേണൽ ഗോദവർമ്മ രാജാ ജന്മശതാബ്ദി



*കേണൽ ഗോദവർമ്മരാജാ ജന്മശതാബ്ദിയാഘോഷം ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് ഉദ്ഘാടനം ചെയ്യുന്നു*

കേരളത്തിന്റെ സ്പോർട്സ് ടൂറിസം രംഗത്ത് വിലപ്പെട്ട സംഭാവ നകൾ നൽകിയ കേണൽ ഗോദവർമ്മ രാജായുടെ ജന്മശതാബ്ദി ഒക്ടോ ബർ 29ന് കോട്ടയ്ക്കകം കൃഷ്ണവി ലാസം കൊട്ടാരത്തിൽ ശ്രീ പദ്മ നാഭദാസഉത്രാടം തിരുനാൾ മാർത്താ ണ്ഡവർമ്മ മഹാരാജാവ് ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ സംഘടിപ്പിച്ച പരിപാടി യിൽ സ്വപിതാവിനെക്കുറിച്ചുള്ള സ്മരണകൾ പ്രിൻസസ്മാരായ പൂയം തിരുനാൾ ഗൗരിപാർവ്വതീബായിയും അശ്വതി തിരുനാൾ ഗൗരിലക്ഷ്മീബാ യിയും പങ്കുവച്ചു. ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് റിട്ട. പ്രിൻസിപ്പൽ കെ.ആർ. കൃഷ്ണൻനാ യർ, റിട്ട. പ്രൊഫസ്സർ (ഫിസിക്കൽ എഡ്യൂക്കേഷൻ) രാമകൃഷ്ണൻനാ യർ, മുൻ രഞ്ജിതാരം നന്ദകുമാർ വർമ്മ എന്നിവർ കേണൽ തിരുമേ നിയെ അനുസ്മരിച്ച് സംസാരിച്ചു. ഡോ. ആർ. അജയകുമാർ വർമ്മ ആദ്ധ്യക്ഷം വഹിച്ച യോഗത്തിൽ പി.ജി. ശശികുമാർവർമ്മ സ്വാഗതവും നാരായണൻ പണ്ടാല നന്ദിയും പറഞ്ഞു.

## തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ

### വാർഷിക പൊതുയോഗം

സഭയുടെ 21-ാമത് വാർഷിക പൊതുയോഗം ആഗസ്റ്റ് 31ന് സുന്ദര വിലാസം കൊട്ടാരത്തിൽ ചേർന്നു. പ്രസിഡന്റ് ഡോ. ആർ. അജയ കുമാർവർമ്മ യോഗത്തിൽ ആദ്ധ്യ ക്ഷ്യം വഹിച്ചു. ജോയിന്റ് സെക്രട്ടറി നാരായണൻ പണ്ടാല റിപ്പോർട്ട് അവ തരിപ്പിച്ചു. അഖിലേന്ത്യാ സൈനിക് സ്കൂൾ പ്രവേശനപരീക്ഷയിൽ ഒൻപതാം ക്ലാസ്സ് തലത്തിൽ സംസ്ഥാ നത്ത് ഒന്നാംറാങ്ക് കരസ്ഥമാക്കിയ അഖിൽ സുകുമാർവർമ്മയെ യോഗ ത്തിൽ ഉപഹാരം നൽകി അനുമോ ദിച്ചു. കൊടുങ്ങല്ലൂർ പുത്തൻകോവി ലകത്ത് സുകുമാർ അർ. വർമ്മയു ടെയും (എൻജിനീയർ അബുദാബി) ചെന്നിത്തല മേനാംവിള കോവില കത്ത് അമ്മിണി എസ്. വർമ്മയു ടെയും മകനാണ് അഖിൽ. യോഗാ നന്തരം കുമാരി ദിവ്യ വർമ്മയുടെ നങ്ങ്യാർകൂത്തും ഉണ്ടായിരുന്നു.

## നീലേശ്വരം ക്ഷത്രിയസഭ

നീലേശ്വരം തളിയിൽ ശ്രീ നീലകണ്ഠേശ്വരക്ഷേത്രത്തിൽ നവീ കരണകലശവും ദ്രവ്യാവർത്തി കലശാഭിഷേകവും മഹാവിഷ്ണു പുനപ്രതിഷ്ഠാകലശവും നടത്തുന്നു. ചിരപുരാതനമായ നീലേശ്വരം തളിയിൽ ശ്രീനീലകണ്ഠേശ്വരക്ഷേ ത്രത്തിൽ പതിനേഴ് സംവത്സര ങ്ങൾക്കുശേഷം ബൃഹത്തായ നവീ കരണകലശ മഹോത്സവം നടക്കുക യാണ്.

മലയാളക്കരയിലെ അറുപത്തി നാലു ഗ്രാമങ്ങളിൽ പെരുമാൾ വാഴും പയ്യന്നൂർ ഗ്രാമത്തിന്റെ ഉപഗ്രാമമായ നീലേശ്വരം ദേശത്തിന്റെ അധിപ നായ തളിയിലപ്പന്റെ ക്ഷേത്രസൃഷ്ടി യുമായി ബന്ധപ്പെട്ട് നിരവധി ഐതി ഹ്യങ്ങൾ നിലവിലുണ്ട്. തെക്ക് ഒള വറ മുതൽ വടക്ക് ചിത്താരിപ്പുഴ വരെ വ്യാപിച്ചുകിടന്ന 'അള്ളട സ്വരൂപം' കാലക്രമേണ നീലേശ്വരം രാജവംശ ത്തിന്റെ അധീനതയിൽ വരികയും രാജവംശത്തിലെ അമ്മ തമ്പുരാട്ടി ക്കുണ്ടായ അപൂർവ സ്വപ്നദർശന ത്തിന്റെ സാക്ഷാത്ക്കാരമായി കോഴി ക്കോട് തളിശിവക്ഷേത്രത്തിന് സമാനമായി നീലേശ്വരം തളിയിൽ നീലകണ്ഠേശ്വരക്ഷേത്തെ ഉദ്ധരിച്ച് ഇന്നത്തെ രൂപത്തിൽ ആക്കി ത്തീർത്തുവെന്നുമാണ് ഐതിഹ്യം.

നീലേശ്വരം തെക്കേകോവി ലകം മൂത്തതമ്പുരാൻ ടി.സി. കൃഷ്ണവർമ്മരാജ ഇപ്പോൾ ക്ഷേത്ര ഭരണം നിർവഹിക്കുന്നു. ബ്രഹ്മശ്രീ തെക്കിനിയേടത്ത് തരണനല്ലൂർ പത്മ നാഭൻ ഉണ്ണിനമ്പൂതിരിപ്പാട് ക്ഷേത്ര താന്ത്രിക കർമ്മങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. 2009 ഫെബ്രുവരി 19 മുതൽ മാർച്ച് 4 വരെ നീണ്ടുനിൽ

ക്കുന്ന നവീകരണകലശ മഹോത്സവത്തിന്റെ പൂർത്തീകരണത്തിന് അൻപതുലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. ഉദാരമായ സംഭാവനകൾ നൽകിയും പുണ്യകർമ്മങ്ങളിൽ പങ്കെടുത്തും ഈ മഹത് സംരംഭത്തിന്റെ സാക്ഷാത്കാരത്തിൽ പങ്കാളികളാകാൻ ക്ഷേത്രഭാരവാഹികൾ അഭ്യർത്ഥിക്കുന്നു.

സംഭാവനകൾ സംബന്ധിച്ച വിവരങ്ങൾക്ക് ബന്ധപ്പെടുക കെ.സി. മാനവർമ്മരാജ, രാജമന്ദിരം, നീലേശ്വരം - 671314, ഫോൺ : 9447374379

## കരിവെള്ളൂർ യൂണിറ്റ്

### കുടുംബ സംഗമം

ക്ഷത്രിയക്ഷേമസഭ കുടുംബ സംഗമവും ജനറൽബോഡി യോഗവും 2008 നവംബർ മാസം 9-ാം തീയതി ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് ചെറുതാഴത്തുള്ള വി.എം. നാരായണൻ ഉണിത്തിരിയുടെ ഭവനത്തിൽ വെച്ച് നടന്നു. സംസ്ഥാന പ്രവർത്തക സമിതി അംഗം ടി.എം. ശ്രീകുമാർ സ്വാഗതം പറഞ്ഞു. യൂനിറ്റ് പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി വി.എം. കൃഷ്ണകുമാർ പ്രവർത്തന റിപ്പോർട്ടും ട്രഷറർ എൻ.പി. ബാലകൃഷ്ണൻ വരവ്- ചെലവ് കണക്കും അവതരിപ്പിച്ചു. പിന്നീട് വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച സംഘടനാറിപ്പോർട്ട് ടി.എം. ശ്രീകുമാർ അവതരിപ്പിച്ചു. ഇതിനോടനുബന്ധിച്ചു നടന്ന ചർച്ചയിൽ സി. മാധവൻ, വി.എം. നാരായണൻ ഉണിത്തിരി, സി.കെ. പുരുഷോത്തമൻ, യു.കെ. രാജവർമ്മ, വി.ടി. സോമേശ്വരി, എൻ.പി. വസന്ത, വിജയകുമാരവർമ്മ, കെ. ചന്ദ്രകാന്തൻ, എൻ.എം. കൃഷ്ണൻ ഉണിത്തിരി, സുദേവവർമ്മ എന്നിവർ പങ്കെടുത്തു.

### പ്രധാന തീരുമാനങ്ങൾ

**(1) എൻഡോവ്മെന്റ്:** എൻഡോവ്മെന്റുകൾക്കും, സ്കോളർഷിപ്പുകൾക്കും അപേക്ഷിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ സഭയിൽ മെമ്പർമാരായിരിക്കണമെന്ന് തീരുമാനിച്ചു. അടുത്ത വർഷം മുതൽ യൂണിറ്റ് മുഖേന നൽകുന്ന എൻഡോവ്മെന്റുകളുടെയും കാഷ് അവാർഡുകളുടെയും കൂടെ 'ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂനിറ്റ്' എന്ന് ആലേഖനം ചെയ്ത ഒരു ഉപഹാരം കൂടി നൽകുന്നതാണ്.

**(2) ഡയറക്ടറി:**

ഡിസംബർ 31ന് മുമ്പായി കരട് തയ്യാറാക്കി സമർപ്പിക്കാൻ വി.എം. കൃഷ്ണകുമാർ, ചന്ദ്രകാന്തൻ എന്നിവരെ ചുമതലപ്പെടുത്തി.

**(3) ശ്മശാന ലൈസൻസ്:** കുടുംബ ശ്മശാനത്തിനായി വിലക്കെടുത്ത സ്ഥലത്ത് ലൈസൻസിന് അപേക്ഷിച്ചിരുന്നു. ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നിന്നും ലഭിച്ച കത്തിന് ഉടനടി മറുപടി നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**(4) വാർഷിക വരിസംഖ്യ:** 2008 വർഷത്തെ വാർഷിക വരിസംഖ്യ പിരിവ് നവംബർ 30ന് മുമ്പായി പൂർത്തിയാക്കും.

(5) ക്ഷാത്രസന്ദേശം വരിസംഖ്യ കാലാവധി കഴിഞ്ഞ മുഴുവൻ വരിക്കാരുമായി ബന്ധപ്പെട്ട് പിരിച്ചെടുത്ത് ഉടനടി കേന്ദ്രസഭയ്ക്ക് അയച്ചുകൊടുക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

യൂണിറ്റ് പ്രസിഡന്റ് എൻ. പി. കൃഷ്ണൻ ഉണിത്തിരി, സെക്രട്ടറി ടി.എം. ശ്രീകുമാർ, വി.എം. ദാമോദരൻ, ശ്രീ.സി.കെ. പുരുഷോത്തമൻ എന്നിവരടങ്ങുന്ന സബ്കമ്മിറ്റി കുടുംബാംഗങ്ങൾക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ചർച്ചകളിലൂടെ പരിഹാരം കണ്ടെത്തും. സാമ്പത്തിക വിഷമമനുഭവിക്കുന്നവരും രോഗികളും, നിർദ്ധനരുമായ കുടുംബാംഗങ്ങളെ സഹായിക്കുവാൻ ഒരു പാക്കേജ് വേണമെന്ന യു.കെ. രാജവർമയുടെ നിർദ്ദേശം ചർച്ച ചെയ്തു. കേന്ദ്രസഭയുടെ നേതൃത്വത്തിലുള്ള "React' ന്റെ പ്രവർത്തനം സജീവമാകുന്നതോടെ ഈവക കാര്യങ്ങൾ പരിഹരിക്കാനാവുമെന്ന് സെക്രട്ടറി അറിയിച്ചു.

യോഗത്തിൽ കെ.എൻ. രാമചന്ദ്രൻ മാസ്റ്റർ (ഓലയമ്പാടി), കെ.പി. നാരായണൻ (കൈതപ്പുറം), എസ്.പി. സജിൻ (പേരൂൽ) എന്നിവർ നിരീക്ഷകരായി പങ്കെടുത്തു. യോഗത്തിന് വേണ്ടി സൗകര്യമൊരുക്കിത്തന്ന വി.എം. നാരായണൻ ഉണിത്തിരിയേയും കുടുംബാംഗങ്ങളെയും സഭയുടെ കൃതജ്ഞത പ്രസിഡന്റ് അറിയിച്ചു. സി. മാധവൻ നന്ദി പ്രകാശിപ്പിച്ചു.

## എം. രവിവർമ്മ രാജാ ബോർഡ് ഓഫ് ട്രസ്റ്റീസിൽ അംഗം

ശ്രീപദ്മനാഭസ്വാമിക്ഷേത്രം ബോർഡ് ഓഫ് ട്രസ്റ്റീസിൽ എം. രവിവർമ്മ രാജയെ ട്രസ്റ്റി ആയി നിയമിച്ചിരിക്കുന്നു. 2008 ഡിസംബർ മുതൽ ഒരു വർഷത്തേക്കാണ് ഇപ്പോഴത്തെ നിയമനം. ക്ഷാത്രസന്ദേശത്തിന്റെ മുഖ്യപത്രാധിപരായ ഇദ്ദേഹം ഓമല്ലൂർ മുല്ലരിങ്ങാട്ട് കൊട്ടാരത്തിലെ അംഗമാണ്.

## സാംസ്കാരികം

### റീജന്റ് മഹാറാണി സേതുലക്ഷ്മീബായി ജന്മവാർഷികാഘോഷം



റീജന്റ് മഹാറാണി സേതുലക്ഷ്മീബായിയുടെ നൂറ്റിപ്പതിമൂന്നാം ജയന്തി നവംബർ 23ന് തിരു



*റീജന്റ് മഹാറാണിയുടെ 113-ാം ജന്മവാർഷികാഘോഷത്തിന്റെ ഉദ്ഘാടനച്ചടങ്ങ് - ഒരു ദൃശ്യം*

വനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സമുചിതമായി ആഘോഷിച്ചു. കേരള നിയമവകുപ്പ്/ പാർലമെന്ററി/ കാര്യമന്ത്രി എം. വിജയകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. ശ്രീ പത്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് അനുഗ്രഹപ്രഭാഷണം നടത്തി. ഐ.എസ്ആർ.ഒ. ചെയർമാൻ ഡോ. ജി. മാധവൻനായർ സ്മാരക പ്രഭാഷണം നടത്തി. ഉത്രാടം തിരുനാൾ മഹാരാജാവ് ഡോ. മാധവൻനായർക്ക് തിരുവിതാംകൂറിന്റെ പഴയ സ്വർണ്ണനാണയം 'കുതിരപ്പവൻ' സമ്മാനിച്ചു. മഹാറാണിയുടെ ചെറുമകൾ ഡോ. ലക്ഷ്മി രഘുനന്ദന്റെ ഭർത്താവും കൊച്ചി രാജകുടുംബാംഗവുമായ രാമവർമ്മ രഘുനന്ദൻ മഹാറാണിയെക്കുറിച്ചുള്ള സ്മരണ പുതുക്കി. രാജകുടുംബാംഗങ്ങളുടെ വക പാരിതോഷികം വെള്ളിത്തളിക അദ്ദേഹം മാധവൻനായർക്ക് സമ്മാനിച്ചു. മഹാറാണിയുടെ ചെറുമകൻ ശ്രീകുമാർവർമ്മ സ്പോൺസർ ചെയ്ത മാധ്യമപുരസ്കാരം പതിനയ്യായിരം രൂപയും പ്രശസ്തിപത്രവും ഫലകവും- മാതൃഭൂമിയുടെ പാലക്കാട് ബ്യൂറോയിലെ സ്റ്റാഫ് റിപ്പോർട്ടർ ബീനാഗോവിന്ദിന് മന്ത്രി വിജയകുമാർ സമ്മാനിച്ചു. സഭയുടെ മഹാറാണി സേതുലക്ഷ്മീബായി സ്മാരക വിദ്യാഭ്യാസ പുരസ്കാരങ്ങൾ താഴെപ്പറയുന്ന ക്ഷത്രിയ വിദ്യാർത്ഥികൾക്ക് ഡോ. മാധവൻനായർ നൽകി.

മാസ്റ്റർ കൃഷ്ണഅനുജൻ, തൃപ്പൂണിത്തുറ (CBSE)

ആഷിഷ്കുമാർ വർമ്മ തിരുവനന്തപുരം (ICSE)

കുമാരി ശിൽപ്പാവർമ്മ തൃശൂർ (SSLC)

മാസ്റ്റർ ശ്രീരാജ് വർമ്മ, പാലക്കാട് (SSLC)

വി.എസ്.എസ്.സി. ഡയറക്ടർ ഡോ. കെ. രാധാകൃഷ്ണൻ ആശംസകൾ നേർന്നു. ചന്ദ്രയാൻ ദൗത്യത്തിന്റെ പ്രമുഖ ശില്പികളായ ഡോ. കെ. രാധാകൃഷ്ണൻ, പി.എസ്. വീരരാഘവൻ, എസ്. രാമകൃഷ്ണൻ, ഡോ. വി. എസ്. ആദിമൂർത്തി, ജോർജ്ജ് കോശി, സി. വേണുഗോപാൽ എന്നീ ശാസ്ത്രജ്ഞർക്ക് മാർത്താണ്ഡവർമ്മ മഹാരാജാവ് ഉപഹാരങ്ങൾ നൽകി അനുമോദിച്ചു. ഡോ. മാധവൻ നായരെയും മറ്റ് ശാസ്ത്രജ്ഞരെയും സഭാംഗം ആർ. രാമവർമ്മ സദസ്സിന് പരിചയപ്പെടുത്തി. തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭാ പ്രസിഡന്റ് ഡോ. ആർ. അജയകമാർ വർമ്മ ആദ്ധ്യക്ഷം വഹിച്ച യോഗത്തിൽ സെക്രട്ടറി സുഭാഷ്കുമാർ വർമ്മ സ്വാഗതവും ജോയിന്റ് സെക്രട്ടറി നാരായണൻ പണ്ടാല നന്ദിയും പറഞ്ഞു. തുടർന്ന് തൃപ്പൂണിത്തുറ കഥകളി കേന്ദ്രം വനിതാവിഭാഗം അവതരിപ്പിച്ച 'ദക്ഷയാഗം' കഥകളിയും ഉണ്ടായിരുന്നു.

## ഓമനത്തിങ്കൾ പുരസ്കാരവും ഇരയിമ്മൻ തമ്പിയുടെ 226-ാം ജയന്തി ആഘോഷവും



അനശ്വര കവിയായ ഇരയിമ്മൻ തമ്പിയുടെ 226-ാം ജന്മദിനാഘോഷം 2008 നവംബർ 9ന് വിപുലമായ തോതിൽ ആഘോഷിച്ചു. വിശിഷ്ടാതിഥികൾക്ക് ട്രസ്റ്റ് ചെയർമാൻ എൻ. കൃഷ്ണവർമ്മ സ്വാഗതം ആശംസിച്ചു. തണ്ണീർമുക്കം പഞ്ചായത്ത് സെക്രട്ടറി രാജ്പ്രദീപ് ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. വാരനാട് രാജേഷ് നയിച്ച പഞ്ചരത്നകീർത്തനാലാപനത്തിനുശേഷം കലാമണ്ഡലം ശ്രീകുമാർ അവതരിപ്പിച്ച കഥകളി ആസ്വാദനകളരി സദസ്യർക്ക് കഥകളിയെക്കുറിച്ച് സാമാന്യമായ അറിവു പകരാൻ സഹായിച്ചു.

ഉച്ചയ്ക്ക് 2 മണിക്ക് സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ഓമനത്തിങ്കൾ താരാട്ടുപാട്ടിന്റെയും കഥകളി സംഗീതത്തിന്റെയും മത്സരം നടത്തി. രാജാ ശ്രീകുമാറിന്റെ നേതൃത്വത്തിൽ കഥകളിയെക്കുറിച്ചുള്ള ഒരു ക്വിസ് മത്സരം നടത്തി. വിജയികൾക്ക് 251രൂ. ക്യാഷ് അവാർഡും പ്രശസ്തിപത്രവും ഫലകവും നൽകി. വൈകുന്നേരം 5 മണിക്ക് സാംസ്ക്കാരിക സമ്മേളനം ആരംഭിച്ചു. സുപ്രീം കോടതി റിട്ട. ജസ്റ്റീസ് കെ.ടി. തോമസ്സ് സാംസ്ക്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്തു. ഏറെ വൈകിയാണെങ്കിലും ഓമനത്തിങ്കൾക്കിടാവിന്റെ രചയിതാവിന് ഒരു സ്മാരകം ഉണ്ടായത് ഏറെ ഉചിതമായി എന്ന് അദ്ദേഹം പറഞ്ഞു. ആദ്ധ്യക്ഷ്യം വഹിച്ച പ്രൊഫ. അമ്പലപ്പുഴ

രാമവർമ്മ ഇരയിമ്മൻ തമ്പിയുടെ ആട്ടകഥകളെയും സംഗീതത്തെയും കുറിച്ച് സംസാരിച്ചു. കലാമണ്ഡലം ശ്രീകുമാറിന് കഥകളിയിൽ മികവുറ്റ കലാകാരനുള്ള പ്രഥമ 'ഓമനത്തിങ്കൾ' പുരസ്കാരവും 3000 രൂപ ക്യാഷ് അവാർഡും പ്രശസ്തിപത്രവും ജസ്റ്റീസ് കെ.ടി. തോമസ്സ് നൽകി. AIR എക്സിക്യൂട്ടീവ് - നാരായണൻ നമ്പൂതിരി, പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, മുൻ ഡയറക്ടർ കെ.എൽ. ശ്രീകൃഷ്ണദാസ് തുടങ്ങിയ പ്രശസ്ത വ്യക്തികളുടെ ആശംസാപ്രസംഗങ്ങൾ നടന്നു. ട്രസ്റ്റിനും അതിന്റെ ഭരണസമിതിക്കും ഭാവിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും നിർദ്ദേശങ്ങളും അവർ നൽകുകയുണ്ടായി. ഇരയിമ്മൻ തമ്പിയുടെ കഥകളിപ്പദങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള തിരുവാതിരകളി ഏവർക്കും ഹൃദ്യമായി.

പരിപാടികളിലെ അവസാന ഇനമായ കഥകളി ആരംഭിച്ചത് 2007-2008 ലെ യുവജനോത്സവത്തിൽ സ്കൂൾ തലത്തിൽ മദ്ദളവായനയിൽ ഒന്നാംസമ്മാനം നേടിയ മാസ്റ്റർ സുദേവ് വർമ്മയുടെ ശുദ്ധ മദ്ദളകേളിയോടുകൂടിയാണ്. ഉത്തരാസ്വയംവരം കഥയിലെ ദൂതന്റെ സഭാപ്രവേശം വരെ അവതരിപ്പിച്ചു. കലാമണ്ഡലം ശ്രീകുമാർ, ആർ. എൽ.വി. സുനിൽ, വാരനാട് സനൽ എന്നിവർ വേഷമിട്ടപ്പോൾ കലാമണ്ഡലം രാജേഷും കലാമണ്ഡലം ശ്രീജിത്തും പദങ്ങൾ പാടി. കലാമണ്ഡലം ശ്രീകാന്ത് ചെണ്ടയും കലാനിലയം മനോജ് മദ്ദളവും ചേർത്തല വിശ്വനാഥൻ ചുട്ടിയും നിർവഹിച്ചു. ട്രസ്റ്റ് സെക്രട്ടറി ശ്രീമതി രുഗ്മിണിഭായി തമ്പുരാട്ടി നന്ദി പ്രകാശിപ്പിച്ചതോടെ ജയന്തി ആഘോഷത്തിന് തിരിശ്ശീല വീണു.

## വൈവാഹികം

### ഗിരിജ ദേവി- അനൂപ് വർമ്മ

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗം ശ്രീ. സി.കെ. കുഞ്ഞിനാരായണ വർമയുടെ മകൾ കുമാരി കെ. ഗിരിജാദേവിയും, ചെങ്ങന്നൂർ മംഗലപ്പിള്ളി കോവിലകത്തെ എൻ. ആർ. ചന്ദ്രവർമ തമ്പുരാന്റെ മകൻ അനൂപ് വർമയും തമ്മിലുള്ള വിവാഹം 10-11-08ന് ഏച്ചിക്കുളങ്ങര ശ്രീനാരായണപുരം ക്ഷേത്രത്തിൽ വെച്ച് സമംഗളം നടന്നു.

### ജിഷ-ഹരികൃഷ്ണൻ

കണ്ണൂർ ജില്ല, കീഴൂർ (ഇരിട്ടി) കെ. രാമരാജൻ വാഴുന്നവരുടെയും എസ്. കെ. ഗൗരിയുടെയും മകൾ കുമാരി ജിഷയും ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ടി.എം. രവിവർമ്മയുടെയും എൻ.എം. ഇന്ദിരയുടെയും മകൻ ഹരികൃഷ്ണനും തമ്മിലുള്ള വിവാഹം 26-10-08ന് തളിപ്പറമ്പ് തൃച്ചംബരം ശ്രീകൃഷ്ണക്ഷേത്രത്തിൽ വച്ച് സമംഗളം നടന്നു.

## ചാലക്കുടി ക്ഷത്രിയസഭ

### ഗൃഹപ്രവേശം

ചാലക്കുടി കൊട്ടാരത്തിൽ മഠത്തിൽ രാജവർമ്മ(ഭോപ്പാൽ)യുടെ പുതുതായി പണിതീർത്ത ഗൃഹത്തിന്റെ പാലുകാച്ചൽ ചടങ്ങ് 21-11-08ന് ആഘോഷിച്ചു.

### ഉദ്യോഗപ്രവേശനങ്ങൾ

അവിട്ടത്തൂർ കൊട്ടാരത്തിൽ മഠത്തിലെ രാജു വർമ്മയുടെയും സതിവർമ്മയുടെയും മകൾ രമ്യവർമ്മ ഹിന്ദുസ്ഥാൻ പെട്രോളിയം കമ്പനിയുടെ മുംബൈ ഓഫീസിൽ ട്രെയിനിയായി ജോലിയിൽ പ്രവേശിച്ചു.

ബേപ്പൂർ പുതിയകോവിലകത്തെ രുക്മിണി ഹരിദാസന്റെ മകൻ ഗോപീകൃഷ്ണരാജ ഇൻഫോസിസിൽ ട്രെയിനിയായി ജോലിയിൽ പ്രവേശിച്ചു.

### പിറന്നാൾ

ചാലക്കുടി കൊട്ടാരത്തിൽ മഠത്തിലെ അംബാലികതമ്പുരാട്ടിയുടെ 82-ാം പിറന്നാൾ 06-11-08ന് സമംഗളം ആഘോഷിച്ചു.

ചാലക്കുടി കൃഷ്ണാലയത്തിലെ പി.കെ.ഉദയവർമ്മയുടെ 60-ാം പിറന്നാൾ 13-11-08ന് ആഘോഷിച്ചു.

### കലാമത്സരങ്ങൾ

ചാലക്കുടി ഉപജില്ലാകലോത്സവത്തിൽ താഴെപ്പറയുന്ന കുട്ടികൾ വിജയികളായി.

ചാലക്കുടി കൊട്ടാരത്തിൽ മഠത്തിലെ രാംകുമാർ വർമ്മയുടെയും സന്ധ്യയുടെയും മകൾ തേജസ്വി വർമ്മക്ക് കർണ്ണാടകസംഗീതത്തിനും സംഘഗാനത്തിനും ഒന്നാം സമ്മാനവും ലളിതഗാനത്തിന് രണ്ടാം സമ്മാനവും ലഭിച്ചു.

ചാലക്കുടി കൊട്ടാരത്തിൽ മഠത്തിലെ മഹേഷ് വർമ്മയുടെയും സിന്ധുവിന്റെയും മകൾ പൃഥ്വിക്ക് സംഘഗാനത്തിന് ഒന്നാം സമ്മാനം ലഭിച്ചു.

ലായത്തിൽ മഠത്തിൽ കൃഷ്ണകുമാറിന്റെയും സിന്ധുവിന്റെയും മകൾ മീനാക്ഷിക്ക് പദ്യപാരായണത്തിനും ഒപ്പനയ്ക്കും ഒന്നാംസമ്മാനം ലഭിച്ചു.

ചാലക്കുടി കിഴക്കേമഠത്തിൽ മുരാരിയുടെയും ശ്രീകലയുടെയും മകൻ രഘു വർമ്മയ്ക്ക് ചെണ്ടമേളത്തിൽ ഒന്നാംസമ്മാനം ലഭിച്ചു. ●

*വൈവാഹികം തുടർച്ച - വധുവിനെ ആവശ്യമുണ്ട്*

### BOX No. 378

Kshatriya Youth 28 Yrs (26-12-1980) Makam Nakshatram M.Com. (Banking Insurance) Diploma in Tally Accounting, Diploma in Business Process outsourcing, Diploma in office Mangement. Employed in Dindugal, Chennai, earning Rs. 1,00,000/- per annum. Ht. 180 cm. Only one sister (married) parents settled in Trichy. Proposals invited from parents of suitable Kshtriya girls

| | | | |
|---|---|---|---|
| | - | ല | |
| | ഗ്രഹസ്ഥിതി | | സ |
| കു ശി | | | ച |
| ര ബു | ശു | - | ഗു മ |

| | | | |
|---|---|---|---|
| - | | ഗു മ | ബു ശി |
| | നവാംശകം | | ല ര ച |
| കു | | | - |
| സ | ശു | - | - |



# വൈവാഹികം

താഴെ കൊടുത്തിരിക്കുന്ന ബോക്സ് നമ്പരുകളിലേക്ക് ക്ഷത്രിയ യുവതി/യുവാക്കളുടെ രക്ഷകർത്താക്കളിൽ നിന്നും ജാതകക്കുറിപ്പ് സഹിതം വിവാഹാലോചനകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ വിശദമായ ബയോഡേറ്റയും ജാതകക്കുറിപ്പും സഹിതം **പത്രാധിപർ, 'ക്ഷാത്രസന്ദേശം' സുന്ദരവിലാസം പാലസ്സ്, കോട്ടയ്ക്കകം, തിരുവനന്തപുരം-695023 (ഫോൺ - 2467845)** എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഒന്നിൽ കൂടുതൽ ബോക്സ് നമ്പരുകളിലേക്ക് കത്തയക്കുന്നവർ ബയോഡേറ്റയുടെയും ജാതകക്കുറിപ്പിന്റെയും ആവശ്യമുള്ളത്ര കോപ്പികൾ അയച്ചിരിക്കണം.

## വധുവിനെ ആവശ്യമുണ്ട്

### BOX No. 373

Kshatriya boy 30 years, (27-4-1978), Moolam, 168 cm, B.Com, GNIIT, employed in a private sector Financial Institution in new Delhi. Parents of kshatriya/Samantha girls may contact with Bio-data & horoscope, Box No 373 or Phone 011-22753491, 9891897784

| | | | |
|---|---|---|---|
| ബു ശി | ര | ശു | ല ഗു മാ |
| - | ഗ്രഹനില | | കു |
| - | | | മ |
| ച | - | - | സ |

| | | | |
|---|---|---|---|
| - | മ സ മാ | ല | ച |
| ശു | നവാംശകം | | ര |
| ബു | | | - |
| ഗു | - | കു ശി | - |

ശിഷ്ട ദശ കേതു 3 വർഷം 1 മാസം 21 ദിവസം

### BOX No. 374

Kshatriya Youth 28 Yrs (18-02-1980) Pooruruttathi Star (165 cms) MCA, working with Bangalore based Mid-sized IT firm. Proposals invited from parents of eligible Kshatriya girls. Age group 22-24 preferred.

| | | | |
|---|---|---|---|
| ച ഭൃ ല | - | - | മാ |
| ര ബു ശി | ഗ്രഹസ്ഥിതി | | - |
| - | | | കു ഗു സ |
| - | - | - | മ |

| | | | |
|---|---|---|---|
| | ബു മാ | സ | - |
| ല | നവാംശകം | | ച ഗു |
| മ | | | കു |
| - | ര ഭൃ ശി | - | - |

3 വയസ്സും 4 മാസവും 24 ദിവസവും നില്ക്കും നക്ഷത്ര പക്ഷെ ഗുരുശിഷ്ടദശ

### BOX No. 375

ക്ഷത്രിയ യുവാവ് - 36 വയസ്സ് (18.3.1972 (1147 മീനം 5) ഭരണി നക്ഷത്രം. 165 സെ.മീ. ഉയരം. എറണാകുളത്ത് ഒരു സ്വകാര്യ സ്ഥാപനത്തിൽ സെയിൽസ് എക്സിക്യുട്ടീവ് ആയി ജോലി ചെയ്യുന്നു. ക്ഷത്രിയ യുവതികളുടെ രക്ഷിതാക്കളിൽ നിന്ന് ജാതകക്കുറിപ്പും ബയോഡാറ്റയും സഹിതം വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 0467 - 2282556, 9447374379 ബോക്സ് നം. 375

| | | | | | |
|---|---|---|---|---|---|
| മ സ | ര ബു മാ | ച ശു | കു മ | - | |
| | - | ഗ്രഹസ്ഥിതി 6.24 PM | | ശി | ഗു |
| കു ബു ല | സ | | | - | ശ |
| | ഗു | - | - | ല | ര ശു ശി |
| | | മാ | | | |

ശിഷ്ടം ശുക്രദശ 14 വർഷം 4 മാസം 0 ദിവസം

### BOX No. 376

ക്ഷത്രിയ യുവാവ് - 41 വയസ്സ്, രോഹിണി നക്ഷത്രം SSLC + ITI Electronics, 158 cms ഉയരം, തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ഒരു സ്വകാര്യസ്ഥാപനത്തിൽ മാനേജർ. ക്ഷത്രിയ,സമാന സംസ്ക്കാരമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിയ്ക്കുന്നു. ബോക്സ് നം. 376

| | | | |
|---|---|---|---|
| മ മാ | സ | ച | - |
| ല | ഗ്രഹസ്ഥിതി | | - |
| - | | | ഗു ശു |
| കു | - | ര ബു ശി | - |

| | | | |
|---|---|---|---|
| ബു | - | സ | ല ച കു ഗു |
| - | അംശകം | | - |
| - | | | - |
| - | ര ശി | ശു മ | മാ |

ജനനം 1143 തുലാം 5, 1967 ഒക്ടോബർ 22 ഞായർ ശിഷ്ടദശ: ജനനാൽ പരം 3 വയസ്സ് ശൂന്യമാസവും 13 ദിവസവും 30 നാഴികയും നില്ക്കേ നക്ഷത്ര പക്ഷത്തിൽ ഗർഭശിഷ്ട ചന്ദ്രദശ

## വരനെ ആവശ്യമുണ്ട്

### BOX No. 377

ക്ഷത്രിയ യുവതി 23 വയസ്സ് (9 - 3 - 1986/1161 കുംഭം 25) ചതയം നക്ഷത്രം B.com അച്ഛൻ എണ്ണക്കാട്ട് കൊട്ടാരം അംഗം. അമ്മ തിരുവണ്ണൂർ (സാമൂതിരി രാജവംശം) കോവിലകാംഗം. ഒരു സഹോദരി മാത്രം അനുയോജ്യരായ ക്ഷത്രിയ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. Box No. 377

| | | | |
|---|---|---|---|
| ബു ശു | സ | - | - |
| ര ഗു ച | ഗ്രഹസ്ഥിതി | | - |
| - | | | - |
| - | ലഗ്നം കു മ | ശി മ | |

| | | | |
|---|---|---|---|
| - | - | ര മാ | സ |
| ച കു | നവാംശകം | | - |
| ഗു ലഗ്നം | | | - |
| ശി | മ | - | ബു ശു |

1992 മേയ് 8 വരെ ഗർഭശിഷ്ടം രാഹു

*വൈവാഹികം-ശേഷം പേജ് 36-ൽ കാണുക*

# വിവാഹമംഗളാശംസകൾ



ചാലക്കുടി കൃഷ്ണാലയത്തിൽ ഉദയവർമ്മ-മാലതിവർമ്മ ദമ്പതികളുടെ മകൻ രഘുരാമവർമ്മയും ഇടപ്പള്ളി ഗായത്രിയിൽ ദിലീപ് വർമ്മ ശോഭവർമ്മ ദമ്പതികളുടെ മകൾ സപ്തമി വർമ്മയും തമ്മിലുള്ള വിവാഹം നവംബർ 23ന് പാലാരിവട്ടം പ്രണവം ആഡിറ്റോറിയത്തിൽ വച്ച് സമംഗളം നടന്നു



പാലക്കാട് ജില്ലയിൽ കോതചിറ കോതമംഗലത്തു മഠത്തിൽ പി.കെ. കൃഷ്ണവർമ്മയുടെയും കുറ്റിലഞ്ഞി തെക്കേമഠത്തിൽ ശൈലജാവർമ്മയുടെയും മകൾ പ്രിയദർശിനി വർമ്മയും തൃപ്പൂണിത്തുറ വൃന്ദാവനത്തിൽ (കോശ്ശേരിമഠം) നന്ദനവർമ്മയുടെയും രമാവർമ്മയുടെയും (മറിയപ്പള്ളി ലക്ഷ്മിവിലാസം കൊട്ടാരം) മകൻ പ്രശാന്ത് വർമ്മയും തമ്മിലുള്ള വിവാഹം നവംബർ 5ന് കുന്നംകുളം ലോട്ടസ് ഹാളിൽ വച്ച് സമംഗളം നടന്നു

**KSHATRA SANDESAM**

# കൈരളി ഗ്രൂപ്പ്

**ബ്രാഞ്ചുകൾ**

**"വരൂ നമുക്ക് ഒന്നിച്ച് വളരാം"**

October - December 2008
Quarterly News Magazine of Kshatriya Kshema Sabha
Annual Subscription Rs. 80/-
Single Copy Rs. 20/-

# വിശ്വസ്തതയുടെ ഒരു ദശാബ്ദകാലം

**H.O. കുളനട (P.O) പന്തളം, പത്തനംതിട്ട ജില്ല ഫോൺ: (04734) 329880**

## കൈരളി ക്യാപിറ്റൽ ചിറ്റ്സ് (പ്രൈ)ലിമിറ്റഡ്
## കൈരളി ക്യാപിറ്റൽ സർവീസസ്
## കൈരളി ഫുഡ്സ്
## ബിർള സൺലൈഫ് ഇൻഷ്വറൻസ്

| | | | | |
|---|---|---|---|---|
| തിരുവനന്തപുരം | : | ഫോൺ | : | 0471-3291327 |
| തിരുവല്ല | : | ,, | : | 0469-3256669 |
| എറണാകുളം | : | ,, | : | 0484-3204769 |
| തൃശൂർ | : | ,, | : | 0487-3292127 |
| തൃപ്പൂണിത്തുറ | : | ,, | : | 0484-3208096 |
| വൈക്കം | : | ,, | : | 04829-325602 |
| വെൺമണി | : | ,, | : | 0479-3296200 |
| കോട്ടയം | : | | : | |

Printed & Published by editorial board on behalf of Kshatriya Kshema Sabha, Sundaravilasom Palace, Thiruvananthapuram - 695023. Phone : 2467845, Editor : M. Ravivarma Raja
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone: 2471174